**പതിനാലാം കേരള നിയമസഭ**

# സ്ത്രീകളുടെയും ട്രാൻസ്ജെന്ററുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതി (2019-2021)

## പതിനാറാമത് റിപ്പോർട്ട്

(2021 ജനുവരി മാസം 12-ാം തീയതി സമർപ്പിച്ചത്)

**[2019 ജനുവരി മാസം 1 മുതൽ 2019 ഡിസംബർ 31 വരെ സമിതി പരിഗണിച്ച ഹർജികൾ സംബന്ധിച്ച് ]**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2021

പതിനാലാം കേരള നിയമസഭ

# സ്ത്രീകളുടെയും ട്രാൻസ്ജെന്ററുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതി (2019-2021)

## പതിനാറാമത് റിപ്പോർട്ട്

(2021 ജനുവരി മാസം 12-ാം തീയതി സമർപ്പിച്ചത്)

**[2019 ജനുവരി 1 മുതൽ 2019 ഡിസംബർ 31 വരെ സമിതി പരിഗണിച്ച ഹർജികൾ സംബന്ധിച്ച് ]**

419/2021.

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| ആമുഖം | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം : I | | |
| സർക്കാർ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടപടികൾ അവസാനിപ്പിച്ച ഹർജികൾ സംബന്ധിച്ച സ്റ്റേറ്റ്മെന്റ് | .. | 33 |
| അനുബന്ധം : II | | |
| സർക്കാരിൽ നിന്ന് അന്തിമ റിപ്പോർട്ട് ലഭ്യമാക്കാത്തതിനാൽ നടപടി തുടരുന്ന ഫയലുകളുടെ ലിസ്റ്റ് | .. | 62 |

## സമിതിയുടെ ഘടന

<u>അദ്ധ്യക്ഷ:</u>

ശ്രീമതി പി. അയിഷാ പോറ്റി.

<u>അംഗങ്ങൾ</u> :

ശ്രീ. അബ്ദുൽ ഹമീദ് പി.

ശ്രീമതി സി. കെ. ആശ

ശ്രീ. വി. ടി. ബൽറാം

ഡോ. എൻ. ജയരാജ്

ശ്രീമതി യു. പ്രതിഭ

ശ്രീ. സജി ചെറിയാൻ

ശ്രീമതി വീണാ ജോർജ്ജ്

ശ്രീ. ഇ. കെ. വിജയൻ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ, സെക്രട്ടറി

ശ്രീ. ഷാനവാസ് പി. പി., ജോയിന്റ് സെക്രട്ടറി

ശ്രീ. റ്റി. എസ്. പ്രേമാനന്ദ്, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി ഷീബാ വർഗീസ്, അണ്ടർ സെക്രട്ടറി

ശ്രീ. പി. ആർ. മുരളീധരൻ, അണ്ടർ സെക്രട്ടറി.

# ആമുഖം

സ്ത്രീകളുടെയും ട്രാൻസ്ജെന്റുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതി അദ്ധ്യക്ഷയായ ഞാൻ, സമിതി അധികാരപ്പെടുത്തിയതനുസരിച്ച് സമിതിയുടെ പതിനാറാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

പതിനാലാം കേരള നിയമസഭയുടെ സ്ത്രീകളുടെയും ട്രാൻസ്ജെന്റുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതി (2016-2019), 2016 ജൂലൈ 25-ാം തീയതി രൂപീകൃതമാകുകയും 2019 ജനുവരി 25-ാം തീയതി ഘടനയിൽ മാറ്റമില്ലാതെ സമിതി (2019-2021) ആയി പുനഃസംഘടിപ്പിക്കുകയും ചെയ്തു. 2019 ജനുവരി മുതൽ ഡിസംബർ 31 വരെയുള്ള റിപ്പോർട്ട് കാലയളവിൽ സമിതി 20 യോഗങ്ങൾ ചേരുകയുണ്ടായി. ഇവയിൽ 15 യോഗങ്ങൾ സമിതിക്ക് ലഭിച്ച പരാതികളും സർക്കാരിൽ നിന്നും ലഭിച്ച റിപ്പോർട്ടുകളും പരിഗണിക്കുന്നതിനും 2 യോഗങ്ങൾ വിവിധ പരാതികളിന്മേൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും തെളിവെടുക്കുന്നതിനും 3 യോഗങ്ങൾ സമിതിയുടെ റിപ്പോർട്ടുകൾ പരിഗണിക്കുന്നതുമായി ബന്ധപ്പെട്ടവയുമായിരുന്നു. 2019 ജനുവരി 1 മുതൽ 2019 ഡിസംബർ 31 വരെയുള്ള കാലയളവിൽ സമിതി പരിഗണിച്ച ഹർജി വിഷയങ്ങളുടെയും അവ സംബന്ധിച്ച് സർക്കാരിൽ നിന്ന് ലഭിച്ച റിപ്പോർട്ടുകളുടെയും അടിസ്ഥാനത്തിൽ ഉരുത്തിരിഞ്ഞ നിർദ്ദേശങ്ങളും ശിപാർശകളും ഉൾക്കൊള്ളിച്ചുകൊണ്ട് തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

2020 ഒക്ടോബർ 27-ാം തീയതി ചേർന്ന സമിതി യോഗത്തിൽ ഈ റിപ്പോർട്ട് അംഗീകരിച്ചു.

**പി. അയിഷാ പോറ്റി,**
*അദ്ധ്യക്ഷ,*
*സ്ത്രീകളുടെയും ട്രാൻസ്ജെന്റുകളുടെയും*
*കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും*
*ക്ഷേമം സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2021 ജനുവരി 12.

# റിപ്പോർട്ട്

സ്ത്രീകളുടെ അന്തസ്സും അഭിമാനവും സംരക്ഷിക്കപ്പെടേണ്ടത് ഒരു പരിഷ്കൃത ജനാധിപത്യ സമൂഹത്തിൽ അനിവാര്യമാണ്. "യത്ര നാര്യസ്തു പൂജ്യന്തേ- രമന്തേ തത്ര ദേവതാ" (എവിടെ സ്ത്രീകൾ ബഹുമാനിക്കപ്പെടുന്നുവോ അവിടെ ദേവന്മാർ വസിക്കുന്നു.) എന്ന് മനുസ്മൃതി ശ്ലോകം ഇവിടെ പരാമർശിക്കാവുന്നതാണ്. മനുഷ്യ പുരോഗതിക്കായി നാം ഉപയോഗപ്പെടുത്തുന്ന നൂതന സാങ്കേതിക വിദ്യകൾതന്നെ സ്ത്രീകളെയും കുട്ടികളെയും ചൂഷണം ചെയ്യുന്നതിനായി ദുരുപയോഗം ചെയ്യപ്പെടുന്നു എന്നത് ഏറെ ശ്രദ്ധ അർഹിക്കുന്ന വസ്തുതയാണ്. പൊതുസ്ഥലങ്ങളിൽ സ്ത്രീകൾ അനുഭവിക്കുന്ന പീഡനങ്ങൾക്ക് പുറമെയാണ് അവരുടെ സ്വകാര്യത ലംഘിക്കുന്ന ഇത്തരം അതിക്രമങ്ങൾ. പെൺകുട്ടികളുടെ കൂട്ട ആത്മഹത്യയും മൊബൈൽ ഫോണിലൂടെയും ഇന്റർനെറ്റിലൂടെയുമുള്ള അപവാദ ഫോട്ടോ പ്രചാരണത്തിലൂടെ തകർന്ന മറ്റനേകം സ്ത്രീകളുടെ കഥകളും സംസ്ഥാനത്തെ ഞെട്ടിച്ച സംഭവങ്ങളാണ്. സ്ത്രീകളുടെ ചിത്രങ്ങൾ ഉപയോഗിച്ച് അവരെ ബ്ലാക്ക് മെയിൽ ചെയ്തു വീണ്ടും അവരുടെ മാനവും പണവും കവരുന്നവർ സമൂഹത്തിൽ മാന്യന്മാരായി ചമയുന്നതും സർവ്വസാധാരണമായിരിക്കുന്നു. ഇന്ത്യൻ പീനൽകോഡ്, കേരള പോലീസ് ആക്ട്, IT ആക്ട് എന്നിവയിലെ വിവിധ വകുപ്പുകൾ പ്രകാരമാണ് സ്ത്രീകൾക്കെതിരായുള്ള ഇത്തരം അതിക്രമങ്ങളെ നാം പ്രധാനമായും നേരിടുന്നത്. ജില്ലാ സൈബർ സെല്ലുകളിലും സംസ്ഥാന സൈബർ സെല്ലുകളിലുമെല്ലാം സ്ത്രീകളുടെ ഇത്തരത്തിലുള്ള നൂറുകണക്കിന് പരാതികൾ ലഭിക്കുന്നുണ്ട്. ഭയവും നാണക്കേടുംമൂലം ചിലപ്പോൾ രക്ഷിതാക്കളോട് പോലും വിവരങ്ങൾ തുറന്നുപറയാൻ പെൺകുട്ടികൾ മടിക്കുന്നു. കേസ്സുകൾ തീർപ്പാക്കാൻ ഉണ്ടായേക്കാവുന്ന കാലതാമസം, അനുബന്ധിച്ചുള്ള ക്ലേശങ്ങൾ, നിയമത്തിന്റെ നൂലാമാലകൾ/ പ്രതികൾക്ക് രക്ഷപ്പെടാനുള്ള പഴുതുകൾ എന്നിവമൂലം പലരും കേസ്സുമായി മുന്നോട്ടു പോകാൻ തയ്യാറാകുന്നില്ല.

2) നമ്മുടെ സമൂഹത്തിന് സ്ത്രീ സുരക്ഷ ഉറപ്പുവരുത്താൻ കഴിയണം. നിയമ പരിരക്ഷയില്ലാത്ത സമൂഹത്തിൽ സ്ത്രീ സുരക്ഷിതയാവില്ല. നമ്മുടെ രാജ്യത്ത് സ്ത്രീസുരക്ഷ ഉറപ്പുവരുത്തുന്ന പല നിയമങ്ങളും നിലവിലുണ്ട്. സ്ത്രീകളുടെ അവകാശ സംരക്ഷണത്തിന് നിയമനിർമ്മാണം നടത്താനുള്ള അധികാരം നമ്മുടെ ഭരണഘടന, ഭരണകൂടത്തിന് നൽകിയിട്ടുണ്ട്. നിയമപരമായി തന്റെ രാജ്യം തനിക്ക് തരുന്ന അവകാശങ്ങളെയും ആനുകൂല്യങ്ങളേയും പറ്റി ഓരോ സ്ത്രീയും അറിഞ്ഞിരിക്കേണ്ടത് അനിവാര്യമാണ്. ഇത്തരത്തിൽ ഒരു അവബോധമുണ്ടായാൽ മാത്രമേ ചൂഷണത്തിൽ നിന്നും മോചിതരായി ശാക്തീകരണാവകാശങ്ങളിലേക്ക് പറക്കാൻ സ്ത്രീകൾക്ക് സാധിക്കുകയുള്ളൂ.

3) വർത്തമാനകാല ഇന്ത്യയിൽ സ്ത്രീകളുടെ പൗരാവകാശങ്ങൾ ലംഘിക്കപ്പെടുന്നതിന്റെ വ്യക്തമായ സൂചനകളാണ് സ്ത്രീകളും പെൺകുട്ടികളും അവരുടെ ജീവിതത്തിൽ ഉടനീളം അനുഭവിക്കുന്ന വ്യത്യസ്ത രൂപങ്ങളിലുള്ള അതിക്രമങ്ങൾ. വീടിനുള്ളിൽ, തൊഴിലിടങ്ങളിൽ, വിദ്യാലയങ്ങളിൽ, പൊതുസ്ഥലങ്ങളിൽ എല്ലാം അവൾ പ്രത്യക്ഷമായും പരോക്ഷമായും ആക്രമിക്കപ്പെടുന്നു. സദാചാരഗുണ്ടായിസവും അതിക്രമങ്ങളുടെ പട്ടികയിൽപ്പെടുത്തേണ്ടതാണ്.

4) ജവഹർലാൽ നെഹ്റുവിന്റെ വാക്കുകളിൽ "ഏതൊരു രാജ്യത്തിന്റെയും ഭാവിയാണ് കുട്ടികൾ. ഇന്നത്തെ കുട്ടികൾ നാളത്തെ രാഷ്ട്രനിർമ്മാതാക്കളാണ്." കുട്ടികളുടെ സമഗ്ര വികസനത്തിനായി ഇന്നു നടത്തുന്ന പദ്ധതികളിലൂടെ നാളത്തെ രാഷ്ട്ര പുരോഗതിക്കുള്ള അടിത്തറ ഉറപ്പിക്കുകയാണ് ചെയ്യുന്നത്. രാജ്യത്തെ ഓരോ കുട്ടിക്കും സുരക്ഷിതമായ ബാല്യം നൽകുക എന്നത് രാജ്യത്തിന്റെ കടമയാണ്. 1989-ൽ ഐക്യരാഷ്ട്രസഭ രൂപീകരിച്ച കുട്ടികളുടെ അവകാശ ഉടമ്പടിയിൽ 18 വയസ്സിന് താഴെയുള്ള എല്ലാ മനുഷ്യരെയും കുട്ടികളായിട്ടാണ് നിർവ്വചിച്ചിരിക്കുന്നത്. സുരക്ഷിത ബാല്യത്തിന് ഓരോ രാജ്യവും ഉറപ്പുവരുത്തേണ്ട അവകാശങ്ങളെക്കുറിച്ച് കുട്ടികളുടെ സാർവ്വലൗകിക അവകാശ ഉടമ്പടി വ്യക്തമാക്കുന്നു. പ്രധാനമായും നാല് അവകാശങ്ങളാണവ. 1. അതിജീവനം (SURVIVAL) 2. ഉന്നമനം (DEVOLOPMENT) 3. സംരക്ഷണം (PROTECTION) 4. പങ്കാളിത്തം (PARTICIPATION). 1992-ൽ ഭാരതം ഈ ഉടമ്പടി അംഗീകരിച്ചതിനാൽത്തന്നെ നമ്മുടെ രാജ്യത്തിലെ കുട്ടികൾക്ക് ഈ അവകാശങ്ങൾ ലഭ്യമാക്കാൻ രാജ്യം പ്രതിജ്ഞാബദ്ധമാണ്.

5) കൗമാരക്കാരുടെ ശാരീരിക, ലൈംഗിക, മാനസികാരോഗ്യം മുൻനിർത്തി സ്കൂളുകളുടെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുകയും സ്ത്രീ സൗഹാർദ്ദപരമായ സംവിധാനം ഏർപ്പെടുത്തുകയും ചെയ്യേണ്ടത് അടിയന്തിരാവശ്യമാണ്. ശുചിയായ ടോയ്‌ലെറ്റുകൾ, സാനിട്ടറി നാപ്കിൻ നശിപ്പിക്കുന്നതിനുള്ള സംവിധാനം, ശുദ്ധമായ കുടിവെള്ളം, സുരക്ഷിതമായ വിശ്രമമുറി തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളുടെ അഭാവം പല സ്കൂളുകളും നേരിടുന്നു. പെൺകുട്ടികളുടെ ആരോഗ്യത്തെ പ്രതികൂലമായി ബാധിക്കുന്ന പ്രധാന ഘടകങ്ങളിലൊന്നായി അടിസ്ഥാന സൗകര്യത്തിന്റെ കുറവ് ഇന്ന് തിരിച്ചറിയപ്പെട്ടിട്ടുണ്ട്.

6) ശാരീരികവും മാനസികവുമായ പ്രക്രിയകളുടെ സാധാരണ രീതിയിലുള്ള പ്രവർത്തനത്തിന്റെ അഭാവമാണ് ഭിന്നശേഷി എന്നതുകൊണ്ട് വിശദീകരിക്കുന്നത്. ഇതിനെ ഗ്രഹണശേഷിയില്ലുള്ള പ്രയാസങ്ങളായും വ്യക്തിയുടെ സാധാരണ രീതിയിലുള്ള വളർച്ചയ്ക്കും വികാസത്തിനുമുള്ള തടസ്സങ്ങളായും വ്യാഖ്യാനിക്കുന്നു. എന്നാൽ ഇത്തരം വ്യക്തികൾ മേന്മയുള്ളതും ഗുണകരമായതുമായ അടിസ്ഥാന /ഉയർന്ന വിദ്യാഭ്യാസം പ്രാപ്തമാക്കാൻ പ്രയാസമനുഭവിക്കുന്നു. ആൽബർട്ട് ഐൻസ്റ്റീൻ, ബിഥോവൻ, ഹെലൻകെല്ലർ തുടങ്ങിയ ഭിന്നശേഷിക്കാരായ പല മഹത് വ്യക്തികളും ലോകത്തിന് നൽകിയ സംഭാവനകൾ അവിസ്മരണീയമാണ്. ഇനിയും ധാരാളം ആളുകൾക്ക് ഇതുപോലുള്ള സംഭാവനകൾ

നൽകാൻ സാധിക്കുമെന്നത് പ്രാധാന്യമർഹിക്കുന്ന കാര്യമാണ്. പ്രൊഫ. സ്റ്റീഫൻ ഹോക്കിൻസിന്റെ വാക്കുകളിൽ "ഭിന്നശേഷിക്കാർ ശാരീരികവും സാമ്പത്തികവും സമീപനരീതികളിലും അനവധി പ്രതിബന്ധങ്ങളെ നേരിടേണ്ടിവരുന്നതിനാൽ ദുരിതമനുഭവിക്കുന്നവരാണ്. ഇത്തരം പ്രതിബന്ധങ്ങളെ തരണം ചെയ്യുന്നതിന് അവരെ പ്രാപ്തരാക്കേണ്ടത് നമ്മുടെ ധാർമ്മിക ചുമതല കൂടിയാണ്". ഇത്തരം പ്രതിബന്ധങ്ങളെ ഇല്ലാതാക്കുന്നതിലൂടെ ഇത്തരക്കാരുടെ കഴിവുകൾ ലോകത്തിന് ധാരാളം സംഭാവനകൾ നൽകാൻ കഴിയുമെന്നത് പ്രാധാന്യമർഹിക്കുന്നതാണ്. ഭിന്നശേഷിക്കാരെ വെറുതെയൊരു ക്ഷേമ പ്രിസത്തിൽ കൂടി നോക്കിക്കാണാതെ അവർക്കായുള്ള പ്രവർത്തനങ്ങൾ അവകാശാടിസ്ഥാനത്തിലും വികസനോന്മുഖമായും തിരിച്ചറിയേണ്ടതുണ്ട്. വിവിധ വകുപ്പുകളുടെ നേതൃത്വത്തിൽ ഇതുമായി ബന്ധപ്പെട്ട ഒട്ടേറെ പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുന്നുവെന്നത് ഇവിടെ സ്മരണീയമാണ്. നിഷ്ക്രിയരായ ഗുണഭോക്താക്കൾ എന്നതിലുപരി വികസനരംഗത്ത് തുല്യപങ്ക് വഹിക്കുന്നവരും സമൂഹത്തിന് വേണ്ട സംഭാവന ചെയ്യുന്നവരുമായി അംഗപരിമിതിരെ പരിഗണിക്കേണ്ടിയിരിക്കുന്നു.

7) നമുക്കിടയിൽ പുതുതായി വന്നു ചേർന്നവരല്ല ട്രാൻസ്ജെന്ററുകൾ. മനുഷ്യനുണ്ടായ കാലം മുതൽ ട്രാൻസ്ജെന്ററുകൾ ഉണ്ട്. സ്ത്രീ സ്ത്രീയായിരിക്കുന്നതുപോലെ, പുരുഷൻ പുരുഷനായിരിക്കുന്നതുപോലെ വളരെ സ്വാഭാവികമാണ് ട്രാൻസ്ജെന്ററുകൾ ട്രാൻസ്ജെന്ററുകളായിരിക്കുന്നത്. നമ്മൾ കണ്ണടച്ച് അവരെ ഇരുട്ടിൽ നിർത്തുകയായിരുന്നു. ട്രാൻസ്ജെന്റർ എന്ത് കൊണ്ട് സാമൂഹ്യപരമായി പുറന്തള്ളപ്പെടുന്നു എന്നതിന്റെ വിശദീകരണം അവരുടെ ജൈവശാസ്ത്രപരമായ ഭിന്നതയിൽ അധിഷ്ഠിതമായിരിക്കുന്നു. കേരളത്തിൽ സാമൂഹിക ഭ്രഷ്ട് അനുഭവിക്കുന്ന ഇക്കൂട്ടർ എണ്ണത്തിൽ പരിമിതമാണെങ്കിലും ഒരു പൗരനെന്ന നിലയിൽ അവർക്ക് ലഭിക്കേണ്ട അവകാശങ്ങളും ആനുകൂല്യങ്ങളും ലഭ്യമാക്കേണ്ടത് അനിവാര്യമാണ്. ഇന്ത്യൻ സംസ്ഥാനങ്ങൾക്കിടയിൽ ട്രാൻസ്ജെന്ററുകളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിൽ കേരളം മുൻപന്തിയിലാണ്. 2015-ൽ ട്രാൻസ്ജെന്റർ നയം പ്രഖ്യാപിച്ച ഇൻഡ്യയിലെ ആദ്യത്തെ സംസ്ഥാനമാണ് കേരളം. ട്രാൻസ്ജെന്റർ നേരിടുന്ന വിവേചനവും പീഡനവും സാമൂഹികവും സാമ്പത്തിക രാഷ്ട്രീയ മേഖലകളിൽ നിന്നുള്ള അകറ്റി നിർത്തലും ഇല്ലാതാക്കി അവരുടെ അവകാശങ്ങൾ സംരക്ഷിക്കുക എന്ന ലക്ഷ്യത്തോടെയാണ് ട്രാൻസ്ജെന്റർ നയം രൂപീകരിച്ചിട്ടുള്ളത്. കേരളത്തിലെ വികസന ഇടപെടലുകളിൽ ട്രാൻസ്ജെന്റർ പങ്കാളിത്തം ഉറപ്പുവരുത്താനുള്ള ഒരു നയമാണിത്. കൂടാതെ 2014-ലെ സുപ്രീംകോടതി വിധിക്ക് അനുസൃതമായി ഒരു വ്യക്തിയെ ട്രാൻസ്ജെന്ററായി സ്വയം തിരിച്ചറിയാൻ നയം അനുവദിക്കുന്നുമുണ്ട്. തിരിച്ചറിയൽ കാർഡുകൾ നൽകാനും ജില്ലാതല ട്രാൻസ്ജെന്റർ ബോർഡുകൾ സ്ഥാപിക്കാനും വിദ്യാഭ്യാസം, ആരോഗ്യം, സർക്കാർ നിയമനങ്ങൾ എന്നിവയിൽ സംവരണം നൽകാനും ഈ നയം ശിപാർശ ചെയ്യുന്നു. സാമൂഹ്യനീതി വകുപ്പ് ട്രാൻസ്ജെന്ററുകളെക്കുറിച്ച്

നടത്തിയ സർവ്വേയിൽ ക്ഷേമവും അന്തസ്സും നിറഞ്ഞ ജീവിതത്തിന് ആവശ്യമായ അടിസ്ഥാന കഴിവുകൾ പോലും നേടാൻ അവർക്ക് കഴിയുന്നില്ലെന്ന് വെളിപ്പെടുത്തുന്നുണ്ട്. ആയതിനാൽ ട്രാൻസ്ജെന്ററുകൾക്കായുള്ള പ്രവർത്തനങ്ങൾ കേവലം സാമ്പത്തിക നടപടികളിൽ മാത്രമായി പരിമിതപ്പെടുത്താൻ കഴിയില്ല. ട്രാൻസ്ജെന്ററുകളെ മുഖ്യധാരയിൽ എത്തിക്കുകയും അതേസമയം, പൊതുസമൂഹത്തെ ട്രാൻസ്ജെന്ററുകളുമായി ബന്ധിപ്പിക്കുകയും ചെയ്യുക എന്ന ദൗത്യത്തിലൂടെ മാത്രമേ സമഗ്രമായ മാറ്റം സാധ്യമാകുകയുള്ളൂ.

8) സ്ത്രീകളുടെയും കുട്ടികളുടെയും ക്ഷേമം ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടുകൂടി 1992 ജൂലൈ 27-ാം തീയതി കേരള നിയമസഭയുടെ സ്ത്രീകളുടെയും കുട്ടികളുടെയും ക്ഷേമം സംബന്ധിച്ച സമിതി രൂപീകൃതമായി. 1999 ആഗസ്റ്റ് 3-ലെ ഗസറ്റ് വിജ്ഞാപന പ്രകാരം വികലാംഗരുടെ ക്ഷേമവും കൂടി സമിതിയുടെ അധികാരപരിധിയിൽ ഉൾപ്പെടുത്തി. 2018 ജൂൺ 24-ാം തീയതിയിലെ വിജ്ഞാപന പ്രകാരം ട്രാൻസ്ജെന്ററുകളുമായി ബന്ധപ്പെട്ട വിഷയം കൂടി സമിതിയുടെ അധികാര പരിധിയിൽ ഉൾപ്പെടുത്തി സമിതിയുടെ പേര് 'സ്ത്രീകളുടെയും ട്രാൻസ്ജെന്ററുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതി' എന്ന് പുനർനാമകരണം ചെയ്യുകയുണ്ടായി.

9) സംസ്ഥാനത്ത് സ്ത്രീകളും ട്രാൻസ്ജെന്ററുകളും കുട്ടികളും ഭിന്നശേഷിക്കാരും അനുഭവിക്കുന്ന പീഡനവും ചൂഷണവും സംബന്ധിച്ച് സമിതിക്ക് ലഭിക്കുന്ന പരാതികൾ പരിഗണിച്ച് പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിക്കുക, പ്രസ്തുത വിഭാഗങ്ങളുടെ ക്ഷേമവും ഉന്നമനവും ലക്ഷ്യമാക്കി സർക്കാർ നടപ്പാക്കി വരുന്ന വിവിധ ക്ഷേമപദ്ധതികളുടെ പ്രയോജനം അർഹരായവർക്ക് ലഭിക്കുന്നുണ്ടോയെന്ന് പരിശോധിക്കുക, അനാഥരായ സ്ത്രീകൾ, കുട്ടികൾ, അവിവാഹിതരായ അമ്മമാർ, ട്രാൻസ്ജെന്ററുകൾ, ഭിന്നശേഷിക്കാർ എന്നിവരുടെ സംരക്ഷണവും ക്ഷേമവും ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ സന്ദർശിച്ച് അവയുടെ പ്രവർത്തനം വിലയിരുത്തി എന്തെങ്കിലും പോരായ്മകളും വീഴ്ചകളും ഉണ്ടെങ്കിൽ അവ ബന്ധപ്പെട്ടവരുടെ ശ്രദ്ധയിൽപ്പെടുത്തി പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങളും ശിപാർശകളും സർക്കാരിന് സമർപ്പിക്കുകയും ചെയ്യുക, സ്ത്രീകളിലും കുട്ടികളിലുമുള്ള ലഹരി പദാർത്ഥങ്ങളുടെ ഉപയോഗം സംബന്ധിച്ച് പരിഹാരമാർഗ്ഗം നിർദ്ദേശിക്കുക തുടങ്ങിയവ സമിതിയുടെ പ്രവർത്തനങ്ങളിൽപ്പെടുന്നു. ഇതുകൂടാതെ, സ്ത്രീകൾ, കുട്ടികൾ, ഭിന്നശേഷിക്കാർ എന്നിവരുടെ പ്രശ്നങ്ങൾ സംബന്ധിച്ച് പത്ര ദൃശ്യ മാധ്യമങ്ങളിൽ വരുന്ന വാർത്തകളുടെ അടിസ്ഥാനത്തിലും സമിതി സ്വമേധയാ പരാതികൾ സ്വീകരിക്കാറുണ്ട്. സ്ത്രീകൾക്കും ട്രാൻസ്ജെന്ററുകൾക്കും കുട്ടികൾക്കും ഭിന്നശേഷിക്കാർക്കും എതിരെയുള്ള ചൂഷണം സംബന്ധിച്ച് സഭയിലെ ചർച്ചകളിൽ നിന്ന് ഉരുത്തിരിയുന്ന സംഗതികളും സമിതി പഠന വിഷയമാക്കാറുണ്ട്. സർക്കാർ റിപ്പോർട്ടുകളുടെ പരിഗണനയ്ക്കുശേഷം സമിതി കൈക്കൊള്ളുന്ന തീരുമാനങ്ങളും ശിപാർശകളും ബന്ധപ്പെട്ട വകുപ്പുകളെ അറിയിച്ച് നടപടി ആവശ്യപ്പെടുന്നതുകൂടാതെ

സമിതി പരിഗണിച്ച ഹർജികളെ സംബന്ധിച്ച ജനറൽ റിപ്പോർട്ടും പൊതുപ്രാധാന്യമുള്ള വിഷയങ്ങൾക്ക് പ്രത്യേകം പരിഗണന നൽകി വിശദമായ പഠനം നടത്തി തയ്യാറാക്കുന്ന സ്പെഷ്യൽ റിപ്പോർട്ടുകളും സമിതി നിയമസഭയിൽ സമർപ്പിക്കാറുണ്ട്. ഓരോ നിയമസഭയുടെ കാലയളവിലും രൂപീകരിക്കപ്പെടുന്ന സമിതികൾ പ്രസ്തുത കർത്തവ്യങ്ങൾ സ്തുത്യർഹമായ രീതിയിൽ നിർവ്വഹിച്ചുവരികയും ചെയ്യുന്നു.

10) ബഹു. സ്പീക്കർ നാമനിർദ്ദേശം ചെയ്യുന്നതും സമിതി ചെയർമാൻ ഉൾപ്പെടെ ഒൻപത് അംഗങ്ങൾ അടങ്ങുന്നതുമായ സമിതി പ്രതിമാസം മൂന്ന് യോഗങ്ങൾ ചേരുന്നു. സമിതിയുടെ സന്ദർശന വേളയിലും മറ്റും നേരിട്ട് ലഭിക്കുന്ന പരാതികളും തപാൽ മുഖേന ലഭിക്കുന്ന പരാതികളും പരിശോധിച്ച ശേഷം സമിതിയുടെ അധികാര പരിധിയിൽ വരുന്ന വിഷയങ്ങൾ സംബന്ധിച്ച പരാതികൾ റിപ്പോർട്ടിനായി ബന്ധപ്പെട്ട വകുപ്പുകളിലേക്ക് അയയ്ക്കുകയും, പരാതിവിഷയം സംബന്ധിച്ച് സർക്കാരിൽ നിന്നും ലഭിക്കുന്ന റിപ്പോർട്ട് സമിതി പരിശോധിച്ച് തൃപ്തികരമായവ പരാതിക്കാരെ അറിയിക്കുകയും റിപ്പോർട്ട് തൃപ്തികരമല്ലാത്ത പക്ഷം അധികവിവരം ആരായുകയോ സ്ഥല സന്ദർശനം നടത്തുകയോ, ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറിമാർ ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥരിൽ നിന്നും തെളിവെടുപ്പ് സഹിതമുള്ള തുടർനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. വിവിധ ജില്ലകളിൽ നിന്ന് ലഭിക്കുന്ന പരാതികളിന്മേൽ ജില്ലാതല ഉദ്യോഗസ്ഥരിൽ നിന്നും കൂടുതൽ വിവരങ്ങൾ ആരായുന്നതിനും പൊതുജനങ്ങളിൽ നിന്നും സംഘടനകളിൽ നിന്നും നേരിട്ട് പരാതികൾ സ്വീകരിക്കുന്നതിനുമായി ജില്ലാ ആസ്ഥാനങ്ങളിൽ വച്ച് സമിതി യോഗം ചേരുകയും ജില്ലാതല ഉദ്യോഗസ്ഥരിൽ നിന്നും തെളിവെടുപ്പ് നടത്തുകയും തെളിവ് ശേഖരിക്കുന്നതിന്റെ ഭാഗമായി ബന്ധപ്പെട്ട സ്ഥലങ്ങൾ, സ്ഥാപനങ്ങൾ തുടങ്ങിയവ സന്ദർശിക്കുകയും ചെയ്തു വരുന്നു. ജില്ലാ കളക്ടറുടെയും വകുപ്പുതലങ്ങളിൽ ജില്ലയിലെ ഉയർന്ന ഉദ്യോഗസ്ഥരുടെയും സാന്നിദ്ധ്യത്തിൽ ഹർജിക്കാർക്ക് അവരുടെ പരാതികൾ നേരിട്ട് ബോദ്ധ്യപ്പെടുത്തുന്നതിനും യോഗത്തിൽ വച്ച് തന്നെ പരിഹാരം കണ്ടെത്തുന്നതിനും സാധിക്കുന്നു എന്നത് സമിതിയുടെ ജില്ലാതല യോഗങ്ങളുടെ പ്രസക്തി വർദ്ധിപ്പിക്കുന്നു.

11) സർക്കാരിന്റെ വിവിധ വകുപ്പുകളിൽ നിന്നും അർഹതപ്പെട്ട നീതി ലഭിക്കാതെ നിരസിച്ച അപേക്ഷകൾ, പെൻഷൻ ആനുകൂല്യങ്ങൾ, ചികിത്സാ ചെലവ് എന്നിവ ലഭിക്കുന്നതിനു വരുന്ന നീതീകരിക്കാനാകാത്ത കാലതാമസം, സ്ത്രീധനത്തിന്റെ പേരിലുള്ള ഗാർഹിക പീഡനം, ഭിന്നശേഷിക്കാരുടെ വിവിധ ആവശ്യങ്ങൾ സംബന്ധിച്ച പരാതികൾ, എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി താൽക്കാലിക നിയമനം ലഭിച്ച ഭിന്നശേഷിക്കാരുടെ സ്ഥിരനിയമനം, അധികാര ദുർവിനിയോഗം, നീതി നിഷേധിക്കൽ, കേസന്വേഷണത്തിൽ പോലീസിന്റെ ഭാഗത്തുനിന്നുണ്ടാകുന്ന വീഴ്ചകൾ, ചൂഷണങ്ങൾ തുടങ്ങി വിവിധങ്ങളായ വിഷയങ്ങൾ സമിതി മുമ്പാകെ എത്തുന്ന പരാതികളിൽ ഉൾപ്പെടുന്നു.

12) 14-ാം കേരള നിയമസഭയുടെ സ്ത്രീകളുടെയും ട്രാൻസ്ജെൻഡറുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതി (2016-2019), 2016 ജൂലൈ 25-ാം തീയതി രൂപീകൃതമാകുകയും 2019 ജനുവരി 25-ാം തീയതി ഘടനയിൽ മാറ്റമില്ലാതെ സമിതി (2019-2021) ആയി പുനഃസംഘടിപ്പിക്കുകയും ചെയ്തു. 2019 ജനുവരി മുതൽ ഡിസംബർ 31 വരെയുള്ള റിപ്പോർട്ട് കാലയളവിൽ സമിതി 20 യോഗങ്ങൾ ചേരുകയുണ്ടായി. ഇവയിൽ 15 യോഗങ്ങൾ സമിതിക്ക് ലഭിച്ച പരാതികളും സർക്കാരിൽ നിന്നും ലഭിച്ച റിപ്പോർട്ടുകളും പരിഗണിക്കുന്നതിനും 2 യോഗങ്ങൾ വിവിധ പരാതികളിന്മേൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും തെളിവെടുക്കുന്നതിനും 3 യോഗങ്ങൾ സമിതിയുടെ റിപ്പോർട്ടുകൾ പരിഗണിക്കുന്നതുമായി ബന്ധപ്പെട്ടവയുമായിരുന്നു.

13) റിപ്പോർട്ട് കാലയളവിൽ സമിതി താഴെപ്പറയുന്ന 3 റിപ്പോർട്ടുകൾ സഭയിൽ സമർപ്പിക്കുകയുണ്ടായി.

1. ജനറൽ റിപ്പോർട്ട് (2018 ജനുവരി 1 മുതൽ ഡിസംബർ 31 വരെ സമിതി പരിഗണിച്ച വിഷയങ്ങൾ സംബന്ധിച്ച്).

2. സമിതി (2008-11) യുടെ എട്ടാമത് റിപ്പോർട്ടിന്മേലുള്ള [കണ്ണൂർ ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കന്ററി (സ്പോർട്സ്) സ്കൂളിനെ സംബന്ധിച്ച്] ആക്ഷൻ ടേക്കൺ റിപ്പോർട്ട്.

3. സമിതി (2011-14) യുടെ രണ്ടാമത് റിപ്പോർട്ടിന്മേലുള്ള (കൊല്ലം വിക്ടോറിയ ആശുപത്രിയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നത് സംബന്ധിച്ച റിപ്പോർട്ട്) ആക്ഷൻ ടേക്കൺ റിപ്പോർട്ട്.

14) സമിതിയുടെ തെളിവെടുപ്പുയോഗങ്ങൾക്ക് ഒരാഴ്ച മുമ്പേതന്നെ ബന്ധപ്പെട്ട ഹർജികളിലെ നിലവിലുള്ള സ്ഥിതി സംബന്ധിച്ച ഗവൺമെന്റ് റിപ്പോർട്ട് നൽകണമെന്ന് ബന്ധപ്പെട്ട വകുപ്പുകളോട് ആവശ്യപ്പെടാറുണ്ടെങ്കിലും പലപ്പോഴും ആയത് ലഭ്യമാക്കാറില്ല. ജില്ലാതലയോഗങ്ങളിൽ പങ്കെടുക്കുന്ന കളക്ടർമാർ ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥർ തെളിവെടുപ്പ് വേളയിൽ ഹർജി സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കുകയും ആവശ്യമായ വിവരങ്ങൾ വാക്കാൽ അറിയിക്കുകയും ചെയ്യാറുണ്ട്. എന്നാൽ നിയമസഭാ സമിതികളെ സംബന്ധിച്ച് നിലവിലുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം ജോയിന്റ് സെക്രട്ടറിയുടെ പദവിയിൽ കുറയാത്ത ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയ ഗവൺമെന്റ് റിപ്പോർട്ടാണ് സമിതിയുടെ പരിഗണനയ്ക്ക് സമർപ്പിക്കേണ്ടത്. ഇതിനാൽ ഹർജി വിഷയം പരിഹരിക്കപ്പെട്ടതായി ബോദ്ധ്യം വന്നാൽപ്പോലും പ്രസ്തുത ഗവൺമെന്റ് റിപ്പോർട്ടിനായി തുടർന്നും വർഷങ്ങളോളം കത്തിടപാടുകൾ നടത്തേണ്ടിവരുകയും ഫയൽ നടപടി അവസാനിപ്പിക്കുന്നതിൽ അനാവശ്യമായ കാലതാമസം ഉണ്ടാകുകയും ചെയ്യുന്നു. പ്രശ്നപരിഹാരം സംബന്ധിച്ച്

ഹർജിക്കാരനെ അറിയിക്കുവാൻ സാധിക്കുന്നതുമില്ല. ആയതിനാൽ ഫയലുകൾ തീർപ്പാക്കുന്നതിൽ ഉണ്ടാകുന്ന കാലതാമസം ഒഴിവാക്കുന്നതിനായി തെളിവെടുപ്പ് വേളയിൽ ജില്ലാതല ഉദ്യോഗസ്ഥർ നൽകുന്ന റിപ്പോർട്ടുകൾ ഗവൺമെന്റ് തലത്തിൽ പരിശോധിച്ച് രണ്ടാഴ്ചക്കുള്ളിൽ സമിതിക്ക് ലഭ്യമാക്കുവാൻ എല്ലാ വകുപ്പുകൾക്കും ചീഫ് സെക്രട്ടറി കർശന നിർദ്ദേശം നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

15) സർക്കാർ സ്ഥാപനങ്ങളിലും മറ്റ് തൊഴിലിടങ്ങളിലും സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ വർദ്ധിച്ചുവരുന്നതായും ഇവ വനിതാ ജീവനക്കാരുടെ ജോലി നിർവ്വഹണത്തെ ദോഷകരമായി ബാധിക്കുന്നതായും ചിലപ്പോൾ അത് ജോലി തന്നെ ഉപേക്ഷിക്കുവാൻ അവരെ പ്രേരിപ്പിക്കുന്ന സ്ഥിതിവിശേഷത്തിലേക്ക് എത്തിക്കുന്നതായും സമിതി നിരീക്ഷിക്കുന്നു. സർക്കാർ സ്ഥാപനങ്ങളിൽ സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിനായി ആഭ്യന്തര പരാതി പരിഹാര സമിതികൾ രൂപീകരിച്ചിട്ടുണ്ടെങ്കിലും ഇതു സംബന്ധിച്ച് വനിതാ ജീവനക്കാർക്കിടയിലെ അവബോധത്തിന്റെ കുറവുമൂലം സ്ത്രീകൾക്കെതിരെ അതിക്രമങ്ങളുണ്ടായാൽപ്പോലും പലപ്പോഴും പരാതികൾ ലഭിക്കാറില്ലെന്നും, പരാതി ലഭിച്ചാൽ തന്നെയും അവ വേണ്ടവിധം പരിഗണിക്കപ്പെടാറില്ലെന്നും പരാതിപ്പെടുന്നവർ പലപ്പോഴും ഓഫീസിൽ ഒറ്റപ്പെടുന്ന സ്ഥിതിയുണ്ടെന്നുമുള്ള വസ്തുത ബോദ്ധ്യമായിട്ടുണ്ട്. പരാതികൾ ഇല്ലെങ്കിൽപ്പോലും പ്രസ്തുത സമിതികൾ വർഷത്തിൽ മൂന്ന് തവണയെങ്കിലും യോഗം ചേരണമെന്ന നിബന്ധനയുണ്ടെങ്കിലും ഇത്തരം വിഷയങ്ങൾ വരുമ്പോൾ മാത്രമേ സമിതികൾ യോഗം ചേരാറുള്ളൂവെന്ന് നിരീക്ഷിച്ച സമിതി ആഭ്യന്തര പരാതി പരിഹാര സമിതികൾ എല്ലാ തൊഴിലിടങ്ങളിലും നിർബന്ധമായും രൂപീകരിക്കണമെന്നും അവയുടെ പ്രവർത്തനം ശക്തിപ്പെടുത്തണമെന്നും അവ കൃത്യമായ ഇടവേളകളിൽ യോഗം ചേരണമെന്നും തൊഴിലിടങ്ങളിൽ സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ സംബന്ധിച്ച പരാതികൾ കൈകാര്യം ചെയ്യുവാൻ ആഭ്യന്തര പരാതി പരിഹാരസെൽ പ്രവർത്തിക്കുന്നുണ്ടെന്നും അവിടെ നിസ്സങ്കോചം പരാതികൾ സമർപ്പിക്കാവുന്നതാണെന്നുമുള്ള അവബോധം വനിതാ ജീവനക്കാർക്കിടയിൽ സൃഷ്ടിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

16) വിദ്യാഭ്യാസപരമായും സാമൂഹികമായും ഇന്ത്യയിൽ ഏറ്റവും മുൻപന്തിയിൽ നിൽക്കുന്ന സംസ്ഥാനമാണ് കേരളമെങ്കിലും പൊതുസ്ഥലങ്ങളിൽ മതിയായ ശുചിമുറി സംവിധാനം ഇല്ലായെന്നത് ഖേദകരമായ വസ്തുതയാണ്. പൊതുസ്ഥലങ്ങളിലെ ശുചിമുറികളുടെ അപര്യാപ്തത യാത്രാവേളകളിൽ സ്ത്രീകൾക്കാണ് ഏറ്റവുമധികം ബുദ്ധിമുട്ടുണ്ടാക്കുന്നത്. നിലവിലുള്ള ശുചിമുറികൾ ഭിന്നശേഷി സൗഹൃദമല്ലെന്നതും ഷീ-ടോയ്‌ലെറ്റുകൾ തുടർ സംരക്ഷണമില്ലാതെ പരാജയപ്പെടുന്നതും എടുത്തു പറയത്തക്ക പോരായ്മയാണ്. പബ്ലിക് ടോയ്‌ലെറ്റുകൾ സ്ഥാപിക്കുന്നതിന് സ്ഥലം ലഭ്യമല്ലാത്തതിനാലാണ് ഇക്കാര്യത്തിൽ ഒരു

പരിഹാരം കാണാൻ സാധിക്കാത്തതെന്ന് ഇതുമായി ബന്ധപ്പെട്ട് നടത്തിയ അന്വേഷണത്തിൽ സമിതി മനസ്സിലാക്കുകയുണ്ടായി. എന്നാൽ പൊതുസ്ഥലങ്ങളിൽ വിവിധ സർക്കാർ വകുപ്പുകളുടെ സ്ഥലങ്ങളും സ്ഥാപനങ്ങളുമുണ്ടെന്ന് സമിതി വിലയിരുത്തുകയും പൊതു ശുചിമുറി സംവിധാനം ഒരുക്കുന്നതിന് ഇതെങ്ങനെ ഉപയോഗപ്പെടുത്താം എന്ന് ആലോചിക്കുകയും വിഷയം സംബന്ധിച്ച് വിവിധ വകുപ്പുകളിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും ചെയ്തു. അതിന്റെ അടിസ്ഥാനത്തിൽ കേരളത്തിലെ പൊതുസ്ഥലങ്ങളിൽ ടോയ്‌ലെറ്റുകൾ സ്ഥാപിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുൻകയ്യെടുക്കണമെന്നും ഇതിനാവശ്യമായ പണം ചെലവഴിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സർക്കാർ അനുവാദം നൽകണമെന്നും (പെർമിസീവ് സാങ്ഷൻ) മറ്റു വകുപ്പുകളുടെ കൈവശമുള്ള സ്ഥലങ്ങളിൽ നിന്നും ചെറിയൊരു ഭാഗം ഈ ആവശ്യത്തിനായി പെർമിസീവ് സാങ്ഷനിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകണമെന്നും ഇത്തരം ടോയ്‌ലെറ്റുകൾ ഭിന്നശേഷി സൗഹൃദമായിരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

17) സംസ്ഥാനത്ത് വിതരണം ചെയ്യുന്ന സാമൂഹ്യസുരക്ഷാ/ക്ഷേമനിധി പെൻഷനുകളുടെ അർഹതാ മാനദണ്ഡം സംബന്ധിച്ച് പഠനം നടത്തുന്നതിന്റെ ഭാഗമായി ധനകാര്യ വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ടിൽ 6-2-2017 മുതൽ ഏതെങ്കിലും ഒരു പെൻഷന് (ക്ഷേമനിധി ബോർഡ് പെൻഷനോ സാമൂഹ്യ സുരക്ഷാ പെൻഷനോ) മാത്രമേ അർഹതയുണ്ടായിരിക്കുകയുള്ളൂവെന്നും തനതു ഫണ്ട് ഉപയോഗിച്ച് പെൻഷൻ നൽകുന്ന ക്ഷേമനിധി ബോർഡ് ഗുണഭോക്താക്കൾക്ക് മറ്റൊരു സാമൂഹ്യ സുരക്ഷാ പെൻഷൻ 600 രൂപ നിരക്കിൽ ലഭിക്കുന്നതാണെന്നും 6-7-2018-ന് മുൻപ് സാമൂഹ്യ സുരക്ഷാ പെൻഷൻ അനുവദിക്കപ്പെട്ടവർക്ക് ലഭിച്ചു വന്നിരുന്ന ഉയർന്ന നിരക്കിലുള്ള സാമൂഹ്യ സുരക്ഷാ പെൻഷൻ തുടർന്നും ലഭിക്കുന്നതാണെന്നും സൂചിപ്പിച്ചിരുന്നു. ക്ഷേമനിധി ബോർഡ് പെൻഷനൊപ്പം സാമൂഹ്യസുരക്ഷാ പെൻഷനും വാങ്ങുന്ന ഭിന്നശേഷിക്കാരായ ഗുണഭോക്താക്കൾക്ക് പ്രസ്തുത 600 രൂപ നിരക്ക് പരിമിതമാണെന്ന് സമിതി അഭിപ്രായപ്പെടുന്നു. ആയതിനാൽ ക്ഷേമനിധി ബോർഡ് പെൻഷനോടൊപ്പം സാമൂഹ്യസുരക്ഷാ പെൻഷനും വാങ്ങുന്ന ഭിന്നശേഷിക്കാരായ ഗുണഭോക്താക്കൾക്ക് ക്ഷേമനിധി ബോർഡ് പെൻഷൻ നിലവിലുള്ള നിരക്കിലും സാമൂഹ്യസുരക്ഷാ പെൻഷൻ പൂർണ്ണമായ നിരക്കിലും നൽകണമെന്ന് ശിപാർശ ചെയ്യുന്നു.

18) സാമൂഹ്യ സുരക്ഷാ പെൻഷന്റെ അർഹതാ മാനദണ്ഡങ്ങളിൽ പെൻഷൻ ലഭിക്കുന്നതിന് കുടുംബ വാർഷിക വരുമാനം ഒരു ലക്ഷം രൂപയിൽ കവിയാൻ പാടില്ലെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഓട്ടിസം ബാധിച്ചവർ, 60 ശതമാനത്തിലധികം മാനസിക/ബുദ്ധി/ചലന വൈകല്യമുള്ളവർ എന്നിവർക്ക് സാമൂഹ്യ സുരക്ഷാ പെൻഷൻ

<u>ലഭിക്കുന്നതിനുള്ള വരുമാന പരിധി മേൽപ്പറഞ്ഞതിൽ നിജപ്പെടുത്താതെ പെൻഷൻ അനുവദിക്കണമെന്നും അതോടൊപ്പം വികലാംഗ പെൻഷനും മുഴുവൻ നിരക്കിൽ അനുവദിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.</u>

19) അപകടത്തിൽപെട്ടും രോഗങ്ങൾമൂലവും യൗവ്വനത്തിൽത്തന്നെ മരണപ്പെടുന്ന കുടുംബനാഥന്മാരുടെ എണ്ണത്തിൽ സമീപകാലത്ത് വൻവർദ്ധന ഉണ്ടായിട്ടുള്ളതായി കാണാം. തന്മൂലം വൃദ്ധരായ മാതാപിതാക്കളെയും പറക്കമുറ്റാത്ത കുഞ്ഞുങ്ങളെയും ആശ്വസിപ്പിക്കേണ്ടതും സംരക്ഷിക്കേണ്ടതും സാമ്പത്തിക ബാദ്ധ്യതകൾ തീർക്കേണ്ടതുമെല്ലാം ജീവിച്ചിരിക്കുന്ന പങ്കാളിയുടെ ചുമതലയായി മാറുന്നു. ബന്ധുക്കളുടെയും സമൂഹത്തിന്റെയും സാന്ത്വനവും പിന്തുണയും ഏറ്റവും ആവശ്യമായ ഈ ഘട്ടത്തിൽ, നിർഭാഗ്യവശാൽ മിക്കവർക്കും ഇത് ലഭിക്കാറില്ല. ഭർത്താവിന്റെ വിയോഗത്തോടെ ഭർതൃബന്ധുക്കൾ മിക്കവാറും ഇവരെ ഒഴിവാക്കുന്നുവെന്ന് മാത്രമല്ല അവരെ കുറ്റപ്പെടുത്തുകയും ഒറ്റപ്പെടുത്തുകയും ചെയ്യുന്ന പ്രവണതയാണ് കണ്ടുവരുന്നത്.

വളരെയധികം സംസ്കാരസമ്പന്നരും പുരോഗമന ചിന്താഗതിക്കാരുമെന്നൊക്കെ നാം അവകാശപ്പെടുന്നുണ്ടെങ്കിലും നമ്മുടെ സമൂഹത്തിൽ വിധവകൾ അനുഭവിക്കുന്ന ഒറ്റപ്പെടലും അരക്ഷിതാവസ്ഥയും വളരെയധികം വേദനിപ്പിക്കുന്ന ഒന്നാണ്. കുടുംബത്തിന്റെ നെടുംതൂണായ ഭർത്താവിന്റെ മരണത്തോടെ അനാഥമാകുന്ന കുടുംബത്തിന്റെ ഉത്തരവാദിത്വം ഏറ്റെടുക്കേണ്ടി വരുന്ന വേളയിൽ സമൂഹത്തിന്റെ പിന്തുണ വിധവകൾക്ക് ഏറെ ആവശ്യമാണ്. 'വിധവ' എന്ന പദം സർവ്വസാധാരണമാണ്. എന്നാൽ ഭാര്യ മരിച്ചുപോയ ഭർത്താവിനെ സൂചിപ്പിക്കുവാൻ ഭാഷയിൽ 'വിഭാര്യൻ' എന്ന വാക്ക് നിലവിലുണ്ടെങ്കിലും ആ പദം നിത്യോപയോഗത്തിൽ ഇല്ലെന്നതുതന്നെ വിധവകളോടുള്ള വിവേചനം എടുത്തു കാണിക്കുന്നു. മാത്രമല്ല, ഭാര്യ മരണപ്പെട്ടാൽ പുരുഷന് രണ്ടാമതൊരു വിവാഹമെന്നത് സമൂഹത്തിൽ അംഗീകരിക്കപ്പെട്ട ഒന്നാണെങ്കിലും, പുനർവിവാഹത്തിനൊരുങ്ങുന്ന വിധവയെ മറ്റൊരു കണ്ണിലൂടെയാണ് സമൂഹം നോക്കിക്കാണുന്നതെന്നും പറയാതെവയ്യ. മക്കളുടെ സംരക്ഷണം ആരേറ്റെടുക്കുമെന്നതും പെൺമക്കളാണുള്ളതെങ്കിൽ അവരുടെ സുരക്ഷിതത്വത്തെപ്പറ്റിയുള്ള ആശങ്കയും പുനർവിവാഹത്തിൽ നിന്നും വിധവകളെ പിന്തിരിപ്പിക്കുന്നു.

ഈ സാഹചര്യം വിലയിരുത്തിയാണ് സംസ്ഥാനത്ത് സാമ്പത്തികമായി പിന്നാക്കം നില്ക്കുന്ന വിധവകൾക്കായി വിവിധ ക്ഷേമപദ്ധതികൾ സർക്കാർ നടപ്പിലാക്കുന്നത്. വിധവകളുടെ പുനർവിവാഹം, അവരുടെ പെൺമക്കളുടെ വിവാഹം, സ്വയംതൊഴിൽ, മക്കളുടെ വിദ്യാഭ്യാസം എന്നിവയ്ക്കുള്ള ധനസഹായം, അനാഥരായ വിധവകളെ സംരക്ഷിക്കുന്നവർക്ക് പെൻഷൻ, വനിതാ വികസന കോർപ്പറേഷൻ മുഖേന കുറഞ്ഞ പലിശ നിരക്കിൽ വിവിധതരം വായ്പകൾ എന്നിവ കൂടാതെ ജില്ലാ മജിസ്ട്രേറ്റ് ചെയർമാനായുള്ള ജില്ലാതല വിധവാസെൽ മുഖേന നിയമസഹായം എന്നിവയെല്ലാം സർക്കാർ നല്കിവരുന്നു. കൂടാതെ,

പബ്ലിക് സർവ്വീസ് കമ്മീഷൻ, എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് എന്നിവ മുഖേനയുള്ള നിയമനങ്ങളിൽ ഉയർന്ന പ്രായപരിധിയിൽ വിധവകൾക്ക് ഇളവും ഭവനനിർമ്മാണ പദ്ധതിയിൽ പ്രത്യേക പരിഗണനയും നല്കിവരുന്നുണ്ട്.

ഇങ്ങനെ വിവിധ ആനുകൂല്യങ്ങൾ നല്കുന്നുണ്ടെങ്കിലും വിധവകൾ നേരിടുന്ന പ്രയാസങ്ങൾ പരിഗണിക്കുമ്പോൾ അവയൊന്നും തീർത്തും പര്യാപ്തമല്ലെന്ന് കാണാം. കുട്ടികളും മാതാപിതാക്കളും അടങ്ങുന്ന കുടുംബത്തിന്റെ ഏക ആശ്രയമായ ഇവർക്ക് സർക്കാർ നൽകുന്ന വിധവാ പെൻഷൻ വളരെ ആശ്വാസപ്രദമാണ്. നിലവിൽ വിധവാപെൻഷൻ പ്രതിമാസം 1300 രൂപയാണ്. ആയതിനാൽ വർദ്ധിച്ചുവരുന്ന ജീവിത ചെലവുകൾക്കനുസരിച്ച് വിധവാപെൻഷൻ കാലോചിതമായി വർദ്ധിപ്പിക്കണമെന്നും അതോടൊപ്പം സർക്കാരിന്റെ ഭവനനിർമ്മാണ പദ്ധതിയായ ലൈഫ് മിഷനിൽ വിധവകളായ സ്ത്രീകൾക്ക് നൽകിവരുന്ന യോഗ്യതാ നിർണ്ണയ മാർക്ക് വർദ്ധിപ്പിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

20) മസ്തിഷ്ക പ്രവർത്തനങ്ങളുടെ വ്യത്യസ്തതയായ 'ഓട്ടിസം' അവസ്ഥയിലുള്ള കുട്ടികൾ മറ്റു കുട്ടികളുടെ കൂടെ കളിക്കാറില്ല, തനിച്ചിരിക്കാനാണ് ഇവർ കൂടുതലും ഇഷ്ടപ്പെടുക. സംസാരവൈകല്യമാണ് ഇവർ നേരിടുന്ന പ്രധാന പ്രശ്നം. ഇത് പ്രസ്തുത കുട്ടികളുടെ ആശയവിനിമയശേഷിയെയും സഹവർത്തിത്വശേഷിയെയും സാരമായി ബാധിക്കുന്നു. മരുന്നുപയോഗിച്ചുള്ള ഫലപ്രദമായ ചികിത്സ ഓട്ടിസത്തിന് നിലവിലില്ല. അതിനാൽ സൗഹൃദപരവും അനുയോജ്യവുമായ ജീവിതാന്തരീക്ഷം സൃഷ്ടിച്ച് ആശയവിനിമയം, പെരുമാറ്റരീതി എന്നീ മേഖലകളിൽ നിരന്തരമായ പരിശീലനം നൽകുന്നതിന് രക്ഷിതാക്കളുടെ ശ്രദ്ധയും പരിചരണവും അനിവാര്യമാണ്. കൂടെക്കൂടെയുള്ള സ്ഥലം മാറ്റം കൂടി നേരിടേണ്ടിവന്നാൽ ഇത്തരം കുട്ടികളുടെ രക്ഷിതാക്കളായ സർക്കാർ ഉദ്യോഗസ്ഥരെ സംബന്ധിച്ചിടത്തോളം ഇത് വളരെ പ്രയാസകരമാണ്. ആയതിനാൽ ടി കുട്ടികളുടെ സംരക്ഷണം ബുദ്ധിമുട്ടേറിയതിനാലും ഇവർ എണ്ണത്തിൽ കുറവായതിനാലും അവരുടെ രക്ഷിതാക്കളുടെ ട്രാൻസ്ഫർ ഒഴിവാക്കുന്നതിൽ പ്രത്യേക പരിഗണന നൽകണമെന്നും ട്രാൻസ്ഫർ നൽകുന്ന പക്ഷം പരമാവധി താമസസ്ഥലത്തിന് അടുത്തുള്ള സ്റ്റേഷനിലേക്ക് നൽകണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

21) ജോലിക്ക് പോകുന്ന സ്ത്രീകളുടെ എണ്ണം നമ്മുടെ സംസ്ഥാനത്ത് വർദ്ധിച്ചു വരികയാണ്. വളരെയധികം ശ്ലാഘനീയവും പ്രോത്സാഹിപ്പിക്കപ്പെടേണ്ടതുമായ ഒരു സാമൂഹിക മാറ്റമാണിത്. ജോലിയുള്ള സ്ത്രീകൾക്ക് സാമൂഹികവും സാമ്പത്തിക വുമായി ലഭിക്കുന്ന സുരക്ഷിതത്വവും അംഗീകാരവും മറ്റു സ്ത്രീകളെയും ജോലി സമ്പാദിക്കുവാൻ പ്രോത്സാഹിപ്പിക്കുന്നു. അതോടൊപ്പം വർദ്ധിച്ചുവരുന്ന അണുകുടുംബ വ്യവസ്ഥിതിയിൽ മക്കളുടെ, പ്രത്യേകിച്ചും കൊച്ചുകുഞ്ഞുങ്ങളുടെ, പരിപാലനം ഉദ്യോഗസ്ഥരായ വീട്ടമ്മമാരെ വളരെയധികം ഉത്കണ്ഠാകുലരാക്കുന്നു. കുട്ടികളെ

പരിചരിക്കുന്നതിനായി വൻതുക നല്കി വീട്ടുജോലിക്കാരെ നിയമിക്കുന്നത് ഇടത്തര വരുമാനക്കാരെ സംബന്ധിച്ച് അപ്രായോഗികമാണ്. ഈ സാഹചര്യത്തിൽ ഡേ കെയർ സെന്ററുകളെയാണ് മിക്കവാറും അമ്മമാർ ആശ്രയിക്കുന്നത്. സ്വകാര്യ ഡേ കെയറുകളാണ് മിക്കവയുമെന്നതിനാൽ ഇത് പലപ്പോഴും ചൂഷണത്തിനുള്ള അവസരവുമായി മാറുന്നു. നിലവിലുള്ള അംഗനവാടികൾ ഇവയ്ക്ക് പകരംവയ്ക്കാനുമാവില്ല. ചിലപ്പോഴെങ്കിലും കൊച്ചുകുട്ടികൾ ഡേ കെയർ സെന്ററുകളിൽ പീഡനത്തിനിരയാകുന്ന സംഭവങ്ങളും ഉണ്ടാകുന്നു. ഇവയെല്ലാം ഉദ്യോഗസ്ഥകളായ അമ്മമാരെ ആശങ്കയിലാക്കുകയും ജോലി സ്ഥലത്തുപോലും അവർ കടുത്ത മാനസിക സമ്മർദ്ദം അനുഭവിക്കുകയും ചെയ്യുന്നു. ഈ സാഹചര്യത്തിൽ, ജോലിക്ക് പോകുന്ന സ്ത്രീകളുടെ ആറുമാസം മുതൽ പ്രായമായ കുട്ടികളെ പരിചരിക്കുന്നതിനായി കുടുംബശ്രീ അംഗങ്ങൾക്ക് പരിശീലനം നൽകികൊണ്ട് ആധുനിക രീതിയിലുള്ള ശിശു സംരക്ഷണ കേന്ദ്രങ്ങൾ സ്ഥാപിച്ച് സി.സി.ടി.വി. ഉൾപ്പെടെയുള്ള ഭൗതിക സൗകര്യങ്ങളൊരുക്കി കുറഞ്ഞ നിരക്കിൽ ശിശു സംരക്ഷണം ഉറപ്പ് വരുത്തുന്നതിനുള്ള പദ്ധതി സർക്കാർ ആവിഷ്കരിക്കണമെന്നും എല്ലാ പഞ്ചായത്തുകളിലും രണ്ടു മൂന്നുവാർഡുകൾക്ക് ഒന്ന് എന്ന തരത്തിൽ ഒരു ഡേ കെയർ യൂണിറ്റെങ്കിലും ആരംഭിക്കണമെന്നും തദ്ദേശസ്വയംഭരണ വകുപ്പിനോട് സമിതി ശിപാർശ ചെയ്യുന്നു.

22) കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിതബാധിതരുടെ പ്രശ്നങ്ങൾ സംബന്ധിച്ച്, സമിതി (2016-2019)യുടെ ഏഴാമത് റിപ്പോർട്ടിൽ കാസർഗോഡ് ജില്ലയിൽ ജനിക്കുന്നവരിൽ രോഗം ബാധിച്ച ശേഷം ചികിത്സിക്കുന്നതിനേക്കാൾ പ്രസ്തുത രോഗാവസ്ഥ ഒഴിവാക്കുന്നതായിരിക്കും ഉചിതമെന്നും ഗർഭസ്ഥ ശിശുക്കളിലെ വൈകല്യങ്ങൾ മുൻകൂട്ടി കണ്ടെത്തുകയും ഗർഭാവസ്ഥയിൽ കറക്ടീവ് ഗൈഡ് സൗജന്യമായി ചെയ്തുകൊടുക്കുകയും ചെയ്യുന്ന പക്ഷം ജനിക്കുന്ന ശിശുക്കളുടെ കടുത്ത രോഗാവസ്ഥ ഒരു പരിധിവരെ തടയാൻ സാധിക്കുമെന്ന് സമിതി വിലയിരുത്തുകയും ആയതിനാൽ കാസർഗോഡ് ജില്ലയിലെ എല്ലാ ആരോഗ്യകേന്ദ്രങ്ങളിലും ജനിതകവൈകല്യം ഗർഭാവസ്ഥയിൽ കണ്ടുപിടിക്കുന്നതിനും വേണ്ട ചികിത്സ നൽകുന്നതിനും പ്രാവീണ്യം നേടിയവരെ നിയോഗിച്ചുകൊണ്ട് സ്ത്രീസൗഹൃദമായ മെഡിക്കൽ സംവിധാനത്തിന് രൂപം നൽകണമെന്ന് സമിതി ശിപാർശ നൽകുകയും ചെയ്തിരുന്നു. പ്രസ്തുത ശിപാർശയിന്മേൽ ആരോഗ്യകുടുംബക്ഷേമ (ജി) വകുപ്പിൽനിന്നും ലഭിച്ച റിപ്പോർട്ടിൽ കാസർഗോഡ് ജില്ലയിൽ സ്ത്രീകൾക്കും കുട്ടികൾക്കും മാത്രമായി വരുന്ന ആശുപത്രിയിൽ ജനിതക വൈകല്യം ഗർഭാവസ്ഥയിൽ കണ്ടുപിടിക്കുന്നതിനും ചികിത്സ നൽകുന്നതിനുമുള്ള ആധുനിക സംവിധാനം വരുന്നതോടുകൂടി പരിഹാരം ഉണ്ടാക്കാൻ സാധിക്കുമെന്നും പരാമർശിച്ചിരുന്നു. റിപ്പോർട്ട് സമിതി പരിഗണിക്കുകയും പ്രസ്തുത റിപ്പോർട്ടിൽ അതൃപ്തി രേഖപ്പെടുത്തുകയും ചെയ്തു. എൻ.എച്ച്.എം. പദ്ധതി വഴി കാസർഗോഡ്

ജില്ലയിലെ ആശുപത്രികളിൽ ഗർഭാവസ്ഥയിൽ തന്നെ ജനിതകവൈകല്യം കണ്ടുപിടിക്കുന്നതിനും ചികിത്സിക്കുന്നതിനുമുള്ള ആധുനിക സംവിധാനം ലഭ്യമാക്കണമെന്ന് വകുപ്പിനോട് ശിപാർശ ചെയ്യുന്നു.

23) ഭിന്നശേഷിക്കാരുടെ ബാക്ക്‌ലോഗ് ഒഴിവുകൾ നികത്തുന്നതുസംബന്ധിച്ച് നിരവധി ഹർജികൾ സമിതിയ്ക്ക് ലഭിക്കുന്നുണ്ട്. കേരള പി.എസ്.സി. നിയമനങ്ങളിലെ അംഗപരിമിതരുടെ 3% സംവരണം പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി 23-4-2013-ലെ സ.ഉ.(സാധാ)188/2013/സാ.നീ.വ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം മൂന്ന് അംഗങ്ങളെ ഉൾപ്പെടുത്തി ഒരു സമിതി രൂപീകൃതമായെങ്കിലും തുടർപ്രവർത്തനങ്ങൾ നടന്നിട്ടില്ല എന്ന് സമിതി മനസ്സിലാക്കുന്നു. സംവരണത്തിൽ വെർട്ടിക്കൽ റിസർവേഷനും ഹൊറിസോണ്ടൽ റിസർവേഷനും ഇന്റർലോക്കിംഗായി കൊടുക്കണമെന്നാണ് സുപ്രീംകോടതി ഉത്തരവിൽ നിർദ്ദേശിച്ചിട്ടുള്ളതെങ്കിലും റാങ്ക് ലിസ്റ്റിൽ നിന്നും 'ഔട്ട് ഓഫ് ടേൺ' ആയാണ് പി.എസ്.സി. നിയമനം നടത്തി വരുന്നതെന്നും നേരത്തെ ഔട്ട് ഓഫ് ടേൺ ആയ 2677 പേരെ റഗുലറൈസ് ചെയ്തിട്ടുണ്ടെന്നും ഇത് സുപ്രീംകോടതി നിരോധിച്ചിട്ടുള്ളതാണെന്നും സമിതി നിരീക്ഷിച്ചു. ബഹു. സുപ്രീംകോടതി വിധിയനുസരിച്ച് വെർട്ടിക്കൽ അഥവാ കമ്മ്യൂണിറ്റി റൊട്ടേഷനിൽ വൈകല്യമുള്ള ഒരു ഉദ്യോഗാർത്ഥിയുണ്ടെങ്കിൽ രണ്ടാമത്തെ പോസ്റ്റിലേയ്ക്ക് അയാൾക്ക് ഹൊറിസോണ്ടലായി ഇന്റർലോക്കിംഗ് റിസർവേഷൻ നൽകേണ്ടതാണ്. അതുപോലെ വെർട്ടിക്കൽ (കമ്മ്യൂണൽ) റിസർവേഷനിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട വൈകല്യമുള്ളയാളെ മെറിറ്റ് സീറ്റിലേയ്ക്ക് സബ്സ്റ്റിറ്റ്യൂട്ട് ചെയ്യുകയാണ് കേന്ദ്രഗവൺമെന്റ് ചെയ്യുന്നതെന്നും എന്നാൽ ഇതുമൂലം മെറിറ്റിലുള്ള ആൾക്ക് ടേൺ നഷ്ടപ്പെടുന്നുണ്ടെന്നും തെളിവെടുപ്പ് വേളയിൽ സമിതിയ്ക്ക് ബോദ്ധ്യപ്പെടുകയുണ്ടായി. കേന്ദ്ര ഗവൺമെന്റ് ഗ്രൂപ്പ് എ, ഗ്രൂപ്പ് ബി എന്നിങ്ങനെ ഇത്തരം തസ്തികകളെ തരംതിരിച്ചിട്ടുണ്ട്. തന്മൂലം ഒരു തസ്തികയിൽ നിയമനം കൊടുത്തില്ലെങ്കിൽ ആ ഗ്രൂപ്പിലുള്ള മറ്റേതെങ്കിലും തസ്തികയിൽ നിയമിച്ചാൽ മതിയാകും. ഇവിടെ ഓരോ തസ്തികയ്ക്കും ഓരോ റാങ്ക് ലിസ്റ്റാണ്. ഓരോ റാങ്ക് ലിസ്റ്റിനും ഔട്ട് ഓഫ് ടേൺ വയ്ക്കുന്നത് തെറ്റാണെന്ന് സമിതി കരുതുന്നു. തസ്തികകളെ ഗ്രൂപ്പുകളായി തിരിച്ച് ഓരോ ഗ്രൂപ്പിലും വരുന്ന തസ്തികകൾക്ക് പൊതുവായി നിയമനം ബാധകമാക്കാവുന്നതാണ്. ആയതിനാൽ സുപ്രീംകോടതി ഉത്തരവ്, കേന്ദ്രസർക്കാരിന്റെ 15-1-2018-ലെ ഓഫീസ് മെമ്മോറാണ്ടം എന്നിവ പ്രകാരം വെർട്ടിക്കൽ റിസർവേഷൻ, ഹൊറിസോണ്ടൽ റിസർവേഷൻ, അതിന്റെ ഇന്റർലോക്കിംഗ്, ഇവിടെ ഭിന്നശേഷിക്കാർക്ക് നൽകി വരുന്ന ഗ്രേസ് മാർക്ക് മുതലായ കാര്യങ്ങളിൽ വ്യക്തത വരുത്തി മെറിറ്റ് ലിസ്റ്റിലുള്ളവർ ഉൾപ്പെടെ ആർക്കും നഷ്ടം സംഭവിക്കാത്ത തരത്തിൽ ഇതു സംബന്ധിച്ച നിയമ ഭേദഗതി വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

24) ജുഡീഷ്യറിയിലെ നിയമനങ്ങളിൽ ഭിന്നശേഷി വിഭാഗക്കാർക്ക് യാതൊരു പരിഗണനയും നൽകുന്നില്ലെന്ന അഭിപ്രായം പൊതുവായി ഉയർന്നുവരുന്നുണ്ട്. ഈ സാഹചര്യത്തിൽ പ്രസ്തുത വിഷയം സംബന്ധിച്ച് സർക്കാർ ഒരു സമഗ്ര പഠനം നടത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

25) ഭിന്നശേഷിക്കാർക്കുള്ള സംവരണം മൂന്ന് ശതമാനത്തിൽ നിന്ന് 4% ആയി വർദ്ധിപ്പിച്ചിട്ടുണ്ട്. നിലവിലെ രീതി അനുസരിച്ച് ഒരു ഭിന്നശേഷി വിഭാഗത്തിന്റെ ടേണിൽ വൈകല്യമുള്ള ആളിന്റെ അഭാവത്തിൽ, മറ്റൊരു വൈകല്യവിഭാഗത്തിൽ നിന്നും പി.എസ്.സി. നിയമനം നടത്തുന്നില്ല. മറ്റു വൈകല്യ വിഭാഗക്കാർ റാങ്ക് ലിസ്റ്റിൽ ഉണ്ടായിരിക്കേ, ഒരു പ്രത്യേകവിഭാഗത്തിൽപ്പെട്ട ആളില്ലെന്ന കാരണത്താൽ ആ തസ്തിക ഒഴിവാക്കിയിടുന്നതും അടുത്ത ഒരു റാങ്ക് ലിസ്റ്റ് വരുന്നതുവരെ മറ്റുള്ളവർ കാത്തിരിക്കേണ്ടി വരുന്നതും ഒഴിവാക്കേണ്ട ഒരു അവസ്ഥയാണെന്ന് സമിതി കരുതുന്നു. ഇതിനായി കേന്ദ്ര നിയമമായ RPWD ആക്ടോ റൂളോ ഭേദഗതി ചെയ്യുവാൻ സംസ്ഥാനത്തിന് സാധിക്കുകയില്ലെങ്കിലും കെ.എസ്. &എസ്.എസ്.ആർ.-ൽ ആവശ്യമായ ഭേദഗതി ചെയ്യുവാൻ സാധിക്കുമോ എന്ന് പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

26) കൂടാതെ, വിവിധ വകുപ്പുകളിലും സ്ഥാപനങ്ങളിലുമായി ഐഡന്റിഫൈ ചെയ്യാത്ത ഒട്ടനവധി തസ്തികകളുള്ളതിനാൽ വൈകല്യമുള്ളവർക്ക് അനുയോജ്യമായ തസ്തികകൾ കണ്ടെത്തുന്നതിനായി എല്ലാ വകുപ്പുകളുടെയും ഫിസിക്കൽ റിക്വയർമെന്റ്സും, ജോബ് റിക്വയർമെന്റ്സും കണക്കിലെടുത്ത് തസ്തികകൾ കണ്ടെത്തേണ്ടതുണ്ടെന്നും എന്നാൽ ഉദ്യോഗസ്ഥരുടെ കുറവുള്ളതിനാൽ ഈ ജോലി വേഗത്തിൽ പൂർത്തീകരിക്കുവാൻ തടസ്സമുള്ളതായും സമിതി മനസ്സിലാക്കുന്നു. സാമൂഹ്യനീതി വകുപ്പ് വിഭജിച്ച് വനിത-ശിശു വികസന വകുപ്പ് രൂപീകരിച്ചതോടെ അനവധി ജീവനക്കാർ അതിലേയ്ക്ക് പോയതിനാലും നിരവധി പ്രോജക്ടുകൾ സമയബന്ധിതമായി പൂർത്തിയാക്കേണ്ടതിനാലും സാമൂഹ്യനീതി വകുപ്പിൽ ജീവനക്കാരുടെ കുറവുണ്ടെന്ന് സമിതി നിരീക്ഷിച്ചു. അതിനാൽ ഭിന്നശേഷിക്കാരുടെ ബാക്ക്‌ലോഗ് ഒഴിവുകളും അവർക്ക് അനുയോജ്യമായ തസ്തികകളും കണ്ടെത്തുന്നതിനായി സാമൂഹ്യനീതി വകുപ്പിൽ ആവശ്യമായ ജീവനക്കാരെ നിയമിച്ചുകൊണ്ട് ഒരു സെൽ രൂപീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

27) അമ്പതിനായിരത്തോളം ജനസംഖ്യയുള്ള ഇടുക്കി ജില്ലയിലെ വണ്ടിപ്പെരിയാറിൽ ഒരു കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ ഉണ്ടെങ്കിലും അവിടെ ലേബർ റൂമോ, ശിശുരോഗ വിദഗ്ധനോ ഇല്ലാത്തതിനാൽ ഇത്തരം ആവശ്യങ്ങൾക്കായി സ്ഥലവാസികൾക്ക് 110 കിലോമീറ്ററിലധികം ദൂരെയുള്ള കോട്ടയം മെഡിക്കൽ കോളേജിനെ ആശ്രയിക്കേണ്ടിവരുന്നുവെന്നും ആയത് ഭൂരിപക്ഷം വരുന്ന തോട്ടം മേഖലയിലെ

തൊഴിലാളികൾക്ക് താങ്ങാൻ കഴിയാത്തതാണെന്നും ആയതിനാൽ നിലവിലുള്ള ഗൈനക്കോളജിസ്റ്റിന്റെ സേവനം പൂർണ്ണതോതിൽ ലഭിക്കുന്നതിനായി വണ്ടിപ്പെരിയാർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ ലേബർ റൂം നിർമ്മാണം പൂർത്തിയാക്കുന്നതിനും ശിശുരോഗ വിദഗ്ദനെ നിയമിക്കുന്നതിനും നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് ശ്രീ. സുന്ദർരാജ് ഡി., ഇടുക്കി സമർപ്പിച്ച ഹർജിയിന്മേൽ ആരോഗ്യകുടുംബക്ഷേമ വകുപ്പിൽ നിന്നും ലഭ്യമാക്കിയ റിപ്പോർട്ട് പരിശോധിച്ച സമിതി, വണ്ടിപ്പെരിയാർ സാമൂഹികാരോഗ്യ കേന്ദ്രത്തിൽ ഗൈനക്കോളജിസ്റ്റിന്റെ തസ്തികയോ പ്രസവസംബന്ധമായ കേസ്സുകൾ കൈകാര്യം ചെയ്യുന്നതിനാവശ്യമായ ജീവനക്കാരോ ഭൗതിക സാഹചര്യങ്ങളോ അനുബന്ധ ഉപകരണങ്ങളോ ഇല്ലെന്നും എന്നാൽ ഇതിനായി യാതൊരു പ്രൊപ്പോസലും ഇല്ലെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്ന് നടത്തിയ തെളിവെടുപ്പിലൂടെ മനസ്സിലാക്കുകയും ചെയ്തു. ലേബർ റൂം സൗകര്യമുള്ള ആശുപത്രികൾ വളരെ ദൂരെയാണെന്നതിനാൽ ഗ്രാമീണ മേഖലയായ വണ്ടിപ്പെരിയാർ സാമൂഹികാരോഗ്യ കേന്ദ്രത്തിൽ കിടത്തിച്ചികിത്സയ്ക്കാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതും അവിടുത്തെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തേണ്ടതും വളരെ അനിവാര്യമാണെന്ന് സമിതി അഭിപ്രായപ്പെടുന്നു. ആയതിനാൽ <u>വണ്ടിപ്പെരിയാർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിലെ ലേബർ റൂം നിർമ്മാണം പൂർത്തിയാക്കുക, ശിശുരോഗ വിദഗ്ധനെ നിയമിക്കുക എന്നീ ആവശ്യങ്ങൾ പ്രത്യേകമായി പരിഗണിച്ച് പ്രസ്തുത ഹെൽത്ത് സെന്ററിനെ കുടുംബാരോഗ്യകേന്ദ്രമായി ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും ഇതിനാവശ്യമായ തസ്തികകൾ സൃഷ്ടിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.</u>

28) എല്ലാ ജില്ലാ ആശുപത്രികളിലും ആധുനിക സംവിധാനങ്ങളോടെ കേൾവി പരിശോധിക്കുന്നതിന് ഓഡിയോളജിസ്റ്റിനെ നിയമിക്കണമെന്ന ആൾ കേരള പേരന്റ് അസോസിയേഷൻ ഫോർ ഹിയറിംഗ് ഇംപയേർഡ് (അക്പാഹി) മലപ്പുറം ജില്ലാ കമ്മിറ്റിയുടെ ഹർജിയിന്മേൽ ആരോഗ്യ വകുപ്പിൽ നിന്നും ലഭ്യമായ മറുപടിയിൽ നിന്നും കേൾവിക്കുറവ് അതിന്റെ പ്രാരംഭദിശയിൽ തന്നെ കണ്ടെത്തി മികച്ച ചികിത്സാമാർഗ്ഗങ്ങൾ അവലംബിക്കുക എന്ന ലക്ഷ്യത്തോടെ 2015-ൽ സംസ്ഥാനത്ത് നിലവിൽ വന്ന National Programme for Prevention and Control Deafness (NPPCD) പദ്ധതിയുടെ ഭാഗമായി ആധുനിക ചികിത്സാ ഉപകരണങ്ങളായ Pure Tone Audiometer, Tympanometer, Auto-Acoustic Emission Screener, BrainStem Evoked Response Audiometer (BERA), Sound Treated Room എന്നിവ ജില്ലാ ആശുപത്രികളിൽ സജ്ജീകരിച്ചിട്ടുണ്ടെന്നും ഇ.എൻ.റ്റി. സ്പെഷ്യലിസ്റ്റായ ഡോക്ടറുടെ മേൽനോട്ടത്തിലാണ് ജില്ലയിലെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതെന്നും ആയതിലേയ്ക്കായി എല്ലാ ജില്ലകളിലും കരാർ വ്യവസ്ഥയിൽ Bachelor in Audiology and Speech Language Pathology (BASLP) യോഗ്യതയുള്ളവരെ ആഡിയോളജിസ്റ്റ് തസ്തികയിൽ നിയമിക്കുന്നതെന്നും സമിതി മനസ്സിലാക്കുന്നു.

ആയതിനാൽ ജന്മനാ ശ്രവണ വൈകല്യമുള്ളവരെ കണ്ടെത്തി ചികിത്സിക്കുന്നതിനും അപകടം, അണുബാധ, അസുഖം തുടങ്ങിയ മറ്റ് കാരണങ്ങളാലുണ്ടാകുന്ന ശ്രവണവൈകല്യം കണ്ടെത്തുന്നതിനും ആധുനിക സംവിധാന ത്തോടുകൂടി കേൾവി പരിശോധന നടത്തുന്നതിനും എല്ലാ ജില്ലാ ആശുപത്രികളിലും ഓഡിയോളജിസ്റ്റ് & സ്പീച്ച് പാത്തോളജിസ്റ്റ് തസ്തിക സൃഷ്ടിക്കേണ്ടത് അത്യാവശ്യമാണെന്നും ആയതിലേയ്ക്കായി സംസ്ഥാനത്തെ എല്ലാ ജില്ലാ ആശുപത്രികളിലും സ്പീച്ച് തെറാപ്പിസ്റ്റിന്റെ തസ്തികയിൽ സ്ഥിരനിയമനം നടത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

29) എൻഡോസൾഫാൻ പോലുള്ള മാരക രാസ കീടനാശിനികളുടെ പരിണിത ഫലങ്ങൾ ചർച്ച ചെയ്യവേ, ക്യാൻസർ രോഗം കേരളത്തിലെ വൈദ്യശാസ്ത്ര മേഖലയിൽ വെല്ലുവിളികൾ സൃഷ്ടിക്കുന്നു എന്നത് പ്രതിദിനം വർദ്ധിച്ചുവരുന്ന രോഗികളുടെ എണ്ണത്തിൽ നിന്ന് അനുമാനിക്കാവുന്നതാണെന്നും വർദ്ധിച്ചുവരുന്ന ക്യാൻസർ രോഗികളുടെ എണ്ണത്തിനാനുപാതികമായി സർക്കാർ മേഖലയിൽ ചികിത്സാ സൗകര്യങ്ങൾ ലഭ്യമല്ലെന്നതും ക്യാൻസർ ചികിത്സാ രീതികളുടെ ഭാരിച്ച സാമ്പത്തിക ബാദ്ധ്യതയും ഈ രംഗത്ത് ഏറെ വെല്ലുവിളികൾ സൃഷ്ടിക്കുന്നുണ്ടെന്നും ആയതിനാൽ ക്യാൻസർ രോഗികൾക്ക് ചികിത്സാ സൗജന്യം അനുവദിക്കുക, ക്യാൻസറിന്റെ മരുന്നുകൾക്ക് ജി.എസ്.ടി. ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുക, ഇതിനുള്ള മരുന്നുകൾ സംസ്ഥാനതലത്തിൽ സ്വയം നിർമ്മിക്കുക തുടങ്ങിയവ പരിഗണിക്കേണ്ടതാണെന്നും സമിതി ശിപാർശ ചെയ്യുന്നു.

30) സിനിമ, സീരിയൽ തുടങ്ങിയ ദൃശ്യമാധ്യമങ്ങൾ സമൂഹത്തിൽ ഉണ്ടാക്കുന്ന സ്വാധീനം വളരെ വലുതാണ്. അത് കുടുംബ ബന്ധങ്ങളിലും കുട്ടികളുടെ മാനസിക വളർച്ചയിലും ശക്തമായ സ്വാധീനം ചെലുത്തുന്നുണ്ട്. സീരിയലുകളിലെയും സിനിമകളിലെയും പരസ്യ ങ്ങളിലെയും കഥാപാത്രങ്ങളെ അതേപടി ജീവിതത്തിലേക്ക് പകർത്താൻ ശ്രമിക്കുന്നത് സമൂഹത്തിൽ ധാരാളം പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. ഈ സാഹചര്യത്തിൽ ഇത്തരം പ്രവണതകൾ ഇല്ലാതാക്കുന്നതിന് സമൂഹത്തിന് പൊതുവായ അവബോധം സൃഷ്ടിക്കാനുതകുന്നതരത്തിലുള്ള ബോധവൽക്കരണ നടപടികൾ സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

31) ടെലിവിഷൻ ചാനലുകളിലെ വിവിധ എന്റർടെയിൻമെന്റ് പ്രോഗ്രാമുകളിൽ കണ്ടുവരുന്ന സഭ്യമല്ലാത്ത സംഭാഷണങ്ങൾ, അശ്ലീല ചേഷ്ടകൾ, ദ്വയാർത്ഥ പ്രയോഗങ്ങൾ എന്നിവ ഒഴിവാക്കണമെന്നും ടെലിവിഷൻ പ്രോഗ്രാമുകൾ സെൻസറിംഗ് പോലുള്ള നിയന്ത്രണ മാർഗ്ഗങ്ങൾക്ക് വിധേയമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

32) അതോടൊപ്പംതന്നെ സമൂഹത്തിന്റെ വിവിധ മേഖലകളിൽ പ്രവർത്തിക്കുന്ന സ്ത്രീകൾക്കെതിരെ സാമൂഹ്യ മാധ്യമങ്ങളിലൂടെ പ്രചരിക്കുന്ന അശ്ലീല വീഡിയോകൾ/ സന്ദേശങ്ങൾ, രക്ഷകർത്താക്കൾ പ്രചരിപ്പിക്കുന്ന കുട്ടികളുടെ വികലമായ വീഡിയോകൾ തുടങ്ങിയവ തടയുന്നതിന് കർശന നടപടി സ്വീകരിക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

33) 2019 ജനവരി 1 മുതൽ 2019 ഡിസംബർ 31 വരെയുള്ള കാലയളവിൽ സമിതിയുടെ ഇടപെടൽമൂലം പരാതിക്കാർക്ക് അനുകൂലമായി സർക്കാർ നടപടി സ്വീകരിച്ച ഏതാനും ഹർജികളുടെ വിശദാംശം ചുവടെ ചേർക്കുന്നു:

<u>സമിതിയുടെ ഇടപെടൽ കൊണ്ട് പരിഹൃതമായ പരാതികളുടെ വിശദാംശം</u>

**1. ശ്രീമതി സോഫി ജോഷി, കോട്ടയം സമർപ്പിച്ച ഹർജി**

(ഫയൽ നമ്പർ 21411/ഡബ്ല്യു.സി & പി.എച്ച്.എ 1/2018/നി.സെ.)

ഭർത്താവും രണ്ട് പെൺമക്കളും അടങ്ങുന്ന തന്റെ കുടുംബത്തിന്റെ വാർഷിക വരുമാനം 24,000 രൂപ മാത്രമാണെന്നും മൂന്ന് സെന്റ് സ്ഥലത്താണ് താമസിക്കുന്നതെന്നും എന്നാൽ തനിക്ക് അനുവദിച്ചിരിക്കുന്നത് എ.പി.എൽ. റേഷൻ കാർഡാണെന്നും ആയത് മുൻഗണനാ വിഭാഗത്തിലേക്ക് മാറ്റുന്നതിന് നടപടി സ്വീകരിക്കണമെന്നുമായിരുന്നു ഹർജിയിലെ ആവശ്യം. പ്രസ്തുത ഹർജിയിൻമേൽ ഭക്ഷ്യ പൊതുവിതരണ വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ടിൽ, 1526078048-ാം നമ്പർ റേഷൻ കാർഡ് ഉടമയായ ശ്രീമതി സോഫി ജോഷി 1-10-2018 മുതൽ മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെട്ടിട്ടുള്ളതായി അറിയിച്ചിരുന്നു. പ്രസ്തുത റിപ്പോർട്ട് 30-4-2019-ലെ യോഗത്തിൽ സമിതി അംഗീകരിച്ചു. ഹർജിക്കാരിയുടെ ആവശ്യം പരിഹരിക്കാനായതിൽ സമിതിക്ക് അതിയായ സംതൃപ്തിയുണ്ട്.

**2. ശ്രീമതി പോങ്ങിൽ വസന്ത സമർപ്പിച്ച ഹർജി.**

(ഫയൽ നമ്പർ 20653/ഡബ്ല്യു.സി & പി.എച്ച്.എ/20 /നി.സെ.)

നെയ്യാറ്റിൻകര വനിതാ സെല്ലിൽ സേവനമനുഷ്ഠിച്ചിരുന്ന വനിതാ എസ്.ഐ.ക്ക് സ്ഥലം മാറ്റം ലഭിച്ചതിനാൽ പരാതികൾക്ക് പരിഹാരം ലഭിക്കുന്നില്ലെന്നും നെയ്യാറ്റിൻകര വനിതാ ഹെൽപ്പ് ഡെസ്കിൽ വനിതാ എസ്.ഐ.യെ നിയമിക്കണമെന്നും വനിതാ സ്റ്റേഷനിൽ കേസ്സുകൾ അന്വേഷിക്കാൻ പോകുന്നതിനായി ഒരു ജീപ്പ് അനുവദിക്കണമെന്നുമായിരുന്നു ഹർജിക്കാരി ആവശ്യപ്പെട്ടിരുന്നത്. ഹർജിയിന്മേൽ ആഭ്യന്തര (കെ) വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ടിൽ ഹർജിയിലെ ആവശ്യം പരിഗണിച്ച നെയ്യാറ്റിൻകര പിങ്ക് പട്രോളിംഗിൽ ജോലിനോക്കുന്ന വനിതാ എസ്.ഐ. പ്രസ്തുത ഡ്യൂട്ടിക്കൊപ്പം വനിതാ ഹെൽപ്പ് ഡെസ്കിന്റെ അധിക ചുമതലകൂടി ഏറ്റെടുത്ത് പരാതിക്കാരുടെ പരാതികൾ സ്വീകരിച്ച് പരിഹരിച്ചുവരുന്നതിനാൽ സ്ത്രീജനങ്ങൾക്ക് വനിതാ പോലീസിന്റെ സേവനം ലഭിക്കുന്നുണ്ടെന്ന് അറിയിച്ചിരുന്നു. കൂടാതെ, നെയ്യാറ്റിൻകര വനിതാ സെല്ലിലേക്ക് 1-6-2019-ൽ KL.01.AU 4098 നമ്പർ ടാറ്റാസുമോ വാഹനം അനുവദിച്ചിട്ടുണ്ടെന്നും നിലവിൽ വനിതാ ഹെൽപ്പ് ഡെസ്കിൽ സർക്കാർ വാഹനം ലഭ്യമാണെന്നും അറിയിച്ചിരുന്നു. പ്രസ്തുത റിപ്പോർട്ട് 4-9-2019-ലെ യോഗത്തിൽ സമിതി അംഗീകരിച്ചു. ഹർജിക്കാരിയുടെ ആവശ്യങ്ങളിന്മേൽ അനുകൂലമായ നടപടിയുണ്ടായതിൽ സമിതിയ്ക്ക് സന്തോഷമുണ്ട്.

### 3. ശ്രീ. തോമസ് കോലത്ത്, കിഴക്കഞ്ചേരി സർപ്പിച്ച ഹർജി

(ഫയൽ നമ്പർ 27551/ഡബ്ല്യൂ.സി & പി.എച്ച്.എ 2/2017/നി.സെ)

തന്റെ രണ്ട് വൃക്കകളും 95% ത്തിലേറെ പ്രവർത്തന രഹിതമാണെന്നും ആഴ്ചയിൽ മൂന്ന് പ്രാവശ്യം ഡയാലിസിസ് നടത്തിവരികയാണെന്നും നാട്ടുകാർ പിരിവെടുത്താണ് ചികിത്സാച്ചെലവ് വഹിക്കുന്നതെന്നും ആയതിനാൽ തന്റെ ദയനീയാവസ്ഥ പരിഗണിച്ച് റേഷൻ കാർഡ് ബി.പി.എൽ. (മുൻഗണന) വിഭാഗത്തിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കണമെന്നുമായിരുന്ന ഹർജിയിലെ ആവശ്യം.

ഹർജിയിന്മേൽ ഭക്ഷ്യപൊതുവിതരണ വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ടിൽ ഹർജിക്കാരന്റെ അതിദയനീയ അവസ്ഥ പരിഗണിച്ച് ടിയാൾ അംഗമായ റേഷൻ കാർഡ് മുൻഗണനാവിഭാഗത്തിലേക്ക് മാറ്റി നൽകിയതായി അറിയിച്ചിരുന്നു. പ്രസ്തുത റിപ്പോർട്ട് 30-10-2018-ലെ യോഗത്തിൽ സമിതി അംഗീകരിച്ചു.

### 4. ശ്രീമതി ശ്യാമള എസ്., തിരുവനന്തപുരം സമർപ്പിച്ച ഹർജി

(ഫയൽ നമ്പർ 15147/ഡബ്ല്യൂ.സി & പി.എച്ച്. എ 3/2015/നി.സെ.)

ബി.പി.എൽ. വിഭാഗത്തിൽപ്പെട്ട പരാതിക്കാരിയുടെ ഭർത്താവ് 2007-ൽ മരണപ്പെട്ടുവെന്നും ദേശീയ കുടുംബക്ഷേമ പദ്ധതി പ്രകാരമുള്ള ധനസഹായം ലഭിക്കുന്നതിന് അപേക്ഷ നല്കി വർഷങ്ങൾ കഴിഞ്ഞിട്ടും ആയത് ലഭിച്ചിട്ടില്ലെന്നും അക്ഷരാഭ്യാസമില്ലാത്ത തനിക്ക് പ്രസ്തുത ധനസഹായം ലഭിക്കുന്നതിന് സമിതി ഇടപെടണമെന്നുമായിരുന്ന ഹർജിയിലെ ആവശ്യം. പ്രസ്തുത വിഷയം സംബന്ധിച്ച് സാമൂഹ്യനീതി വകുപ്പ് സമർപ്പിച്ച റിപ്പോർട്ടിൽ 2-6-2015-ലെ ചെക്ക് പ്രകാരം 10,000 രൂപ ദേശീയ കുടുംബക്ഷേമ പദ്ധതി ധനസഹായമായി ശ്രീമതി ശ്യാമളയ്ക്ക് നല്കിയതായി അറിയിച്ചു.

ഹർജിക്കാരിയുടെ ആവശ്യം നിറവേറ്റിയതിൽ സമിതിക്ക് അതിയായ ചാരിതാർത്ഥ്യം ഉണ്ട്.

### 5. പത്രവാർത്തയിന്മേൽ സമിതി സ്വമേധയാ സ്വീകരിച്ച പരാതി

(ഫയൽ നമ്പർ 18798/ഡബ്ല്യൂ.സി & പി.എച്ച്. ബി1/2018/നി.സെ)

ശരീരം തളർന്നുകിടക്കുന്ന, ആയൂർ സ്വദേശിനിയായ ദേവനന്ദ എന്ന കുട്ടിയുടെ ദയനീയ സ്ഥിതി സംബന്ധിച്ച പത്രവാർത്ത സമിതി സ്വമേധയാ പരാതിയായി സ്വീകരിക്കുകയും കുട്ടിക്ക് ചികിത്സാ ധനസഹായവും മാതാപിതാക്കൾക്ക് കിടപ്പാടവും ലഭ്യമാക്കുന്നത് സംബന്ധിച്ച് റവന്യൂ, സാമൂഹ്യനീതി, ആരോഗ്യ കുടുംബക്ഷേമം, തദ്ദേശസ്വയംഭരണം എന്നീ വകുപ്പുകളോട് റിപ്പോർട്ട് ആവശ്യപ്പെട്ട് കത്തും നിരവധി ഓർമ്മക്കുറിപ്പുകളും

അയയ്ക്കുകയുമുണ്ടായി. റവന്യൂ വകുപ്പ് 20-6-2019 തീയതിയായി ലഭ്യമാക്കിയ റിപ്പോർട്ടിൽ കുട്ടിക്ക് ചികിത്സാ ധനസഹായമായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും 10,000 രൂപ അനുവദിച്ചതായി അറിയിച്ചു.

തദ്ദേശസ്വയംഭരണ വകുപ്പ് റിപ്പോർട്ട് ലഭ്യമാക്കാത്തതിനാൽ 30-9-2019-ന് സമിതി പ്രസ്തുത വകുപ്പ് ഉദ്യോഗസ്ഥരിൽ നിന്ന് തെളിവെടുപ്പ് നടത്തി. കുട്ടിയുടെ കുടുംബത്തിന് സന്നദ്ധ പ്രവർത്തകർ വീട് നൽകിയിട്ടുണ്ടെന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും രണ്ട് തവണ 10,000 രൂപ വീതം ധനസഹായം നൽകിയെന്നും ഒരു സോഷ്യൽ വർക്കറും ഗ്രാമപഞ്ചായത്തിൽ നിന്നും ബ്ലോക്ക് പഞ്ചായത്തിൽ നിന്നും മാസംതോറും 1,000 രൂപ വീതവും നൽകുന്നുണ്ടെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സമിതിയെ അറിയിക്കുകയുണ്ടായി. കൂടാതെ കുട്ടിയുടെ ആരോഗ്യപ്രശ്നങ്ങൾ സംബന്ധിച്ചും പോഷകാഹാരം സംബന്ധിച്ചും ആരോഗ്യ പ്രവർത്തകരുടെയും ഐ.സി.ഡി.എസ്. സൂപ്പർവൈസറുടെയും നിരന്തര ഇടപെടലുകൾ ഉറപ്പാക്കുന്നതിന് ഇടമുളയ്ക്കൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിട്ടുള്ളതായും സമിതിയെ അറിയിച്ചു.

സമിതിയുടെ ഇടപെടൽമൂലം, ദേവനന്ദയുടെ കുടുംബത്തിന് അർഹമായ എല്ലാ സഹായവും വീടും ലഭ്യമാക്കാൻ സാധിച്ചതിനാൽ ഫയൽ നടപടി അവസാനിപ്പിക്കുകയുണ്ടായി.

### 6. ശ്രീമതി മിനി കെ. ടി., രാമമംഗലം സമർപ്പിച്ച ഹർജി

(ഫയൽ നമ്പർ 20175/ഡബ്ല്യൂ.സി&പി.എച്ച്.ബി2/2017/നി.സെ.)

വിധവയും രണ്ട് കുട്ടികളുടെ മാതാവുമായ 46 വയസ്സുള്ള ഹർജിക്കാരി 2003 മുതൽ വടവുകോട് ഐ.സി.ഡി.എസ്.-ന്റെ കീഴിൽ പൂതൃക്ക ഗ്രാമപഞ്ചായത്തിലെ വിവിധ അങ്കണവാടികളിൽ വർക്കറായി താൽക്കാലികാടിസ്ഥാനത്തിൽ ജോലി നോക്കിവരികയാണെന്നും പ്രസ്തുത തസ്തികയിൽ സ്ഥിര നിയമനത്തിനായി 2010-ലും 2014-ലും ഇന്റർവ്യൂ നടത്തി തയ്യാറാക്കിയ റാങ്ക് ലിസ്റ്റുകളിൽ ഒന്നാമതായിരുന്നെങ്കിലും സ്ഥിരനിയമനം നൽകിയില്ലെന്നും 2015 ഏപ്രിലിൽ ഒഴിവുണ്ടായപ്പോൾ ബഹു. കോടതി റാങ്ക് ലിസ്റ്റ് സ്റ്റേ ചെയ്തതിനാൽ ജോലി ലഭിച്ചില്ലെന്നും 2018 ഏപ്രിലിൽ വർക്കറുടെ രണ്ട് സ്ഥിരം ഒഴിവുകൾ വരുന്നതിൽ തനിക്ക് സ്ഥിര നിയമനം ലഭിക്കുമെന്ന് പ്രതീക്ഷിച്ചിരുന്നുവെങ്കിലും പ്രസ്തുത നിയമനത്തിനായി അധികാരികൾ വീണ്ടും ഇന്റർവ്യൂ നടത്താൻ തീരുമാനിച്ചിട്ടുണ്ടെന്നും അതോടെ നിലവിലുള്ള റാങ്ക് ലിസ്റ്റ് റദ്ദാകുമെന്നും അതിനാൽ പ്രസ്തുത റാങ്ക് ലിസ്റ്റിന്റെ കാലാവധി 2018 ജൂൺ വരെ നീട്ടുന്നതിനും 2018 ഏപ്രിലിൽ വരുന്ന സ്ഥിരം ഒഴിവിൽ സ്ഥിരനിയമനം നൽകുന്നതിനും നടപടി സ്വീകരിക്കണമെന്നുമായിരുന്നു ഹർജിയിലെ ആവശ്യം.

പ്രസ്തുത ഹർജി റിപ്പോർട്ട് ലഭ്യമാക്കുന്നതിനായി 28-7-2017-നും ഇതേ ആവശ്യമുന്നയിച്ച് ടിയാൾ 15-12-2017-ന് സമർപ്പിച്ച തുടർഹർജി 7-2-2018-നും സാമൂഹ്യനീതി വകുപ്പിന് അയച്ചു. ടി വകുപ്പിൽ നിന്നും 1-9-2018 തീയതിയായി ലഭ്യമാക്കിയ റിപ്പോർട്ടിൽ വടവുകോട് ഐ.സി.ഡി.എസ്. പരിധിയിലുള്ള പൂതൃക്ക ഗ്രാമപഞ്ചായത്തിൽ 2010-ൽ തയ്യാറാക്കിയ അംഗൻവാടി വർക്കർമാരുടെ സീനിയോറിറ്റി ലിസ്റ്റിലെ 1-ാം റാങ്കുകാരിയായിരുന്ന ശ്രീമതി. മിനി. കെ.ടി.യ്ക്ക് പൂതൃക്ക ഗ്രാമപഞ്ചായത്തിൽ ഒഴിവുകൾ ഇല്ലാതിരുന്ന സാഹചര്യത്തിലാണ് സ്ഥിരനിയമനം നൽകാൻ കഴിയാതിരുന്നത് എന്നും 30.04.2018-ൽ പൂതൃക്ക ഗ്രാമപഞ്ചായത്തിൽ ഉണ്ടായിട്ടുള്ള സ്ഥിരം ഒഴിവിൽ ശ്രീമതി മിനി. കെ.ടി.യ്ക്ക് സ്ഥിരനിയമനം നൽകിയിട്ടുള്ളതും ടി ആളുടെ ആവശ്യം പരിഹരിച്ചിട്ടുള്ളതുമാണ് എന്നും അറിയിച്ചു. ടി റിപ്പോർട്ട് 7-11-2018-ലെ സമിതിയോഗം അംഗീകരിച്ചു. സമിതിയുടെ ഇടപെടൽമൂലം ഹർജിക്കാരിയുടെ പരാതിക്ക് പരിഹാരം കാണാൻ സാധിച്ചതിൽ സമിതിക്ക് അതിയായ സന്തോഷമുണ്ട്.

**7. ശ്രീ. ശശികുമാർ, ആലപ്പുഴ സമർപ്പിച്ച ഹർജി**

(ഫയൽ നമ്പർ 14609/ഡബ്ല്യൂ.സി & പി.എച്ച്.ബി2/2017/നി.സെ.)

അംഗപരിമിതനായ ഹർജിക്കാരൻ നിത്യവൃത്തിക്കായി നിർമ്മിച്ച പെട്ടിക്കടയ്ക്ക് ലൈസൻസ് ലഭിക്കാനുള്ള നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് നൽകിയ പ്രസ്തുത ഹർജിയിൻമേൽ റിപ്പോർട്ടാവശ്യപ്പെട്ട് 28-1-2017-ന് തദ്ദേശസ്വയംഭരണ വകുപ്പിന് കത്തയയ്ക്കുകയുണ്ടായി. 10-12-2018 തീയതിയിൽ വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ടിൽ, ബങ്ക് അനുവദിക്കുന്നതിന് അപേക്ഷകൻ ഹരിപ്പാട് നഗരസഭയിൽ സമർപ്പിച്ച അപേക്ഷ പരിഗണിച്ച് ടിയാന് ബങ്ക് നമ്പർ-7, നന്ദു സ്റ്റോഴ്സ് എന്ന പേരിൽ ബങ്ക് അനുവദിച്ചിട്ടുള്ളതാണെന്നും അപേക്ഷകൻ ബങ്കിന് പ്രതിമാസ വാടക ഒടുക്കി വരുന്നതുമാണെന്നും അറിയിച്ചു.

അംഗപരിമിതനായ വ്യക്തിയുടെ ഹർജിയിൽ സമിതിയുടെ കൃത്യമായ ഇടപെടൽ മൂലമാണ് ടിയാന് ഒരു ജീവിതമാർഗ്ഗം ലഭിച്ചത് എന്നതിൽ സമിതിക്ക് അതിയായ സന്തോഷമുണ്ട്.

**8. അഴുത ശിശു വികസന പദ്ധതി ഓഫീസർ സമർപ്പിച്ച ഹർജി**

(ഫയൽ നമ്പർ. 16384/ഡബ്ല്യൂ.സി&പി.എച്ച്.ബി2/2014/നി.സെ.)

വണ്ടിപ്പെരിയാർ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ആറ് അങ്കണവാടി കെട്ടിടങ്ങളുടെ വാടക ഒഴിവാക്കി കിട്ടുന്നതിനായി അഴുത ശിശുവികസന പദ്ധതി ഓഫീസർ 2014-ൽ സമർപ്പിച്ചിരുന്ന ഹർജിയിന്മേൽ സമിതി സാമൂഹ്യനീതി വകുപ്പിന് നൽകിയ നിർദ്ദേശങ്ങളെ തുടർന്ന് എസ്റ്റേറ്റ് കെട്ടിടങ്ങളിൽ പ്രവർത്തിച്ചു വന്നിരുന്ന അഞ്ച്

അങ്കണവാടികളുടെ വാടക ഒഴിവാക്കി നൽകിയിരുന്നു. എന്നാൽ, ഹർജിയിലെ 6-ാം നമ്പർ മിനി അങ്കണവാടി പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ വാടക ഒഴിവാക്കി നൽകണമെന്ന ആവശ്യത്തിന്മേൽ സാമൂഹ്യനീതി വകുപ്പ് ലഭ്യമാക്കിയ 5-10-2015-ലെ റിപ്പോർട്ടിൽ പ്രസ്തുത അങ്കണവാടി പ്രവർത്തിക്കുന്നത് എസ്റ്റേറ്റ് കെട്ടിടത്തിലാണെങ്കിലും അത് മറ്റൊരാൾക്ക് വാടകയ്ക്ക് നൽകിയിട്ടുള്ളതാണെന്നും അവരിൽ നിന്നാണ് ടി അങ്കണവാടി വാടകയ്ക്ക് എടുത്തതെന്നും അറിയിച്ചിരുന്നു. പ്രസ്തുത റിപ്പോർട്ട് സമിതി 11-11-2015-ൽ പരിഗണിക്കുകയും 6-ാം നമ്പർ മിനി അങ്കണവാടി കെട്ടിടം വാടക ഒഴിവാക്കി നേരിട്ട് നൽകുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സാമൂഹ്യനീതി വകുപ്പിനോട് ആവശ്യപ്പെടുകയും ചെയ്തിരുന്നു. അതേത്തുടർന്ന് വകുപ്പിൽ നിന്നും ലഭിച്ച 15-11-2018-ലെ മറുപടിയിൽ അഴുത അഡീഷണൽ പ്രോജക്ടിന്റെ പരിധിയിൽപ്പെട്ടതും എസ്റ്റേറ്റ് ലയങ്ങളിൽ പ്രവർത്തിക്കുന്നതുമായ അംഗനവാടികളുടെ വാടക ഒഴിവാക്കി നൽകണമെന്ന് കാണിച്ച് അഴുത അഡീഷണൽ സി.ഡി.പി.ഒ. 27-5-2014-ന് കത്ത് നൽകിയതിന്റെ അടിസ്ഥാനത്തിൽ അംഗനവാടി സെന്റർ നമ്പർ 48, 49, 92, 94, 95 എന്നിവയെ വാടകയിൽ നിന്നും എസ്റ്റേറ്റ് മാനേജ്മെന്റ് ഒഴിവാക്കിയിട്ടുണ്ടെന്നും എന്നാൽ പോബ്സ് എസ്റ്റേറ്റ് ഗ്രാമ്പി 9 മുറിയിൽ പ്രവർത്തിക്കുന്ന സെന്റർ നമ്പർ 6 മിനി അംഗനവാടി വാടക നൽകിയാണ് പ്രവർത്തിച്ചു വന്നിരുന്നത്. 2015 ഫെബ്രുവരി മാസത്തിനു ശേഷം ശിശു വികസന പദ്ധതി ഓഫീസറുടെ അപേക്ഷയിന്മേൽ എസ്റ്റേറ്റ് മാനേജ്മെന്റ് വാടകയില്ലാതെ ഒരു കെട്ടിടം വിട്ടു നൽകുകയും ചെയ്തിട്ടുണ്ട്. നിലവിൽ ടി കെട്ടിടത്തിൽ പ്രവർത്തിച്ചു വരുന്ന 6-ാം നമ്പർ മിനി അംഗനവാടിക്ക് വാടക നൽകുന്നില്ല എന്നും അറിയിക്കുകയുണ്ടായി. ടി റിപ്പോർട്ട് 2018 ഡിസംബർ 27-ാം തീയതിയിലെ സമിതി യോഗം അംഗീകരിച്ചു.

സമിതിയുടെ നിരന്തരമായ ഇടപെടലിലൂടെ പ്രസ്തുത വിഷയത്തിൽ അനുകൂലമായ തീരുമാനം ഉണ്ടായതിൽ സമിതിക്ക് അതിയായ ചാരിതാർഥ്യമുണ്ട്.

**9. ശ്രീമതി കാർത്ത്യായനി, കാസർഗോഡ് സമർപ്പിച്ച ഹർജി**

(ഫയൽ നമ്പർ 22043/ഡബ്ല്യൂ.സി & പി.എച്ച്.ബി3/13/നി.സെ.)

പരാതിക്കാരിയുടെ മകൾ ധന്യ ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന ബുദ്ധിമാന്ദ്യമുള്ള കുട്ടിയാണെന്നും എൻഡോസൾഫാൻ ദുരിതബാധിതരുടെ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള കുട്ടിക്ക് 'ആശ്വാസകിരണം' പദ്ധതി മുഖേന ലഭിച്ചുകൊണ്ടിരുന്ന പെൻഷൻ രണ്ടര വർഷമായി മുടങ്ങിയിരിക്കുകയാണെന്നും അതിനാൽ കുടിശ്ശികയോടുകൂടി പെൻഷൻ ലഭിക്കുന്നതിനും ചികിൽസയ്ക്കായി സഹകരണബാങ്കിൽ നിന്നെടുത്ത വായ്പ എഴുതിത്തള്ളുന്നതിനും നടപടി സ്വീകരിക്കണം എന്നുമായിരുന്നു ഹർജിയിൽ ആവശ്യപ്പെട്ടിരുന്നത്. പരാതി റിപ്പോർട്ടിനായി സഹകരണം, സാമൂഹ്യനീതി എന്നീ വകുപ്പുകൾക്ക് അയച്ചു.

എൻഡോസൾഫാൻ ദുരിതബാധിതരായ രോഗികളെ പരിചരിക്കുന്ന സ്പെഷ്യൽ ആശ്വാസകിരണം പദ്ധതി പ്രകാരം കുമാരി ധന്യയെ പരിചരിക്കുന്നതിനായി ശ്രീമതി കാർത്ത്യായനി എന്ന വ്യക്തി കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുമ്പാകെ അപേക്ഷ സമർപ്പിച്ചതിനെ തുടർന്ന് 700 രൂപ നിരക്കിൽ പ്രതിമാസ ധനസഹായം അനുവദിച്ചതായും കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിതബാധിതർ സഹകരണ ബാങ്കുകളിൽ നിന്നെടുത്ത വായ്പകൾ സംബന്ധിച്ച വിവരം പരിശോധനയ്ക്കായി കാസർഗോഡ് ജില്ലാ കളക്ടർ, ജോയിന്റ് രജിസ്ട്രാർക്ക് (ജനറൽ) അയച്ചുകൊടുത്ത പട്ടികയിൽ ശ്രീമതി കാർത്ത്യായനി എടുത്ത വായ്പകൾ സംബന്ധിച്ച വിവരങ്ങൾ ഉൾപ്പെട്ടിട്ടില്ലെന്നും, വായ്പ തിരിച്ചടയ്ക്കുന്ന പക്ഷം പിഴപ്പലിശ, മറ്റ് ചെലവുകൾ എന്നിവ ഒഴിവാക്കാൻ ബാങ്ക് തയ്യാറാണെന്നും സഹകരണ വകുപ്പ് അറിയിച്ചിട്ടുണ്ടെന്നും 21-4-2016-ലെ റിപ്പോർട്ട് പ്രകാരം സാമൂഹ്യനീതി വകുപ്പ് അറിയിച്ചിരുന്നു.

പ്രസ്തുത റിപ്പോർട്ട് പരിഗണിച്ച സമിതി കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിതബാധിതർ സഹകരണ ബാങ്കുകളിൽ നിന്നെടുത്ത വായ്പകൾ സംബന്ധിച്ച വിവരം, പരിശോധനയ്ക്കായി കാസർഗോഡ് ജില്ലാ കളക്ടർ ജോയിന്റ് രജിസ്ട്രാർക്ക് (ജനറൽ) അയച്ചുകൊടുത്ത ലിസ്റ്റിൽ പരാതിക്കാരിയുടെ വിവരങ്ങൾ ഉൾപ്പെടുത്താത്തതെന്തുകൊണ്ടാണെന്നും 'ആശ്വാസ കിരണം' പദ്ധതി പ്രകാരം എത്ര തുക കുടിശ്ശികയുണ്ടെന്നും ആയത് എന്നത്തേയ്ക്ക് കൊടുത്തു തീർക്കാൻ സാധിക്കുമെന്നുള്ള വിവരങ്ങൾ സാമൂഹ്യനീതി വകുപ്പിനോട് ആരാഞ്ഞു.

തുടർന്ന്, കേരള സാമൂഹ്യ സുരക്ഷാ മിഷൻ ടിയാൾക്ക് പ്രതിമാസം 700 രൂപ വീതമുള്ള ധനസഹായം ആഗസ്റ്റ് 2016 വരെ അനുവദിച്ചു കഴിഞ്ഞുവെന്നും ലൈഫ് സർട്ടിഫിക്കറ്റ് ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ശേഷിക്കുന്ന മാസങ്ങളിലെ ധനസഹായം അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു എന്നും അറിയിക്കുകയുണ്ടായി.

പെരിയ സർവ്വീസ് സഹകരണ ബാങ്കിൽ നിന്നും ശ്രീമതി എ. കാർത്ത്യായനി എടുത്ത വായ്പയിൽ മുതലും പലിശയുമായി 55,671 രൂപ അടയ്ക്കാൻ ബാക്കി നിൽപ്പുണ്ടെന്നും 13% നിരക്കിൽ അനുവദിച്ച വായ്പ 12% ആയി കുറയ്ക്കുകയും പിഴ പലിശ, മറ്റ് ചെലവുകൾ എന്നിവ പൂർണ്ണമായി ഒഴിവാക്കി നിയമാനുസൃതം ചെയ്യാവുന്ന മറ്റ് ഇളവുകൾ നൽകി വായ്പാ കുടിശ്ശിക തീർക്കുന്നതിന് സന്നദ്ധമാണ് എന്ന് രേഖാമൂലം പെരിയ സർവ്വീസ് സഹകരണസംഘം സെക്രട്ടറി അറിയിച്ചിട്ടുണ്ടെന്നും വായ്പക്കാരി, എൻഡോസൾഫാൻ ദുരിതബാധിതരുടെ വായ്പ എഴുതിത്തള്ളുന്ന പദ്ധതിയുടെ പരിഗണന പട്ടികയിൽ ഉൾപ്പെട്ട വ്യക്തി ആയതിനാൽ ടിയാളുടെ വായ്പ മേൽ പദ്ധതിയിൽ ഉൾപ്പെടുത്തി എഴുതിത്തള്ളാൻ സാധ്യതയുണ്ടെന്നതിനാൽ തുടർനടപടിയ്ക്കായി ആരോഗ്യ കുടുംബക്ഷേമ വകുപ്പിനും സാമൂഹ്യനീതി വകുപ്പിനും കുറിപ്പ് നൽകിയിട്ടുണ്ടെന്നും സഹകരണ (സി) വകുപ്പ് 18-1-2019-ലെ റിപ്പോർട്ടിൽ അറിയിച്ചു.

"കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിതബാധിതർ സഹകരണ ബാങ്കുകളിൽ നിന്നെടുത്ത വായ്പകൾ സംബന്ധിച്ച വിവരം സഹകരണ വകുപ്പ് ജോയിന്റ് രജിസ്ട്രാർക്ക് അയച്ചുകൊടുത്തിട്ടുണ്ടെന്നും ടി ലിസ്റ്റിൽ ശ്രീമതി കാർത്ത്യായനിയുടെ വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടുള്ളതും നിലവിൽ കടാശ്വാസ പദ്ധതിയിൽ ഉൾപ്പെടുത്തി ശ്രീമതി കാർത്ത്യായനിയുടെ 2,50,000 രൂപയുടെ കടബാധ്യത എഴുതിത്തള്ളിയതായും ശ്രീമതി കാർത്ത്യായനിയുടെ മകൾ ധന്യ കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിതബാധിതരുടെ പട്ടികയിൽ പുല്ലൂർ പെരിയ പഞ്ചായത്ത് ഒ.പി.നമ്പർ 3838 നമ്പറായി രജിസ്റ്റർ ചെയ്തിട്ടുള്ളതും ടിയാളെ Mentally Retarded കാറ്റഗറിയിൽ ഉൾപ്പെടുത്തി 5 ലക്ഷം രൂപ നൽകിയിട്ടുണ്ടെന്നും കാസർഗോഡ് ജില്ലാ കളക്ടറും ശ്രീമതി കാർത്ത്യായനിക്ക് ആശ്വാസകിരണം പദ്ധതി പ്രകാരം 2012 ഒക്ടോബർ മുതൽ 2013 ആഗസ്റ്റ് വരെയുള്ള ധനസഹായം 400 രൂപ നിരക്കിലും 2013 സെപ്റ്റംബർ മുതൽ 2014 മാർച്ച് വരെയുള്ള ധനസഹായം 525 രൂപ നിരക്കിലും അനുവദിച്ചിട്ടുണ്ടെന്നും തുടർന്ന് 2014 ഏപ്രിൽ മുതൽ ടി വ്യക്തിയെ സ്പെഷ്യൽ ആശ്വാസകിരണം പദ്ധതിയിൽ ഉൾപ്പെടുത്തി വർദ്ധിച്ച തുകയായ 700 രൂപ പ്രതിമാസ നിരക്കിൽ ധനസഹായം അനുവദിക്കുന്നുണ്ടെന്നും ശ്രീമതി കാർത്ത്യായനിക്ക് കുടിശ്ശികയൊന്നും അനുവദിക്കാനില്ല എന്നും കേരള സാമൂഹ്യസുരക്ഷാ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറും റിപ്പോർട്ട് ചെയ്തിട്ടുള്ളതായി 13-5-2019-ലെ റിപ്പോർട്ടിൽ സാമൂഹ്യനീതി വകുപ്പ് അറിയിച്ചു. "

പ്രസ്തുത റിപ്പോർട്ട് 23-7-2019-ലെ യോഗത്തിൽ സമിതി പരിഗണിക്കുകയും റിപ്പോർട്ട് വിവരം ഹർജിക്കാരിയെ അറിയിക്കുകയും ചെയ്തു.

സമിതിയുടെ നിരന്തരമായ ഇടപെടലിലൂടെ ഹർജിക്കാരിയുടെ ആവശ്യങ്ങൾ നേടിക്കൊടുക്കാൻ കഴിഞ്ഞതിൽ സമിതിക്ക് അതിയായ ചാരിതാർത്ഥ്യമുണ്ട്.

### 10. ശ്രീ. പി. നജീബ്, മലപ്പുറം സമർപ്പിച്ച പരാതി

(ഫയൽ നമ്പർ 17222/ഡബ്ല്യു.സി.&പി.എച്ച്.ബി3/2011/നി.സെ)

ഹർജിക്കാരന്റെ ബുദ്ധിവൈകല്യമുള്ള മകന് വികലാംഗ പെൻഷൻ ലഭിക്കുന്നതിനായി മേലാറ്റൂർ ഗ്രാമപഞ്ചായത്തിൽ അപേക്ഷ സമർപ്പിച്ചപ്പോൾ വൈകല്യ സർട്ടിഫിക്കറ്റിൽ 'IQ' രേഖപ്പെടുത്തിയിട്ടില്ലെന്ന കാരണത്താൽ അപേക്ഷ നിരസിച്ചതായും ഇത്തരത്തിലുള്ള മറ്റ് അപേക്ഷകളും നിരസിച്ചതായി അറിയാൻ കഴിഞ്ഞെന്നും നിലവിൽ സാമൂഹ്യനീതി വകുപ്പും ആരോഗ്യകുടുംബക്ഷേമ വകുപ്പ് മെഡിക്കൽ ബോർഡും നൽകുന്ന സർട്ടിഫിക്കറ്റുകളിൽ IQ രേഖപ്പെടുത്തുന്നില്ലെന്നും IQ രേഖപ്പെടുത്തി ലഭിക്കുന്നതിന് മെഡിക്കൽ കോളേജുകളിലും ജില്ലാ ആശുപത്രികളിലും പ്രത്യേക ദിവസങ്ങളിൽ മാത്രമേ സൗകര്യം ഉള്ളൂ എന്നും ഇത് ഇത്തരക്കാർക്ക് വളരെയധികം ബുദ്ധിമുട്ടുണ്ടാക്കുന്നുവെന്നും ആയതിനാൽ ഡിസെബിലിറ്റി

സർട്ടിഫിക്കറ്റിൽ വൈകല്യത്തിന്റെ തോത് രേഖപ്പെടുത്തിയ അർഹരായവർക്കെല്ലാം വികലാംഗ പെൻഷൻ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നുമായിരുന്നു ശ്രീ. പി. നജീബ്, മലപ്പുറം സമർപ്പിച്ച ഹർജിയിലെ ആവശ്യം.

പ്രസ്തുത ഹർജി റിപ്പോർട്ടിനായി 5-1-2012-ന് സാമൂഹ്യനീതി വകുപ്പിനയക്കുകയും 25-3-2013-ന് സാമൂഹ്യനീതി വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ടിൽ, ബുദ്ധിമാന്ദ്യമുള്ളവരുടെ ഐ.ക്യൂ പരിശോധിച്ചതിനു ശേഷമാണ് അവരുടെ വൈകല്യത്തിന്റെ തോത് നിർണ്ണയിക്കുന്നതെന്നും ഡിസെബിലിറ്റി സർട്ടിഫിക്കറ്റിൽ വൈകല്യത്തിന്റെ തോത് രേഖപ്പെടുത്തിയ അർഹരായവർക്കെല്ലാം വികലാംഗ പെൻഷൻ നൽകണമെന്ന ആവശ്യം വികലാംഗ പെൻഷൻ പദ്ധതി പരിഷ്കരിക്കുന്നതിന് സർക്കാർ നിയോഗിച്ച കമ്മിറ്റിയുടെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിന് കേരള സംസ്ഥാന വികലാംഗക്ഷേമ കമ്മീഷണർക്ക് നിർദ്ദേശം നൽകി എന്നും പ്രസ്തുത കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യത്തിൽ അന്തിമതീരുമാനം കൈക്കൊള്ളുന്നതാണെന്നും അറിയിക്കുകയുണ്ടായി.

പ്രസ്തുത റിപ്പോർട്ട് 5-6-2013-ലെ യോഗത്തിൽ സമിതി പരിഗണിക്കുകയും അന്തിമ റിപ്പോർട്ട് സാമൂഹ്യനീതി വകുപ്പിനോട് ആരായുകയും ചെയ്തു. തുടർന്ന് സാമൂഹ്യനീതി വകുപ്പ് ലഭ്യമാക്കിയ 30-11-17-ലെ കത്തിൽ 'വികലാംഗ പെൻഷൻ' എന്ന വിഷയം ഇപ്പോൾ കൈകാര്യം ചെയ്യുന്നത് തദ്ദേശസ്വയംഭരണ വകുപ്പാണെന്ന് അറിയിച്ചതിനാൽ റിപ്പോർട്ട് ആവശ്യപ്പെട്ട് പ്രസ്തുത വകുപ്പിന് കത്തയയ്ക്കുകയും ചെയ്തു.

തദ്ദേശസ്വയംഭരണ (ഡിസി) വകുപ്പ് ലഭ്യമാക്കിയ 16-5-19-ലെ റിപ്പോർട്ടിൽ 6-7-2018-ലെ സ.ഉ.(എം.എസ്.) നമ്പർ 241/2018/ധന ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള, സാമൂഹ്യസുരക്ഷാ പെൻഷൻ അനുവദിക്കുന്നതിനുള്ള പുതുക്കിയ മാനദണ്ഡങ്ങളിൽ വികലാംഗ പെൻഷൻ ലഭിക്കുന്നതിന് 50-ൽ കുറഞ്ഞ IQ ആവശ്യമാണെന്ന നിബന്ധന ഉൾപ്പെടുത്തിയിട്ടില്ലെന്നും ഡിസെബിലിറ്റി സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ മറ്റ് അർഹതാ മാനദണ്ഡങ്ങൾക്ക് വിധേയമായി അർഹരായവർക്കെല്ലാം വികലാംഗ പെൻഷൻ നൽകി വരുന്നതായും അറിയിച്ചു.

സമിതിയുടെ ഇടപെടലിലൂടെ ഹർജിക്കാരന്റെയും ഇത്തരത്തിലുള്ള നിരവധി ആളുകളുടെയും ആവശ്യം പരിഹരിക്കാൻ കഴിഞ്ഞതിൽ സമിതിക്ക് അതിയായ ചാരിതാർത്ഥ്യമുണ്ട്.

**11. ശ്രീമതി സലീന, കൊല്ലം സമർപ്പിച്ച പരാതി.**

(ഫയൽ നമ്പർ 16179/ഡബ്ല്യൂ.സി. & പി.എച്ച്. ബി3/2017/നി.സെ.)

പരാതിക്കാരിയുടെ അയൽവാസികളായ ശ്രീ. നൗഷാദ്, ശ്രീ. മുജീബ് എന്നിവർ ടിയാളുടെ വീടിനോട് ചേർന്നുള്ള ഷെഡ്ഡിൽ അനധികൃതമായി ആടുമാടുകളെ കശാപ്പ് ചെയ്യുകയും അവശിഷ്ടങ്ങൾ തൊട്ടടുത്തുള്ള വസ്തുവിൽ കുഴിച്ചിടുകയും ചെയ്യുന്നതുമൂലം അസഹ്യമായ ദുർഗന്ധമുണ്ടാകുന്നെന്നും കിണറുകളിലെ ജലം മലിനമാകുന്നുവെന്നും അറവു മാലിന്യത്തിൽ നിന്നും ബയോഗ്യാസ് ഉണ്ടാക്കുന്നതിന് നിർമ്മിച്ചിട്ടുള്ള പ്ലാന്റ് തുറന്നുവിടുന്നതുമൂലം പകർച്ച വ്യാധികൾ പടർന്നു പിടിക്കുന്നുവെന്നും ഇതിനെതിരെ നടപടി സ്വീകരിക്കണമെന്നുമാവശ്യപ്പെട്ട് വിവിധ അധികാര സ്ഥാനങ്ങളിൽ പരാതി നൽകിയതിന്റെ വിരോധത്തിൽ എതിർകക്ഷികൾ പരാതിക്കാരിയുടെ വീട്ടിൽ അതിക്രമിച്ച് കയറി ദേഹോപദ്രവമേൽപ്പിച്ചെന്നും പോലീസിൽ പരാതിപ്പെട്ടിട്ടും നടപടികൾ സ്വീകരിച്ചില്ലെന്നും അതിനാൽ എതിർകക്ഷികളുടെ നിയമ വിരുദ്ധമായ ഇറച്ചി വ്യാപാരം നിർത്തുന്നതിനും ടിയാൾക്കാരുടെ ഭീഷണിയിൽ നിന്നും സംരക്ഷണം നൽകുന്നതിനും നടപടി സ്വീകരിക്കണമെന്നുമായിരുന്നു പരാതിയിലെ ആവശ്യം.

പ്രസ്തുത പരാതി റിപ്പോർട്ടിനായി ആഭ്യന്തരം, തദ്ദേശസ്വയംഭരണം എന്നീ വകുപ്പുകളിലേക്ക് അയച്ചിരുന്നു.

ആഭ്യന്തര വകുപ്പ് 12-6-2018-ലെ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ടിൽ എതിർ കക്ഷികൾ അനധികൃതമായി മാടുകളെ കശാപ്പ് ചെയ്ത് ഇറച്ചി കച്ചവടം നടത്തുന്നത് നിർത്തി വയ്ക്കുന്നതിന് ബന്ധപ്പെട്ട പഞ്ചായത്ത് അധികൃതരും മറ്റും നൽകിയ നിർദ്ദേശത്തെ അവഗണിച്ച് കശാപ്പു ചെയ്തു എന്നുള്ളതിലേക്ക് എതിർ കക്ഷികളെ പ്രതികളാക്കി ശാസ്താംകോട്ട പോലീസ് കേസ് രജിസ്റ്റർ ചെയ്ത് നടപടികൾ സ്വീകരിച്ചിട്ടുള്ളതാണെന്നും പരാതിയുടെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട അധികാരികളും പോലീസും ഇടപെട്ട് നോട്ടീസ് നൽകി ടി കശാപ്പുശാല ഒന്നര വർഷം മുമ്പ് നിർത്തി വച്ചിട്ടുള്ളതാണെന്നും എതിർകക്ഷികളിൽ നിന്നും പരാതിക്കാരിക്കും മറ്റും ഇപ്പോൾ യാതൊരു ബുദ്ധിമുട്ടും ഇല്ലെന്നും ആയത് സംബന്ധിച്ച് പോലീസ് കൂടുതൽ ശ്രദ്ധയും നിരീക്ഷണവും നടത്തിവരുന്നതുമാണെന്നും എതിർകക്ഷികളെ വിളിച്ച് പരാതി കക്ഷിക്ക് ഏതെങ്കിലും തരത്തിലുള്ള ബുദ്ധിമുട്ടുകൾ ഉണ്ടാക്കരുതെന്ന് താക്കീത് നൽകി വിട്ടയച്ചിട്ടുള്ളതുമാണെന്നും അറിയിച്ചു.

പരാതി വിഷയം സംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ടിൽ ശ്രീമതി സലീന ബഹുമാനപ്പെട്ട ഹൈക്കോടതി മുൻപാകെ ഫയൽ ചെയ്ത ഡബ്ല്യു. പി. (സി) നമ്പർ. 38361/2016(യു)-ൽ 28-6-2017-ലെ വിധിയെത്തുടർന്ന് ടി സ്ഥലത്ത് കശാപ്പ്

നടക്കുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിന് ഗ്രാമപഞ്ചായത്ത് ജീവനക്കാരെ ചുമതലപ്പെടുത്തി സെക്രട്ടറി ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതും കശാപ്പ് നടക്കുന്നുണ്ടെന്ന് റിപ്പോർട്ട് ലഭിച്ചതിനെ തുടർന്ന് മൈനാഗപ്പള്ളി ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ 15-9-2017 ലെ എം.18/3055/17 ഉത്തരവ് പ്രകാരം ടി അറവുശാല അടച്ചുപൂട്ടി സീൽ ചെയ്തിട്ടുണ്ടെന്നും അറിയിച്ചിരുന്നു.

പ്രസ്തുത റിപ്പോർട്ടുകൾ സമിതി അംഗീകരിക്കുകയും റിപ്പോർട്ട് വിവരം ഹർജിക്കാരിയെ അറിയിക്കുകയും ചെയ്തിട്ടുണ്ട്.

ഹർജിക്കാരിയുടെ ആവലാതിക്ക് പരിഹാരം കണ്ടെത്താൻ സാധിച്ചതിൽ സമിതിക്ക് അതിയായ സന്തോഷമുണ്ട്.

**12. തലവൂർ ഡി. വി. വി. എച്ച്. എസ്. എസ്. റിട്ടയേർഡ് എച്ച്.എം. ശ്രീമതി. ആർ. ശ്യാമളാകുമാരിയമ്മ സമർപ്പിച്ച പരാതി**

(ഫയൽ നമ്പർ 21552/ഡബ്ല്യു.സി.&പി.എച്ച്.സി2/2018/നി.സെ.)

തലവൂർ ഡി. വി. വി. എച്ച്. എസ്. എസ്-ൽ നിന്നും എച്ച്.എം. തസ്തികയിൽ റിട്ടയർ ചെയ്ത ശ്രീമതി. ആർ. ശ്യാമളാകുമാരിയമ്മയെ 28-9-2015 മുതൽ 13-10-2015 കാലയളവിൽ മാനേജർ സസ്പെന്റ് ചെയ്യുകയുണ്ടായെന്നും മാനേജ്മെന്റ് കുറ്റക്കാരിയല്ലെന്ന് കണ്ട് തിരികെ സർവ്വീസിൽ പ്രവേശിപ്പിക്കാൻ സർക്കാർ ഉത്തരവുണ്ടായിട്ടും 17-6-2016-ൽ മാത്രമാണ് സർവ്വീസിൽ പുനഃപ്രവേശിപ്പിച്ചതെന്നും എന്നാൽ 28-9-2015 മുതൽ 13-10-2015 കാലയളവ് മാത്രമാണ് ഡ്യൂട്ടിയായി പരിഗണിച്ചതെന്നും ബാക്കിയുള്ള 14-10-2015 മുതൽ 16-6-2016 വരെയുള്ള കാലയളവ് അംഗീകൃത അവധിയായിട്ടാണ് ജില്ലാ ഓഫീസർ ക്രമപ്പെടുത്തിയതെന്നും ആയതിനാൽ സേവനത്തിൽ നിന്നും വിട്ട് നിന്ന കാലയളവ് ഡ്യൂട്ടിയായി പരിഗണിക്കണമെന്നുമായിരുന്നു ടിയാരി സമിതി മുൻപാകെ സമർപ്പിച്ച ഹർജിയിലെ ആവശ്യം.

സമിതി ഹർജി വിഷയത്തിൽ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ അടിയന്തിര നടപടി ആവശ്യപ്പെടുകയും ശ്രീമതി ആർ. ശ്യാമളാകുമാരിയമ്മയുടെ 28-9-2015 മുതൽ 28-5-2016 വരെയുള്ള സസ്പെൻഷൻ കാലയളവ് ടിയാരി ടി കാലയളവിൽ കൈപ്പറ്റിയ ഉപജീവനബത്ത തട്ടിക്കിഴിച്ചുള്ള ശമ്പളവും അലവൻസുകളും ഉൾപ്പെടെ എല്ലാ കാര്യത്തിനും ഡ്യൂട്ടിയായും, 29-5-2016 മുതൽ തിരികെ ജോലിയിൽ പ്രവേശിച്ചതുവരെയുള്ള കാലയളവ് പ്രവേശന കാലമായോ അർഹമായതും അനുവദനീയവുമായ അവധിയായോ ഇവ രണ്ടുമായോ ക്രമീകരിക്കുവാൻ കൊട്ടാരക്കര ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്ന് അറിയിച്ച് വകുപ്പ് സമർപ്പിച്ച റിപ്പോർട്ട് സമിതി അംഗീകരിക്കുകയും റിപ്പോർട്ട് വിവരം ഹർജിക്കാരിയെ അറിയിക്കുകയും ചെയ്തു.

## 13. ശ്രീമതി ഫാത്തിബി എം.സി സമർപ്പിച്ച ഹർജി

(ഫയൽ നമ്പർ 21720/ഡബ്ല്യൂ.സി.&പി.എച്ച്.സി2/2017/നി.സെ.)

നിർദ്ധന കുടുംബത്തിലെ അംഗമായ ഹർജിക്കാരിയുടെ ജന്മനാ ബുദ്ധിമാന്ദ്യവും അസുഖബാധിതനുമായ ഏഴുവയസ്സുകാരൻ മകന്റെ ചികിത്സയ്ക്കായി ഭാരിച്ച തുക ചെലവായെന്നും ആയതിനാൽ മകന്റെ ചികിത്സയ്ക്കായി ധനസഹായം ലഭ്യമാക്കണമെന്നുമാവശ്യപ്പെട്ട് ശ്രീമതി ഫാത്തിബി എം.സി. സമർപ്പിച്ച ഹർജി റിപ്പോർട്ടിനായി സാമൂഹ്യനീതി വകുപ്പിലേയ്ക്കയച്ചിരുന്നു. ഹർജിയിന്മേൽ സാമൂഹ്യനീതി വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട് പ്രകാരം മുൻഗണനാ ക്രമമനുസരിച്ച് ഹർജിക്കാരിയുടെ മകന് വികലാംഗ ദുരിതാശ്വാസനിധി ധനസഹായമായി 5,000 രൂപ അടുത്ത സാമ്പത്തിക വർഷം അനുവദിക്കുന്നതാണെന്ന് അറിയിക്കുകയുണ്ടായി.

## 14. വുമൺഹെഡ് കോൺസ്റ്റബിൾ ശ്രീമതി ഡെയ്സി ലൂക്കോസ്, പുനലൂർ സമർപ്പിച്ച പരാതി

(ഫയൽ നമ്പർ 12264/ഡബ്ല്യൂ.സി.&പി.എച്ച്.സി2/2006/നി.സെ.)

പരാതിക്കാരിയായ ഹെഡ്കോൺസ്റ്റബിൾ ശ്രീമതി ഡെയ്സി ലൂക്കോസിനെ ഏഴുകോൺ പോലീസ് സ്റ്റേഷനിൽ രാത്രിയിൽ ഒറ്റയ്ക്ക് ഡ്യൂട്ടിക്ക് നിയോഗിച്ചുവെന്നും ടിയാളുടെ സ്ത്രീത്വത്തെ അപമാനിച്ചുവെന്നും മേലധികാരിക്ക് പരാതി നൽകിയതിന്റെ പേരിൽ വ്യാജ ആരോപണം ചമച്ച് മേലുദ്യോഗസ്ഥർ കുറ്റാരോപണ മെമ്മോ നൽകിയെന്നും ടിയാളുടെയും കുട്ടികളുടെയും ജീവന് ഭീഷണിയുണ്ടെന്നും ആരോപിച്ച് ശ്രീമതി ഡെയ്സി ലൂക്കോസ് സമർപ്പിച്ച ഹർജി പരിഗണിച്ച സമിതി ആഭ്യന്തര വകുപ്പിൽ നിന്നും റിപ്പോർട്ട് ആവശ്യപ്പെട്ടു. പരാതിയിന്മേൽ ആഭ്യന്തര വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട് പരിഗണിച്ച സമിതി പരാതിക്കാരിക്ക് നീതി ലഭിച്ചതായി ബോദ്ധ്യപ്പെട്ടിട്ടില്ലാത്തതിനാൽ ഡി.ജി.പി. തലത്തിലുള്ള ഉയർന്ന ഉദ്യോഗസ്ഥൻ നേരിട്ട് അന്വേഷണം നടത്തണമെന്ന് വകുപ്പിനോടാവശ്യപ്പെടുകയുണ്ടായി. ഹർജിയിന്മേൽ ആഭ്യന്തര വകുപ്പുമായി നടത്തിയ തെളിവെടുപ്പിൽ സ്റ്റേഷനിൽ പ്രാഥമിക കൃത്യങ്ങൾ നിർവ്വഹിക്കാൻ സൗകര്യമില്ലെന്നും വെള്ളവും വെളിച്ചവുമില്ലെന്ന് പറയുന്നത് വസ്തുതകൾക്ക് നിരക്കുന്നതല്ലെന്നും ഏഴുകോൺ പോലീസ് സ്റ്റേഷനിൽ വനിതാ പി.സി.-മാർക്ക് പ്രത്യേകം റെസ്റ്റ് റൂം, ബാത്ത് റൂം എന്നിവ ഉണ്ടെന്നും പരാതിക്കാരി ഉന്നയിക്കുന്ന ആരോപണം വസ്തുതകൾക്ക് നിരക്കുന്നതല്ലായെന്നും കുറഞ്ഞത് രണ്ട് സ്ത്രീകളെങ്കിലും ഒരേ സമയം രാത്രി ഡ്യൂട്ടിക്ക് നിയോഗിക്കാറുണ്ടെന്നും പരാതിക്കാരി പരാതിയിൽ ഉന്നയിക്കുന്ന ദിവസം ഡ്യൂട്ടിയിലുണ്ടായിരുന്ന വനിതാ കോൺസ്റ്റബിൾ മറ്റൊരന്വേഷണവുമായി ബന്ധപ്പെട്ട് നൈറ്റ് പട്രോൾ ഡ്യൂട്ടിക്ക് നിയോഗിച്ചതിനാലാണ് പരാതിക്കാരിക്ക് ഏക വനിതാ

ഉദ്യോഗസ്ഥയായി ജോലി ചെയ്യേണ്ട സാഹചര്യം ഉണ്ടായെന്നും മാനസികമായി ആരും പീഡിപ്പിക്കാൻ ശ്രമിച്ചതായി അന്വേഷണത്തിൽ തെളിഞ്ഞിട്ടില്ലെന്നും ഹർജിക്കാരിയുടെ പരാതിയിൽ പരാമർശിക്കുന്ന ശ്രീ. അശോകൻ എന്ന പോലീസ് കോൺസ്റ്റബിൾ പരാതിക്കാരിയോട് അപമര്യാദയായി പെരുമാറിയെന്ന് പറയുന്നതിന് ടിയാന്റെ പേരിൽ വാച്യാന്വേഷണത്തിന് ഉത്തരവാകുകയും ടിയാനെതിരെയുള്ള ആരോപണങ്ങൾ തെളിയുന്നില്ലെന്ന നിഗമനത്തിലെത്തിയതിന്റെ അടിസ്ഥാനത്തിൽ ടിയാനെ കുറ്റവിമുക്തനാക്കിയിട്ടുണ്ടെന്നുമുള്ള റിപ്പോർട്ട് ലഭ്യമാക്കിയിരുന്നു.

പ്രസ്തുത റിപ്പോർട്ട് പരാതിക്കാരിയെ അറിയിച്ചതിനെത്തുടർന്ന് ലഭ്യമാക്കിയ പുനഃപരാതി പരിഗണിച്ച സമിതി സമിതിയെ തെറ്റിദ്ധരിപ്പിക്കുംവിധം റിപ്പോർട്ട് നൽകിയതിനുള്ള വിശദീകരണം വകുപ്പിനോടാവശ്യപ്പെട്ടു. ആയതിന്മേൽ ആഭ്യന്തര വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ടിൽ പരാതിക്കാരി മേലുദ്യോഗസ്ഥർക്കും സഹപ്രവർത്തകർക്കുമെതിരെ വ്യാജ ആരോപണങ്ങൾ ഉന്നയിക്കുകയും അനധികൃതമായി ജോലിയിൽ ഹാജരാകാതിരിക്കുകയും ചെയ്തുവെന്നാരോപിച്ച് ടിയാളുടെ 3 വർഷത്തെ വേതനവർദ്ധനവ് സഞ്ചിത പ്രാബല്യത്തോടെ തടഞ്ഞു വച്ച കൊല്ലം ജില്ലാ പോലീസ് മേധാവിയുടെ ഉത്തരവിനെതിരെ ടിയാളുടെ അപ്പീൽ പരിഗണിച്ച പോലീസ് ഇൻസ്പെക്ടർ ജനറൽ പ്രസ്തുത ശിക്ഷ കുറവ് ചെയ്ത് ഒരു വർഷത്തെ വേതന വർദ്ധനവ് സഞ്ചിത പ്രാബല്യമില്ലാതെ തടഞ്ഞുകൊണ്ട് ഉത്തരവാകുകയും പ്രസ്തുത ഉത്തരവ് പുനഃപരിശോധിക്കുവാൻ സമിതി സംസ്ഥാന പോലീസ് മേധാവിക്ക് നിർദ്ദേശം നൽകിയതനുസരിച്ചും ടിയാൾ നൽകിയ റിവ്യൂ ഹർജി പരിശോധിച്ചതിൽ നിന്നും ചാർജ്ജ് ഷീറ്റ് തയ്യാറാക്കിയതിൽ ഗുരുതരമായ കൃത്യവിലോപം ശ്രദ്ധയിൽ പ്പെട്ടതിനെത്തുടർന്ന് ശിക്ഷണ നടപടികൾ അവസാനിപ്പിച്ച് പരാതിക്കാരിയെ കുറ്റവിമുക്ത യാക്കിക്കൊണ്ട് ഉത്തരവായിട്ടുള്ളതുമാണെന്നും, ഹർജിക്കാരിയുടെ സഹപ്രവർത്തക നായിരുന്ന സിവിൽ പോലീസ് ഓഫീസർ ശ്രീ. അശോക് കുമാറിനെതിരെ കൊല്ലം ജില്ലാ പോലീസ് മേധാവി സ്വീകരിച്ച അച്ചടക്ക നടപടികൾ നിർത്തലാക്കിയത് പുനഃപരിശോധിക്കണമെന്ന് സമിതി സംസ്ഥാന പോലീസ് മേധാവിയോട് നിർദ്ദേശിച്ചതിൻ പ്രകാരം നടത്തിയ അന്വേഷണത്തിൽ ടിയാൾ കുറ്റം ചെയ്തതായി കണക്കാക്കുവാൻ പര്യാപ്തമായ കാരണങ്ങളൊന്നും കണ്ടെത്താൻ സാധിച്ചിട്ടില്ലാത്തതിനാൽ ഇതുസംബന്ധിച്ച് പുനരന്വേഷണം നടത്തുകയോ ടിയാനെതിരെ മറ്റു നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ലെന്ന് സംസ്ഥാന പോലീസ് മേധാവി റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും അറിയിച്ചിരുന്നു. പ്രസ്തുത റിപ്പോർട്ട് ഹർജിക്കാരിയെ അറിയിച്ചതിനെത്തുടർന്ന് എല്ലാ തെളിവുകളുമടങ്ങിയ രേഖകളുടെ പകർപ്പ് സഹിതം പരാതിക്കാരി പുനഃപരാതി നൽകുകയും തനിയ്ക്ക് 2009-ലാണ് പ്രൊമോഷൻ കിട്ടിയതെന്നും അതിന് രണ്ടുവർഷം മുമ്പുള്ള സീനിയോറിറ്റി പുനഃസ്ഥാപിച്ചു നൽകിയിട്ടില്ലെന്നും 2005 മുതലുള്ള ഇൻക്രിമെന്റ് മുഴുവൻ പെന്റിംഗിലാണെന്നും ബോധിപ്പിച്ചു.

തുടർന്ന് ആഭ്യന്തര വകുപ്പിൽ നിന്നും ലഭിച്ച റിപ്പോർട്ടിൽ പരാതിക്കാരിക്ക് എതിരെയുള്ള മൂന്ന് പി.ആർ.കളിൽ രണ്ടെണ്ണം ഒഴിവാക്കിയെങ്കിലും മൂന്നാമത്തേതിൽ Increment bar for one year with cumulative effect എന്നത് സംസ്ഥാന പോലീസ് മേധാവി increment bar without cumulative effect for one year എന്ന് കുറവ് ചെയ്തിട്ടുള്ളതാണെന്നും പരാതിക്കാരിക്കെതിരെയുള്ള പി.ആർ.-കൾ തീർപ്പായതിനാലും ശിക്ഷണ നടപടികൾ പൂർണ്ണമായും ഒഴിവാക്കിയതിനാലും പ്രൊമോഷൻ, മറ്റ് സർവ്വീസ് ആനുകൂല്യങ്ങൾ എന്നിവ നൽകുന്നത് സംബന്ധിച്ച് പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിയ്ക്കുന്നതിനും വിവരം സമിതിയെ നേരിട്ട് അറിയിക്കുന്നതിനും ആഭ്യന്തര 'എ' വകുപ്പിനോടാവശ്യപ്പെട്ടിട്ടുണ്ടെന്നും പരാതിയിന്മേൽ തിരുവനന്തപുരം സ്റ്റേറ്റ് വനിതാ സെൽ ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് നടത്തിയ അന്വേഷണത്തിൽ എതിർ കക്ഷികളിൽ നിന്നും പരാതിക്കാരിയ്ക്ക് ഔദ്യോഗികമായ ബുദ്ധിമുട്ടുകളും മാനസിക പീഡനങ്ങളും ഉണ്ടായതായി തെളിഞ്ഞുവെന്നും അതിനാൽ പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച തുടർനടപടികൾ അറിയിക്കുവാൻ സംസ്ഥാന പോലീസ് മേധാവിയോട് ആവശ്യപ്പെട്ടിട്ടുണ്ടെന്നും അറിയിച്ചിരുന്നു. തുടർന്ന് ആഭ്യന്തര വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ടിൽ ശ്രീ. ഗോപാലകൃഷ്ണൻ സർവ്വീസിൽ നിന്നും വിരമിച്ചതിനാൽ ടിയാനെതിരെ നടപടി സ്വീകരിച്ചിട്ടില്ലായെന്നും, GASI ശ്രീ. അശോക് കുമാർ, GSI ശ്രീ.രാജു എന്നിവർക്കെതിരെ വാച്യാന്വേഷണത്തിന് ഉത്തരവിട്ടതായി അറിയിച്ചിട്ടുണ്ടെന്നും സമിതിയ്ക്ക് ലഭ്യമാക്കിയ ഇടക്കാല റിപ്പോർട്ടിൽ വ്യക്തമാക്കിയിരുന്നു. ഇതിൽ ശ്രീ. അശോക് കുമാറിനെ കുറ്റവിമുക്തനാക്കുകയും അവാച്യ അന്വേഷണത്തിൽ നിന്നും ടിയാനെ ഒഴിവാക്കിയിട്ടുണ്ടെന്നും ശ്രീ. രാജുവിനെതിരെയുള്ള വാച്യാന്വേഷണത്തിൽ ടിയാനെതിരെയുള്ള ആരോപണങ്ങൾ തെളിയുന്നില്ല എന്ന നിഗമനത്തിൽ ടിയാന് റിക്കാർഡഡ് വാണിംഗ് നൽകി അച്ചടക്ക നടപടികൾ അവസാനിപ്പിച്ചിട്ടുള്ളതാണെന്നും തുടർന്ന് അറിയിച്ചു.

ഹർജിക്കാരി കുറ്റക്കാരിയല്ലെന്ന് കണ്ടെത്തിയിട്ടും അവരുടെ ആനുകൂല്യങ്ങൾ തടഞ്ഞത് ശരിയായ നടപടിയല്ലെന്നും ആയത് എത്രയും പെട്ടെന്ന് നൽകുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിക്കുകയും ആയതിന്മേൽ ആഭ്യന്തര വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട് പ്രകാരം ടിയാന്റെ സേവന പുസ്തകം പരിശോധിച്ചതിൽ ടിയാൻ കൊല്ലം സിറ്റി പോലീസ് മേധാവിയുടെ അധികാര പരിധിയിൽ ജോലി ചെയ്തിരുന്ന കാലയളവിൽ ടിയാൾക്ക് എല്ലാ സർവ്വീസ് ആനുകൂല്യങ്ങളും യഥാസമയം നൽകിയിട്ടുണ്ടെന്നും ടിയാളുടെ ജില്ലയിലെ സീനിയോറിറ്റി പ്രകാരം 16-5-2003-ൽ വനിതാ പോലീസ് ഹെഡ് കോൺസ്റ്റബിൾ ആയും 18-10-2011-ൽ വനിതാ സബ് ഇൻസ്പെക്ടർ ആയും സ്ഥാനക്കയറ്റം നൽകിയിട്ടുണ്ടെന്നും അറിയിക്കുകയുണ്ടായി.

സമിതിയുടെ നിരന്തരമായ ഇടപെടലിലൂടെ ഹർജിക്കാരിയുടെ പ്രൊമോഷൻ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ നേടിക്കൊടുക്കാൻ സാധിച്ചതിൽ സമിതിക്ക് അതിയായ ചാരിതാർത്ഥ്യമുണ്ട്.

### 15. ശ്രീമതി അമ്മാളു വടക്കാഞ്ചേരി സമർപ്പിച്ച ഹർജി.

(ഫയൽ നമ്പർ 27562/ഡബ്യൂ.സി.&പി.എച്ച്.സി.2/2017/നി.സെ.)

75 വയസ്സുള്ള ഹർജിക്കാരിയുടെ ഭർത്താവ് 40 വർഷം മുൻപ് മരണപ്പെട്ടതായും 54 വയസ്സുള്ള അവിവാഹിതയായ മകൾക്കൊപ്പമാണ് താമസിക്കുന്നതെന്നും തദ്ദേശസ്വയംഭരണ വകുപ്പ് മുഖേന വീട് വയ്ക്കുന്നതിനായി 35,000 രൂപ ലഭിച്ചിരുന്നുവെങ്കിലും വീടുപണി പൂർത്തിയാക്കാൻ സാധിച്ചിട്ടില്ലെന്നും പഞ്ചായത്തിൽ നിന്ന് ലഭിച്ച ആടിന് കൂടില്ലാത്തതിനാൽ വീടിനുള്ളിൽ പാർപ്പിക്കേണ്ട അവസ്ഥയാണെന്നും പരാതിക്കാരിയുടെ ഏക വരുമാന മാർഗ്ഗം പെൻഷനാണെന്നും ആയതിനാൽ വീട് പണി പൂർത്തിയാക്കുന്നതിനും ആട്ടിൻകൂട് നിർമ്മിക്കുന്നതിനും സഹായം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് സമർപ്പിച്ച ഹർജി റിപ്പോർട്ടിനായി തദ്ദേശസ്വയംഭരണ വകുപ്പിലേയ്ക്കയച്ചിരുന്നു.

ആയതിന് മറുപടിയായി തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ടിൽ ഭാഗികമായി പൂർത്തീകരിച്ചിരുന്ന വീടിന്റെ പണി പൂർത്തീകരിച്ചിട്ടുണ്ടെന്നും ഹർജിക്കാരിക്ക് 2009-10 വർഷത്തിൽ 'ആടും കൂടും' പദ്ധതി പ്രകാരം ആനുകൂല്യം അനുവദിച്ചിട്ടുണ്ടെന്നും കൂടാതെ വടക്കാഞ്ചേരി ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ തൊഴിലുറപ്പ് പദ്ധതിയുൾപ്പെടുത്തി ആട്ടിൻകൂട് പുതുക്കി പണിയുന്നതിന് തീരുമാനിച്ചിട്ടുള്ളതായും ഹർജിക്കാരി ആശ്രയപദ്ധതി ഗുണഭോക്താവായതിനാൽ പോഷകാഹാര കിറ്റ് നൽകിവരുന്നുണ്ടെന്നും ഹർജിക്കാരിയുടെ മകൾക്ക് അവിവാഹിതകൾക്കുള്ള പെൻഷൻ അനുവദിക്കുന്നതിനുള്ള ഏർപ്പാടുകളും കുടിവെള്ളത്തിന് ഹൗസ് കണക്ഷൻ നൽകുന്നതിനായി പൈപ്പ് ലൈൻ വലിച്ച് വീടിനുള്ളിൽ ടാപ്പ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചതായും സമിതിയെ അറിയിച്ചു.

സമിതിയുടെ ഇടപെടലിലൂടെ ഹർജിക്കാരിയുടെ ആവശ്യങ്ങൾ നേടിക്കൊടുക്കാൻ സാധിച്ചതിൽ സമിതിക്ക് അതിയായ ചാരിതാർത്ഥ്യമുണ്ട്.

### 16. ശ്രീ. പ്രേമൻ വി., ജനറൽ സെക്രട്ടറി, രാഷ്ട്രീയ വികലാംഗ സംഘ് സമർപ്പിച്ച ഹർജി

(ഫയൽ നമ്പർ 16521/ഡബ്യൂ.സി.&പി.എച്ച്.സി.2/2019/നി.സെ.)

സാമൂഹ്യനീതി വകുപ്പിന്റെ 26-11-2018-ലെ സ.ഉ.നമ്പർ 20/2018/സാനീവ പ്രകാരം എല്ലാ അദ്ധ്യാപക തസ്തികളിലേയ്ക്കും Locomotor Disability, Low vision, Hearing Impairment എന്നീ അംഗപരിമിതത്വം ഉള്ള ഉദ്യോഗാർത്ഥികൾ അനുയോജ്യരാണെന്ന ഉത്തരവ് നിലനിൽക്കെ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ എൽ.പി./യു.പി. സ്കൂൾ അസിസ്റ്റന്റ് (മലയാളം മീഡിയം) തസ്തികയിലേയ്ക്ക് ഓർത്തോ വിഭാഗത്തിലുള്ളവരെ ഒഴിവാക്കിയിരിക്കുകയാണെന്നും ആയതിനാൽ പ്രസ്തുത തസ്തികയിലേയ്ക്ക് ഈ വിഭാഗക്കാർക്ക്

അനുവദിച്ചിരിക്കുന്ന ആനുകൂല്യം വീണ്ടും നടപ്പാക്കി ഉത്തരവാക്കണമെന്നും ആവശ്യപ്പെട്ട് സമർപ്പിച്ച ഹർജി റിപ്പോർട്ടിനായി സാമൂഹ്യനീതി വകുപ്പിലേയ്ക്കയച്ചിരുന്നു.

ആയതിന് മറുപടിയായി സാമൂഹ്യനീതി വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ടിൽ സ.ഉ. (അച്ചടി) നമ്പർ 20/2018/സാ.നീ.വ. തീയതി 26-11-2018 നോടൊപ്പം സ.ഉ.(അച്ചടി) നം.61/2012/സാ.നീ.വ. തീയതി 17-10-2012, സ.ഉ.(അച്ചടി) നമ്പർ1/2013/സാ.നീ.വ. തീയതി 3-1-2013, സ.ഉ.(അച്ചടി) നമ്പർ 30/2013/സാ.നീ.വ. തീയതി 14-2-2013 ഉത്തരവുകളും നിലനിൽക്കുന്നതാണെന്നും എല്ലാ അദ്ധ്യാപക തസ്തികകളും യോഗ്യത കോഴ്സിന് പ്രവേശനമുള്ള എല്ലാ അംഗപരിമിത വിഭാഗങ്ങൾക്കും (Low vision/Blindness, Hearing Impairment, Locomotor disability/cerebral palsy) അനുയോജ്യമാണെന്ന് സ്പഷ്ടീകരിച്ചുകൊണ്ടും സ.ഉ.(അച്ചടി) 5/2019/സാ.നീ.വ. തീയതി 7-5-2019 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടെന്നും അറിയിച്ചു.

സമിതിയുടെ ഇടപെടലിലൂടെ ഹർജിക്കാരന്റെ ആവശ്യത്തിന് പരിഹാരം കാണുന്നതിന് സാധിച്ചു.

**17. ശ്രീ. റഷീദ് ടി. കെ., കാസർഗോഡ് സമർപ്പിച്ച ഹർജി**

(ഫയൽ നമ്പർ 21730/ഡബ്ല്യൂ.സി.&പി.എച്ച്.സി.2/2017/നി.സെ.)

കാസർഗോഡ് ജില്ലയിലെ അജാനൂർ ഗവ.എൽ.പി.സ്കൂളിൽ ജൂനിയർ അറബിക് ടീച്ചറായ ശ്രീ. റഷീദ് ടി.കെ. കൺവേയൻസ് അലവൻസിനായി പൊതുവിദ്യാഭ്യാസ വകുപ്പിൽ അപേക്ഷ സമർപ്പിച്ചപ്പോൾ ശാരീരിക വൈകല്യവും കാഴ്ച വൈകല്യവും നിർണ്ണയിക്കുന്ന മാനദണ്ഡം വ്യത്യസ്തമായതുകൊണ്ട് ശാരീരിക വൈകല്യത്തിന്റെ അതേ ശതമാനം കാഴ്ച വൈകല്യത്തിന്റെ കാര്യത്തിലും ബാധകമാക്കുവാൻ നിർവ്വാഹമില്ലാത്തതിനാൽ കൺവേയൻസ് അലവൻസ് ലഭിക്കണമെന്ന ഹർജിക്കാരന്റെ ആവശ്യം പരിഗണിക്കാൻ നിർവ്വാഹമില്ലായെന്ന് വകുപ്പ് മറുപടി നൽകിയെന്നും ആയതിനാൽ കൺവേയൻസ് അലവൻസ് അനുവദിക്കുന്നതിനുള്ള മാനദണ്ഡം പരിഷ്കരിക്കണമെന്നുമാവശ്യപ്പെട്ട് സമർപ്പിച്ച ഹർജി റിപ്പോർട്ടിനായി പൊതുവിദ്യാഭ്യാസം, സാമൂഹ്യനീതി എന്നീ വകുപ്പുകൾക്ക് അയച്ചിരുന്നു.

ഹർജിയിന്മേൽ പൊതുവിദ്യാഭ്യാസ വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട് പ്രകാരം 11-6-1980-ലെ സ.ഉ.(അ) നമ്പർ 364/808/ധന. ഉത്തരവ് പ്രകാരം 40%-മോ അതിലധികമോ കാഴ്ചവൈകല്യമുള്ളവർക്ക് വാഹനബത്തയ്ക്ക് അർഹതയുണ്ടെന്നും 7-1-1984-ലെ സ.ഉ.(പി) നമ്പർ 77/84/ധന. ഉത്തരവ് പ്രകാരം "vision less than 3/60 of field vision less than 10" എന്ന പരിധിയിൽപ്പെടുന്ന കാഴ്ചവൈകല്യമുള്ളവർക്കും വാഹനബത്തയ്ക്ക് അർഹതയുണ്ടെന്നും ശ്രീ. റഷീദ് 50% കാഴ്ചവൈകല്യമുള്ള വ്യക്തിയാണെന്ന് District Disability

Board സാക്ഷ്യപ്പെടുത്തിയിട്ടുള്ളതിനാലും 5-1-2019-ലെ സ.ഉ.(സാധാ) നം. 63/2019/പൊ.വി.വ. ഉത്തരവ് പ്രകാരം ശ്രീ. റഷീദ് ടി. കെ.-യ്ക്ക് കൺവേയൻസ് അലവൻസ് അനുവദിച്ച് ഉത്തരവായിട്ടുണ്ടെന്നും അറിയിച്ചിരുന്നു. റിപ്പോർട്ട് വിവരം ഹർജിക്കാരനെ അറിയിച്ചതിനെത്തുടർന്ന് 2019 ജനുവരി മുതൽ ഹർജിക്കാരന് ശമ്പളത്തോടൊപ്പം കൺവേയൻസ് അലവൻസ് ലഭിക്കുന്നുണ്ടെന്നും എന്നാൽ ഹർജിക്കാരൻ സർവ്വീസിൽ പ്രവേശിച്ച തീയതിയായ 4-9-2004 മുതൽ 31-12-2018 വരെയുള്ള കൺവേയൻസ് അലവൻസ് കുടിശ്ശിക ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് സമർപ്പിച്ച പുനഃഹർജി സമിതി പരിഗണിക്കുകയും 4-9-2004 മുതൽ 31-12-2018 വരെയുള്ള കൺവേയൻസ് അലവൻസ് കുടിശ്ശികയ്ക്ക് ഹർജിക്കാരൻ അർഹനാണെന്ന് നിരീക്ഷിച്ചതുകൊണ്ട് ഹർജിക്കാരന് അർഹതപ്പെട്ട കൺവേയൻസ് അലവൻസ് കുടിശ്ശിക ലഭ്യമാക്കണമെന്ന് പൊതുവിദ്യാഭ്യസ വകുപ്പിന് ശിപാർശ നൽകുകയും ചെയ്തു. ഇതിന്മേൽ പൊതുവിദ്യാഭ്യാസ വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട് പ്രകാരം മെഡിക്കൽ ബോർഡ് നൽകിയിട്ടുള്ള മെഡിക്കൽ സർട്ടിഫിക്കറ്റിലെ തീയതിയാണോ ജോലിയിൽ പ്രവേശിച്ച തീയതിയാണോ രണ്ടാമതായി വരുന്നത് ആ തീയതി മുതൽ സ്പെഷ്യൽ അലവൻസിന് അർഹതയുണ്ടെന്നും ശ്രീ. റഷീദ് ടി. കെ. മെഡിക്കൽ ബോർഡിന്റെ സർട്ടിഫിക്കറ്റിലെ തീയതിയ്ക്ക് (25-1-2004) ശേഷമാണ് സർവ്വീസിൽ പ്രവേശിച്ചതെന്നും (4-9-2004) ആയതിനാൽ ടിയാന് സർവ്വീസിൽ പ്രവേശിച്ച തീയതിയായ 4-9-2004 മുതൽ 31-12-2018 വരെയുള്ള കൺവേയൻസ് അലവൻസ് കുടിശ്ശികയ്ക്ക് അർഹതയുണ്ടെന്നും സമിതിയെ അറിയിച്ചു.

സമിതിയുടെ ഇടപെടലിലൂടെ ഹർജിക്കാരന്റെ ആവശ്യങ്ങൾ നേടികൊടുക്കാൻ സാധിച്ചതിൽ സമിതിക്ക് അതിയായ ചാരിതാർത്ഥ്യമുണ്ട്.

## 18. ശ്രീമതി സൗമ്യ ശ്യാംകുമാർ, ആലപ്പുഴ സമർപ്പിച്ച പരാതി

(ഫയൽ നമ്പർ 18728/ഡബ്ല്യൂ.സി.&പി.എച്ച്.സി.3/2016/നി.സെ.)

ആലപ്പുഴ ജില്ലയിലെ മണ്ണഞ്ചേരി പഞ്ചായത്തിലെ ശ്രീമതി സൗമ്യ ശ്യാംകുമാർ സമർപ്പിച്ച പരാതിയിൽ തന്റെ ഭിന്നശേഷിക്കാരനായ ഭർത്താവ് ശാരീരിക വൈകല്യം അതിജീവിച്ച് സൗകര്യപ്രദമായ ഒരു സമാന്തര വിദ്യാഭ്യാസ സ്ഥാപനത്തിൽ പ്രൈവറ്റ് രജിസ്ട്രേഷൻ വഴി പഠിച്ച് 65% ത്തിൽ കൂടുതൽ മാർക്ക് വാങ്ങി എം.കോം യോഗ്യത നേടിയ ആളാണെന്നും വൊക്കേഷണൽ ഹയർസെക്കണ്ടറി വകുപ്പിലെ അദ്ധ്യാപക തസ്തികയിലേയ്ക്കുള്ള നിയമനത്തിന് പ്രസ്തുത യോഗ്യത സ്വീകാര്യമല്ലായെന്നും ഹയർ സെക്കണ്ടറി സ്കൂൾ അദ്ധ്യാപക നിയമനത്തിന് റെഗുലർ/പ്രൈവറ്റ് പഠനത്തിലൂടെയുള്ള യോഗ്യത എന്ന വിവേചനമില്ലാത്തതിനാൽ വൊക്കേഷണൽ ഹയർ സെക്കണ്ടറി അദ്ധ്യാപക നിയമനത്തിൽ നിലനിൽക്കുന്ന ഈ വിവേചനം അടിയന്തരമായി സമിതി

ഇടപെട്ട് അവസാനിപ്പിച്ച് ഹർജിക്കാരിയുടെ ഭർത്താവിന് ജോലി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണമെന്നായിരുന്ന പരാതിയിൽ ആവശ്യപ്പെട്ടിരുന്നത്.

ഹർജിയിന്മേൽ പൊതുവിദ്യാഭ്യാസ വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ടിൽ വൊക്കേഷണൽ ഹയർ സെക്കണ്ടറി വിദ്യാഭ്യാസ വകുപ്പിന്റെ സ്റ്റേറ്റ് സർവ്വീസ് ചട്ടം, സബോർഡിനേറ്റ് സർവ്വീസ് ചട്ടം എന്നിവയിലെ ചട്ടം (4)-ലെ നോട്ട്-1ൽ നിഷ്കർഷിക്കുന്ന "All the educational qualifications for teaching post should be one acquired after a regular course of study from a recognized University in Kerala or recognized as equivalent thereto by any of the Universities in Kerala" എന്ന വ്യവസ്ഥ ഒഴിവാക്കുവാൻ 24-10-2018-ലെ സ.ഉ.(സാധാ) നമ്പർ 4340/2018/പൊ.വി.വ. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതും ബന്ധപ്പെട്ട ചട്ടത്തിൽ ഭേദഗതി വരുത്തുവാൻ നടപടി സ്വീകരിച്ചുവരുന്നതുമാണെന്ന് അറിയിച്ചു.

വൊക്കേഷണൽ ഹയർസെക്കണ്ടറി അദ്ധ്യാപക തസ്തികയുടെ യോഗ്യത റെഗുലർ പഠനം വഴിയാകണമെന്ന സ്പെഷ്യൽ റൂൾ ചട്ടം ഭേദഗതി ചെയ്ത് പ്രസ്തുത നിബന്ധന ഒഴിവാക്കി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചത് സമിതിയുടെ ഒരു വലിയ നേട്ടമാണ്. അതുവഴി ഹർജിക്കാരിയുടെ പ്രശ്നം പരിഹരിക്കപ്പെടുമെന്ന് സമിതി പ്രതീക്ഷിക്കുന്നു.

പി. അയിഷാ പോറ്റി,

*അദ്ധ്യക്ഷ,*
*സ്ത്രീകളുടെയും ട്രാൻസ്ജെന്ററുകളുടെയും*
*കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും*
*ക്ഷേമം സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2021 ജനുവരി 12.

<u>അനുബന്ധം - I</u>

## സർക്കാർ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടപടികൾ അവസാനിപ്പിച്ച ഹർജികൾ സംബന്ധിച്ച സ്റ്റേറ്റ്മെന്റ്

### സാമൂഹ്യനീതി വകുപ്പ്

| ക്രമ നമ്പർ | ഹർജിക്കാരൻ/ ഹർജിക്കാരിയുടെ പേര് | ഹർജി വിഷയം | ഫയൽ നമ്പർ |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | ശ്രീമതി പി.ലീല, കൊക്കാൽ ഹൗസ്, ഉദുമ, കാസർഗോഡ് | എൻഡോസൾഫാൻ ദുരിതബാധിതനായി മരണപ്പെട്ട മകന്റെ ചികിത്സാ ചെലവ് എഴുതിത്തള്ളുക തുടങ്ങിയ വിവിധ ആവശ്യങ്ങളിൻമേൽ നടപടിസ്വീകരിക്കണമെന്നാവശ്യപ്പെട്ട് | 21379/ഡബ്ല്യൂ.സി & പി.എച്ച്.എ 1/2013/നി.സെ. |
| 2 | ശ്രീ. ഉദയകുമാർ & ശ്രീമതി രമണി, കാസർഗോഡ് | മകന്റെ ചികിത്സാർത്ഥം എടുത്ത ബാങ്ക് ലോൺ ജപ്തിയായത് സംബന്ധിച്ച് | 21382/ഡബ്ല്യൂ.സി & പി.എച്ച്.എ 1/2013/നി.സെ. |
| 3 | ശ്രീമതി സുധ, കൊല്ലങ്കോട് | ഭർത്താവുപേക്ഷിച്ചുപോയവരും വിവാഹബന്ധം വേർപെടുത്തി യവരുമായ കുറഞ്ഞ വരുമാനക്കാരുടെ മക്കൾക്കുകൂടി 'സ്നേഹപൂർവ്വം' പദ്ധതി പ്രകാരമുള്ള ആനുകൂല്യം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് സമർപ്പിച്ച ഹർജി | 21364/ഡബ്ല്യൂ.സി & പി.എച്ച്. എ 1/2014/നി.സെ. |

| 1 | 2 | 3 | 4 |
|---|---|---|---|
| 4 | ശ്രീമതി ചിത്ര കാസർഗോഡ് | താല്ക്കാലിക ജോലിലഭ്യമാക്കണമെന്നാവശ്യപ്പെട്ട് സമർപ്പിച്ച ഹർജി | 23691/ഡബ്ല്യൂ.സി. & പി.എച്ച്.എ 1/2017/ നി.സെ. |
| 5 | ശ്രീമതി അനിത വി.കെ, കാസർഗോഡ് | മകനെ എൻഡോസൾഫാൻ ബാധിതരുടെ ലിസ്റ്റിൽ ഉൾപ്പെടുത്തണമെന്നാവ ശ്യപ്പെട്ട് | 14057/ഡബ്ല്യൂ.സി. & പി.എച്ച്.എ 1/2016/നി.സെ. |
| 6 | ശ്രീ. രതീഷ് നാരായണൻ പത്തനംതിട്ട | ഗാർഹിക പീഡന നിരോധന നിയമപ്രകാരം സംരക്ഷണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് | 16619/ഡബ്ല്യൂ.സി. & പി.എച്ച്എ 1/2018/നി.സെ. |
| 7 | ശ്രീമതി മിനിമോൾ, കൊട്ടാരക്കര | മകന് ചികിത്സയ്ക്കായി സാമ്പത്തിക സഹായവും പെൻഷനും അനുവദിക്കണമെന്നാവശ്യപ്പെട്ട് | 16171/ഡബ്ല്യൂ.സി. & പി.എച്ച്.എ 2/2017/നി.സെ |
| 8 | ശ്രീ. ബിനു എൻ. എസ്., എറണാകുളം | 1-8-1994 മുതൽ 31-12-1996 വരെ താൽക്കാലികമായി ജോലിചെയ്ത വികലാംഗരെ സ്ഥിരപ്പെടുത്തണമെന്ന് ആവശ്യപ്പെട്ട് സമർപ്പിച്ച ഹർജി | 20150/ഡബ്ല്യു.സി. & പി.എച്ച്.എ 3/2014/നി.സെ. |
| 9 | ശ്രീമതി ശ്യാമള എസ്., തിരുവനന്തപുരം | കുടുംബക്ഷേമ ധനസഹായം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് സമർപ്പിച്ച ഹർജി | 15147/ഡബ്ല്യു.സി. & പി.എച്ച്.എ 3/2015/നി.സെ. |
| 10 | ശ്രീ. പ്രസാദ് എം., കണ്ണൂർ | പാർട്ട്ടൈം സ്വീപ്പർ നിയമനങ്ങളിൽ വികലാംഗ സംവരണം അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് സമർപ്പിച്ച ഹർജി | 20614/ഡബ്ല്യു.സി. & പി.എച്ച്.എ 3/2015/നി.സെ. |

| | | | |
|---|---|---|---|
| 11 | ശ്രീമതി എം. വി. ശ്യാമള കാസർഗോഡ് | നഷ്ടപ്പെട്ട ജോലി തിരികെ ലഭിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് സമർപ്പിച്ച ഹർജി | 21703/ഡബ്ല്യൂ.സി. & പി.എച്ച്.എ 3/2017/നി.സെ. |
| 12 | ശ്രീമതി മറിയം,കാസർഗോഡ് | എൻഡോസൾഫാൻ ദുരിത ബാധിതർക്കുള്ള ആനുകൂല്യങ്ങളും സ്ഥലവും ലഭിക്കുന്നതിന് നടപടിയാവശ്യപ്പെട്ട് സമർപ്പിച്ച ഹർജി | 21819/ഡബ്ല്യൂ.സി. & പി.എച്ച്.എ 3/2015/നി.സെ. |
| 13 | ശ്രീ. കെ. വി.അബ്ദുന്നൂർ, മലപ്പുറം | ബുദ്ധിവൈകല്യം ബാധിച്ചവരുടെയും അവരുടെ രക്ഷകർത്താക്കളുടെയും പുനരധിവാസം സംബന്ധിച്ച് | 17223/ഡബ്ല്യൂ.സി. & പി.എച്ച്.ബി1/2011/നി.സെ. |
| 14 | ശ്രീ. പി. വി. രാധാകൃഷ്ണൻ, വയനാട് | 2004-2007 കാലയളവിലെ ബാക്ക്‌ലോഗ് ഒഴിവുകൾ നികത്തുന്നതിലേയ്ക്കായി നിലവിൽ വന്ന റാങ്ക് ലിസ്റ്റിൽനിന്ന്പി.എസ്.സി. പ്രസിദ്ധീകരിച്ച ഒഴിവുകളിൽ നിയമന ശിപാർശ നൽകാത്തത് സംബന്ധിച്ച് | 17082/ഡബ്ല്യൂ.സി. & പി.എച്ച്.ബി1/2015/നി.സെ. |
| 15 | ശ്രീ. പി. വി. രാധാകൃഷ്ണൻ, വയനാട് | ലാസ്റ്റ്ഗ്രേഡ് തസ്തികയിലെ ബാക്ക്‌ലോഗ് ഒഴിവുകൾ നികത്തുന്നതിലേക്കായി നിലവിൽ വന്ന റാങ്ക് പട്ടികയിൽ നിന്ന് നിയമനം ലഭിച്ചയാളുടെ അന്തർവകുപ്പ് സ്ഥലം മാറ്റം മുഖേനയുണ്ടായ ഒഴിവിലേക്ക് പ്രസ്തുത റാങ്ക് പട്ടികയിൽ നിന്ന് തന്നെ നിയമനം നടത്തണമെന്നാവശ്യപ്പെട്ട് | 13157/ഡബ്ല്യൂ.സി. & പി.എച്ച്.ബി3/2016/നി.സെ |

| 1 | 2 | 3 | 4 |
|---|---|---|---|
| 16 | ശ്രീമതി ഗ്രേസിക്കുട്ടി മാത്യു, കോട്ടയം | സസ്പെൻഷൻ പിൻവലിക്കണമെന്നാവശ്യപ്പെട്ട് | 14705/ഡബ്ല്യു.സി. & പി.എച്ച്.ബി1/2017/നി.സെ. |
| 17 | ശ്രീമതി ജ്യോതി വി., പാലക്കാട് | നെന്മാറ തെക്കുമുറി അങ്കണവാടി കെട്ടിടത്തിന് സ്വന്തമായി കെട്ടിടം ലഭ്യമാക്കാൻ | 27564/ഡബ്ല്യു.സി. & പി.എച്ച്.ബി1/2017/നി.സെ. |
| 18 | ശ്രീമതി ലത്തീഷ, പാലക്കാട് | ചികിത്സാ ധനസഹായം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് | 27581/ഡബ്ല്യു.സി. & പി.എച്ച്.ബി1/2017/നി.സെ. |
| 19 | ശ്രീമതി സമീറ, കോഴിക്കോട് | ഭർതൃപീഡനത്തിൽ നിന്നും സംരക്ഷണം ആവശ്യപ്പെട്ട് | 15951/ഡബ്ല്യു.സി. & പി.എച്ച്.ബി1/2018/നി.സെ. |
| 20 | ശ്രീ. എസ്. വേണു, തിരുവനന്തപുരം | വികലാംഗ ക്ഷേമ കോർപ്പറേഷനിൽ നിന്നുള്ള ആനുകൂല്യങ്ങൾ കാഴ്ചപരിമിതിയുള്ളവരിൽ എത്തുന്നില്ല എന്നത് സംബന്ധിച്ച് | 25024/ഡബ്ല്യു.സി. & പി.എച്ച്.ബി1/2018/നി.സെ. |
| 21 | ശ്രീമതി മിനി. കെ. ടി, എറണാകുളം | | 20175/ഡബ്ല്യൂ.സി. & പി.എച്ച്.ബി2 /2017/നി.സെ. |
| 22 | ശ്രീ. വി. ദാമോദരൻ, കാസർഗോഡ് | സർവ്വീസിൽ നിന്നും പിരിച്ച് വിട്ടതിനെതിരെ സമർപ്പിച്ച ഹർജി സംബന്ധിച്ച് | 21700/ഡബ്ല്യൂ.സി. & പി.എച്ച്.ബി2 /2017/നി.സെ. |
| 23 | ശ്രീ. എ. ഷൺമുഖം,തിരുവനന്തപുരം | വികലാംഗരായ ഉദ്യോഗാർത്ഥികളുടെ പി.എസ്.സി. മുഖേനയുള്ള സംവരണത്തിനായി നിലവിലുള്ള ചട്ടങ്ങളിൽ ഭേദഗതി വരുത്തണമെന്നാവശ്യപ്പെട്ട് സമർപ്പിച്ച ഹർജി സംബന്ധിച്ച് | 21702/ഡബ്ല്യൂ.സി. & പി.എച്ച്.ബി2 /2016/നി.സെ. |

| | | | |
|---|---|---|---|
| 24 | ശ്രീമതി സജീന, കൊല്ലം | ജീവനും സ്വത്തിനും സംരക്ഷണം ആവശ്യപ്പെട്ട് സമർപ്പിച്ച ഹർജി | 16577/ഡബ്ല്യൂസി & പി.എച്ച്.ബി2 /2017/നി.സെ. |
| 25 | ശ്രീമതി ലീല കെ., കാസർഗോഡ് | എൻഡോസൾഫാൻ ദുരിത ബാധിതർക്കുള്ള ആനുകൂല്യങ്ങൾ ലഭിക്കുന്നതിനും വീട് നിർമ്മിച്ചു നൽകുന്നതിനും നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് സമർപ്പിച്ച ഹർജി | 21826/ഡബ്ല്യൂ.സി. & പി.എച്ച്.ബി3 /2013/നി.സെ. |
| 26 | ശ്രീ. പി.സ്വാമിനാഥൻ, കൊല്ലംങ്കോട്, പാലക്കാട് | അങ്കണവാടി കെട്ടിടം നിർമ്മിക്കുന്നതിനാവശ്യമായ ഫണ്ട് അനുവദിക്കണമെന്നാവശ്യപ്പെട്ട് സമർപ്പിച്ച ഹർജി | 19322/ഡബ്ല്യൂ.സി. & പി.എച്ച്.ബി3/2014/നി.സെ. |
| 27 | ശ്രീ. മടവൂർ സൈനുദ്ദീൻ, കേരള വികലാംഗ അസോസിയേഷൻ കോഴിക്കോട് | ഭിന്നശേഷിക്കാരുടെ വിവിധ ആവശ്യങ്ങൾ നടപ്പിലാക്കണമെന്നാവശ്യപ്പെട്ട് സമർപ്പിച്ച ഹർജി | 21506/ഡബ്ല്യൂ.സി. & പി.എച്ച്.ബി3 /2015/നി.സെ. |
| 28 | ശ്രീമതി മെറിൻ ജി ബാബു, കൊട്ടാരക്കര, കൊല്ലം | ശ്രവണ വൈകല്യമുള്ള തനിക്ക് ജോലി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് സമർപ്പിച്ച ഹർജി | 20816/ഡബ്ല്യൂ.സി. & പി.എച്ച്.ബി3 /2016/നി.സെ. |
| 29 | ശ്രീമതി രാജി , ഉടുമ്പൻചോല, ഇടുക്കി | കോടതി വിധി പ്രകാരം അനുവദിച്ച തുകയും സ്വർണ്ണവും എതിർകക്ഷിയിൽ നിന്നും ഈടാക്കുന്നതിന് നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് സമർപ്പിച്ച പരാതി | 21712/ഡബ്ല്യൂ.സി. & പി.എച്ച്.ബി3/2016/നി.സെ. |

| 1 | 2 | 3 | 4 |
|---|---|---|---|
| 30 | ശ്രീമതി ബിന്ദു റ്റി., കൊട്ടാരക്കര, കൊല്ലം | ഭർത്താവിനെതിരെ കേസ് എടുക്കുന്നതിന് വീഴ്ച വരുത്തിയ പോലീസ് ഉദ്യോഗസ്ഥനെതിരെ നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് സമർപ്പിച്ച പരാതി | 15756/ഡബ്ല്യു.സി. & പി.എച്ച്.ബി3/2017/നി.സെ. |
| 31 | ശ്രീമതി വിജയ, മലപ്പുറം | തിരുവനന്തപുരത്ത് സ്ഥിതിചെയ്യുന്ന 'അമ്മത്തൊട്ടിൽ' എന്ന സ്ഥാപനത്തിലെ കുട്ടികളുടെ സംരക്ഷണം ആവശ്യപ്പെട്ട് സമർപ്പിച്ച ഹർജി | 16883/ഡബ്ല്യു.സി. & പി.എച്ച്.ബി3/2017/നി.സെ. |
| 32 | ശ്രീമതി ഷിജിലി വി.കെ, കാസർഗോഡ് | മകനെ എൻഡോസൾഫാൻ ദുരിതബാധിതരുടെ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് സമർപ്പിച്ച ഹർജി | 21825/ഡബ്ല്യു.സി. & പി.എച്ച്.ബി3/2017/നി.സെ. |
| 33 | ശ്രീമതി സുബി, പാലക്കാട് | സ്വയംതൊഴിൽ ചെയ്യുന്നതിന് ധനസഹായം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് സമർപ്പിച്ച ഹർജി | 27561/ഡബ്ല്യു.സി. & പി.എച്ച്.ബി3/2017/നി.സെ. |
| 34 | ശ്രീമതി വിജയലക്ഷ്മി നായർ, പാലക്കാട് | ബി.പി.എൽ. റേഷൻ കാർഡും സംരക്ഷകയ്ക്ക് പെൻഷനും അനുവദിക്കണമെന്നാവശ്യപ്പെട്ട് സമർപ്പിച്ച ഹർജി | 27578/ഡബ്ല്യു.സി. & പി.എച്ച്.ബി3/2017/നി.സെ. |

| | | | |
|---|---|---|---|
| 35 | ശ്രീമതി രേഷ്മ, തൃശ്ശൂർ | ഭർത്താവിന്റെ നിയമവിരുദ്ധമായ രണ്ടാം വിവാഹം തടയുവാൻ നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് സമർപ്പിച്ച ഹർജി | 20587/ഡബ്ല്യു.സി.<br>&<br>പി.എച്ച്.ബി3/2018/നി.സെ. |
| 36 | ശ്രീ. കരിംകാരശ്ശേരി, കോഴിക്കോട് | കോഴിക്കോട് മെഡിക്കൽകോളേജിൽ ഹെമറ്റോളജിസ്റ്റിന്റെയും പീഡിയാട്രിക് ഓങ്കോളജിസ്റ്റിന്റെയും സേവനം ലഭ്യമാക്കണമെന്നാവശ്യ പ്പെട്ടുള്ള ഹർജി | 14668/ഡബ്ല്യു.സി.<br>&<br>പി.എച്ച്.ബി3/2008/നി.സെ. |
| 37 | ശ്രീ. അബ്ദുൾ ഖാദർ, കാസർഗോഡ് | എൻഡോസൾഫാൻ ദുരിതബാധിതരുടെ വിവിധ ആവശ്യങ്ങൾ സംബന്ധിച്ച് | 21063/ഡബ്ല്യൂ.സി<br>&<br>പി.എച്ച്.സി1/2013/നി.സെ. |
| 38 | ശ്രീ. ഐസക്, കോട്ടയം | 2004-06 കാലയളവിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം ലഭിച്ച മുഴുവൻ അംഗപരിമിതരേയും സ്ഥിരപ്പെടുത്തണമെന്നാവശ്യപ്പെട്ട് | 17153/ഡബ്ല്യൂ.സി<br>&<br>പി.എച്ച്.സി1/2014/നി.സെ. |
| 39 | ശ്രീമതി ടി. ടി. ജാനകി, കാസർഗോഡ് | എൻഡോസൾഫാൻ ദുരിത ബാധിതരുടെ ലിസ്റ്റിൽ ഉൾപ്പെടുത്തണമെന്നാവശ്യപ്പെട്ട് | 21733/ഡബ്ല്യൂ.സി<br>&<br>പി.എച്ച്.സി1/2014/നി.സെ. |
| 40 | ശ്രീ.വി.പി.സുകുമാരൻ, മലപ്പുറം | അംഗവൈകല്യം സംഭവിച്ചവർക്ക് താമസിച്ചു പഠിക്കുന്നതിനും തൊഴിൽ പരിശീലനത്തിനും സംവിധാനം ഏർപ്പെടുത്തണമെന്നാവശ്യപ്പെട്ട് | 13624/ഡബ്ല്യൂ.സി<br>&<br>പി.എച്ച്.സി1/2016/നി.സെ. |

| 1 | 2 | 3 | 4 |
|---|---|---|---|
| 41 | ശ്രീ. ഷൈജു. വി. എസ്<br>തിരുവനന്തപുരം | കുട്ടിയെ വിട്ടുകിട്ടുന്നതിനുവേണ്ടി<br>സമർപ്പിച്ച പരാതി | 21743/ഡബ്ല്യൂ.സി.<br>&<br>പി.എച്ച്.സി1/2016/നി.സെ. |
| 42 | ശ്രീ. എസ്. സുരേഷ്കുമാർ,<br>ആലപ്പുഴ | സ്ഥിരജോലി<br>ലഭ്യമാക്കണമെന്നാവശ്യപ്പെട്ട്<br>സമർപ്പിച്ച ഹർജി | 14586/ഡബ്ല്യൂ.സി.<br>&<br>പി.എച്ച്.സി1/2017/നി.സെ. |
| 43 | ശ്രീമതി ശാരി, കൊല്ലം | ഭർതൃപീഡനത്തിനെതിരെ<br>നിയമനടപടി ആവശ്യപ്പെട്ട്<br>സമർപ്പിച്ച പരാതി | 15592/ഡബ്ല്യൂ.സി.<br>&<br>പി.എച്ച്.സി1/2017/നി.സെ. |
| 44 | ശ്രീ.മുഹമ്മദ് കുഞ്ഞി,<br>കാസർഗോഡ് | ജോലി ലഭ്യമാക്കണമെന്നാവശ്യപ്പെട്ട്<br>സമർപ്പിച്ച പരാതി | 21717/ഡബ്ല്യൂ.സി.<br>&<br>പി.എച്ച്.സി1/2017/നി.സെ. |
| 45 | സ്വമേധയാ സ്വീകരിച്ച പരാതി | സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന<br>മതപഠന/ മതപരിവർത്തന/<br>കൗൺസി ലിംഗ് കേന്ദ്രങ്ങളിൽ<br>സ്ത്രീകളും കുട്ടികളും നേരിടുന്ന പീഡനം<br>സംബന്ധിച്ച പഠനം | 23509/ഡബ്ല്യൂ.സി.<br>&<br>പി.എച്ച്.സി1/2017/നി.സെ. |
| 46 | ശ്രീ.ഗണേഷ് ബാബു,<br>കൊല്ലം | ജോലി സ്ഥിരപ്പെടുത്തണമെന്നാ<br>വശ്യപ്പെട്ട് സമർപ്പിച്ച പരാതി | 17064/ഡബ്ല്യൂ.സി.<br>&<br>പി.എച്ച്.സി1/2018/നി.സെ. |
| 47 | ശ്രീ.അബ്ദുൾ റഹിമാൻ,<br>കാസർഗോഡ് | മകളെ എൻഡോസൾഫാൻ ലിസ്റ്റിൽ<br>ഉൾപ്പെടുത്തണമെന്നാവശ്യപ്പെട്ട്<br>സമർപ്പിച്ച പരാതി | 17657/ഡബ്ല്യൂ.സി.<br>&<br>പി.എച്ച്.സി1/2018/നി.സെ. |

| | | | |
|---|---|---|---|
| 48 | ശ്രീ. ജോയ് പി. ഒ., തൃശ്ശൂർ | 40% കാഴ്ചവൈകല്യമുള്ള വർക്ക് വികലാംഗർക്കുള്ള ആനുകൂല്യം ലഭ്യമാക്കണ മെന്നാവശ്യപ്പെട്ട് സമർപ്പിച്ച പരാതി | 6068/ഡബ്ല്യൂ.സി. & പി.എച്ച്.സി2/2006/നി.സെ. |
| 49 | ശ്രീ. സി. ഗണേശൻ, കാസർഗോഡ് | കോടോംബേളൂർ പഞ്ചായത്തിലെ എൻഡോസൾഫാൻ ദുരിതബാധിതരുടെ അവകാശ നിഷേധം സംബന്ധിച്ച് സമർപ്പിച്ച ഹർജി | 21394/ഡബ്ല്യൂ.സി. & പി.എച്ച്.സി2/2006/നി.സെ. |
| 50 | ശ്രീ. എസ്. യോഹന്നാൻ മുതൽപേർ, ഇടുക്കി | തൊഴിലാളികളുടെ വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് സമർപ്പിച്ച ഹർജി | 16405/ഡബ്ല്യൂ.സി. & പി.എച്ച്.സി2/2014/നി.സെ. |
| 51 | ശ്രീമതി മേരി കെ., ശ്രീമതി സോണി വിൻസെന്റ് മുതൽപേർ | കൗൺസിലർമാരെ സ്കൂളുകളിൽ സ്ഥിരപ്പെടുത്തണമെന്നാവശ്യപ്പെട്ട് സമർപ്പിച്ച ഹർജി | 24973/ഡബ്ല്യൂ.സി. & പി.എച്ച്.സി2/2015/നി.സെ. |
| 52 | ശ്രീമതി ശാന്ത, കൊല്ലം | താമസിക്കാൻ ഒരിടം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് സമർപ്പിച്ച ഹർജി | 23157/ഡബ്ല്യൂ.സി. & പി.എച്ച്.സി2/2016/നി.സെ. |
| 53 | ശ്രീമതി ഫാത്തിബി, കാസർഗോഡ് | ബുദ്ധിമാന്ദ്യമുള്ള മകന്റെ ചികിത്സയ്ക്ക് പണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് സമർപ്പിച്ച ഹർജി | 21720/ഡബ്ല്യൂ.സി. & പി.എച്ച്.സി2/2017/നി.സെ. |
| 54 | ശ്രീമതി ഐശ്വര്യ കെ. ആർ., പാലക്കാട് | വീടും ജോലിയും ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് സമർപ്പിച്ച ഹർജി | 27559/ഡബ്ല്യൂ.സി. & പി.എച്ച്.സി2/2017/നി.സെ. |

| 1 | 2 | 3 | 4 |
|---|---|---|---|
| 55 | ശ്രീമതി ഷൈല രാമചന്ദ്രൻ, പാലക്കാട് | വികലാംഗനായ മകന് പെൻഷൻ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് സമർപ്പിച്ച ഹർജി | 27571/ഡബ്ല്യു.സി.<br>&<br>പി.എച്ച്.സി2/2017/നി.സെ. |
| 56 | ശ്രീ. അബ്ദുറഹിമാൻ, പാലക്കാട് | അംഗപരിമിതരായ കുട്ടികളുടെ സ്കോളർഷിപ്പ് തുക പരിഷ്കരിക്കണമെന്നാവശ്യപ്പെട്ട് സമർപ്പിച്ച പരാതി | 27582/ഡബ്ല്യു.സി.<br>&<br>പി.എച്ച്.സി2/2017/നി.സെ. |
| 57 | സമിതിയോഗ തീരുമാനം | പ്രളയ ബാധിത ജില്ലകളിലെ സ്കൂളുകളിൽ കൂടുതൽ കൗൺസിലർമാരെ നിയമിക്കണമെന്ന ആവശ്യം | 23404/ഡബ്ല്യു.സി.<br>&<br>പി.എച്ച്.സി2/2018/നി.സെ. |
| 58 | ശ്രീമതി ബിന്ദു.ആർ. തിരുവനന്തപുരം | മദ്യപിച്ചുവന്ന് സ്ത്രീധനം ആവശ്യപ്പെട്ട് ക്രൂരമായി മർദ്ദിക്കുന്നതിനെതിരെ മാതൃകാപരമായ ശിക്ഷ വാങ്ങി നൽകാൻ സഹായിക്കണമെന്നാവശ്യപ്പെട്ട് | 17270/ഡബ്ല്യു.സി.<br>&<br>പി.എച്ച്.സി3/2017/നി.സെ. |
| 59 | ഡോ. ശീതൾ, കൊല്ലം | അദ്ധ്യാപകൻ ലൈംഗികമായി പീഡിപ്പിച്ചു എന്ന് ആരോപിച്ച് സമർപ്പിച്ച പരാതി | 15593/ഡബ്ല്യു.സി.<br>&<br>പി.എച്ച്.സി3/2018/നി.സെ. |
| 60 | ശ്രീമതി ശോഭന, ആലപ്പുഴ | കുട്ടിയുടെ സംരക്ഷണവും കുട്ടിയെ അമ്മയ്ക്ക് വിട്ടുകിട്ടുന്നതിന് നടപടിയും ആവശ്യപ്പെട്ട് സമർപ്പിച്ച പരാതി | 15386/ഡബ്ല്യു.സി.<br>&<br>പി.എച്ച്.സി3/2017/നി.സെ. |

## ആഭ്യന്തര വകുപ്പ്

| ക്രമ നമ്പർ | ഹർജിക്കാരൻ/ ഹർജിക്കാരിയുടെ പേര് | ഹർജി വിഷയം | ഫയൽ നമ്പർ |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | ശ്രീ. പി. കെ. രാമൻ, സ്റ്റേറ്റ് പ്രസിഡന്റ് ദളിത് മഹാസഭ, രാജപുരം പി.ഒ, കാസർഗോഡ് | പോക്സോ കേസ്സുകൾ സമൻസുകൾ പോലിസ് മനഃപ്പൂർവ്വം വൈകിപ്പിക്കുന്നതിനെതിരെ നടപടി ആവശ്യപ്പെട്ട് | 21731/ഡബ്ല്യൂ. & പി.എച്ച്.എ 1/2017/നി.സെ. |
| 2 | ശ്രീ.രതീഷ് നാരായണൻ, പത്തനംതിട്ട | ഗാർഹിക പീഡന നിരോധന നിയമപ്രകാരം സംരക്ഷണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് | 16619/ഡബ്ല്യൂ. & പി.എച്ച്.എ 1/2018/നി.സെ. |
| 3 | ഷീബ പി. ജി, ആലപ്പുഴ | കോടതിയിൽ നിന്നും റെസിഡന്റ് ഓഡർ, പ്രൊട്ടക്ഷൻ ഓഡർ എന്നിവ ലഭ്യമാക്കുന്നതിനാവശ്യ മായ നടപടികൾ സ്വീകരിക്കണമെന്നാവശ്യപ്പെട്ട് | 18726/ഡബ്ല്യൂ. & പി.എച്ച്.എ 1/2018/നി.സെ. |
| 4 | ശ്രീമതി ഗൗരി, വർക്കല | പുരയിടത്തിൽ അന്യായമായി എതിർകക്ഷികൾ സഞ്ചരിക്കുന്നത് അവസാനിപ്പിക്കുന്നതിനുള്ള പോലീസ് സംരക്ഷണം ആവശ്യപ്പെട്ട് | 21771/ഡബ്ല്യൂ. & പി.എച്ച്.എ 2/2013/നി.സെ. |
| 5 | ശ്രീമതി ഷൈമ, കൊട്ടാരക്കര | വ്യാജ എഫ്.ഐ.ആർ. റദ്ദ് ചെയ്യുന്നതിന് നടപടി ആവശ്യപ്പെട്ട് | 11968/ഡബ്ല്യൂ. & പി.എച്ച്.എ 2/2014/നി.സെ. |

| 1 | 2 | 3 | 4 |
|---|---|---|---|
| 6 | ശ്രീമതി പ്രസന്നകുമാരി, കോഴിക്കോട് | തന്റെ പേരിൽ ചാർജ്ജ് ചെയ്തിട്ടുള്ള കള്ളക്കേസ് പുനരന്വേഷണം നടത്തി നീതി നടപ്പിലാക്കണമെ ന്നാവശ്യപ്പെട്ട് | 13237/ഡബ്ല്യൂ. & പി.എച്ച്.എ 2/2014/നി.സെ. |
| 7 | ശ്രീമതി കല്ലപുരയിൽ നാരായണി, കോഴിക്കോട് | വീട്ടിലേക്ക് നടന്ന് പോകാൻ വഴി ലഭ്യമാക്കണമെന്നാ വശ്യപ്പെട്ട് | 24276/ഡബ്ല്യൂ. & പി.എച്ച്.എ 2/2015/നി.സെ. |
| 8 | ശ്രീമതി ഉമൈബാബീവി, തിരുവനന്തപുരം | അക്രമികളിൽ നിന്നും തനിക്കും കുടുംബത്തിനും സംരക്ഷണവും അക്രമികൾക്കെതിരെ നടപടി സ്വീകരിക്കാതിരുന്ന പോലീസ് ഉദ്യോഗസ്ഥർക്കെതിരെ നടപടിയും ആവശ്യപ്പെട്ട് | 23399/ഡബ്ല്യൂ. & പി.എച്ച്.എ 2/2016/നി.സെ. |
| 9 | ശ്രീ.ജോൺ സെബാസ്റ്റ്യൻ, കാസർഗോഡ് | നീതി ലഭ്യമാക്കണമെ ന്നാവശ്യപ്പെട്ട് സമർപ്പിച്ച പരാതി. | 17860/ഡബ്ല്യു. & പി.എച്ച്.എ 3/2015/നി.സെ. |
| 10 | ശ്രീമതി മഞ്ജുഷ തിരുവനന്തപുരം | നീതി ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് സമർപ്പിച്ച പരാതി. | 22843/ഡബ്ല്യു. & പി.എച്ച്.എ 3/2015/നി.സെ. |
| 11 | സമിതി സ്വമേധയാ സ്വീകരിച്ച പരാതി | വടക്കാഞ്ചേരി മുൻസിപ്പൽ കൗൺസിലർ ഉൾപ്പെടെയുള്ളവർ ചേർന്ന് വീട്ടമ്മയെ കൂട്ടബലാൽസംഗത്തിനിരയാക്കി എന്ന പത്ര വാർത്തയിൽ സമിതി സ്വമേധയാ സ്വീകരിച്ച പരാതി സംബന്ധിച്ച് | 21971/ഡബ്ല്യൂ & പി.എച്ച്.എ 3/2016/നി.സെ. |

| | | | |
|---|---|---|---|
| 12 | ശ്രീമതി ഷൈല കൊല്ലം | മകൾ ആത്മഹത്യ ചെയ്ത സംഭവത്തിൽ സത്യസന്ധമായ അന്വേഷണം ആവശ്യപ്പെട്ട് സമർപ്പിച്ച ഹർജി | 14937/ഡബ്ല്യു സി & പി.എച്ച്.എ 3/2018/നി.സെ. |
| 13 | ശ്രീമതി എസ്. ശാന്തകുമാരി, കൊല്ലം | അയൽവാസിയുടെ പീഡനങ്ങളിൽ നിന്നും രക്ഷിക്കണമെന്നാവശ്യപ്പെട്ട് | 12978/ഡബ്ല്യു.സി. & പി.എച്ച്.ബി1/2012/നി.സെ. |
| 14 | ശ്രീമതി ലില്ലി, തിരുവനന്തപുരം | മകന്റെ കൊലപാതകം സംബന്ധിച്ച കേസിൽ തുടർനടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് | 21812/ഡബ്ല്യു.സി. & പി.എച്ച്.ബി1/2015/നി.സെ. |
| 15 | ശ്രീമതി റുക്കിയ, തൃശ്ശൂർ | പണം തട്ടിയെടുത്ത എതിർകക്ഷികൾക്കെതിരെ നടപടി ആവശ്യപ്പെട്ട്. | 17883/ഡബ്ല്യു.സി. & പി.എച്ച്.ബി1/2018/നി.സെ. |
| 16 | ശ്രീമതി രമണി, കൊട്ടാരക്കര | ജീവനും സ്വത്തിനും സംരക്ഷണം ആവശ്യപ്പെട്ട് സമർപ്പിച്ച ഹർജി സംബന്ധിച്ച് | 20330/ഡബ്ല്യൂസി & പി.എച്ച്.ബി2/2018/നി.സെ. |
| 17 | ശ്രീമതി പ്രസന്നകുമാരി, ആലപ്പുഴ | തന്റെ മകളുടെ മരണത്തിന് ഉത്തരവാദിയായ മരുമകനെതിരെ നടപടി ആവശ്യപ്പെട്ട് സമർപ്പിച്ച ഹർജി സംബന്ധിച്ച് | 14780/ഡബ്ല്യൂസി & പി.എച്ച്.ബി2/2018/നി.സെ. |
| 18 | ശ്രീമതി സജീന, കൊല്ലം | ജീവനും സ്വത്തിനും സംരക്ഷണം ആവശ്യപ്പെട്ട് സമർപ്പിച്ച ഹർജി സംബന്ധിച്ച് | 16577/ഡബ്ല്യൂസി & പി.എച്ച്.ബി2/2016/നി.സെ. |
| 19 | ശ്രീ. ഷിബു എം., കൊല്ലം | ഡോക്ടറുടെ അനാസ്ഥമൂലം നവജാത ശിശു മരണപ്പെട്ടത് സംബന്ധിച്ച് | 19932/ഡബ്ല്യൂസി & പി.എച്ച്.ബി2/2016/നി.സെ. |

| 1 | 2 | 3 | 4 |
|---|---|---|---|
| 20 | ശ്രീമതി വൽസല, പത്തനംതിട്ട | എതിർകക്ഷികൾ വഴി കെട്ടി അടച്ചതിനെതിരെ നടപടി ആവശ്യപ്പെട്ട് സമർപ്പിച്ച പരാതി | 12290/ഡബ്ല്യ.സി. & പി.എച്ച്.ബി3/2010/നി.സെ. |
| 21 | ശ്രീമതി എലിസബത്ത് റ്റി. എൻ., കാരംകോട്, കൊല്ലം | ജീവനും സ്വത്തിനും സംരക്ഷണം നൽകണമെന്നാവശ്യപ്പെട്ട് സമർപ്പിച്ച ഹർജി | 16755/ഡബ്ല്യ.സി. & പി.എച്ച്.ബി3/2015/നി.സെ. |
| 22 | ശ്രീമതി ബീനാകുമാരി, പൂയപ്പള്ളി, കൊല്ലം | സ്ത്രീകൾക്കെതിരെ കുറ്റകൃത്യം ചെയ്ത കക്ഷികളെ നിയമത്തിൽ നിന്നും രക്ഷപ്പെടുത്തുന്നതി നായി ഔദ്യോഗിക പദവി ദുരുപയോഗം ചെയ്ത ഉദ്യോഗസ്ഥർക്കെതിരെ ശിക്ഷാ നടപടി സ്വീകരിക്കണമെന്നാവശ്യ പ്പെട്ട് സമർപ്പിച്ച ഹർജി | 17931/ഡബ്ല്യ.സി. & പി.എച്ച്.ബി3/2015/നി.സെ. |
| 23 | ശ്രീ. ബോബിൻ ആന്റണി, പാലക്കാട് | ഡോക്ടർമാരുടെ അനാസ്ഥമൂലം കുട്ടി മരിക്കാനിടയായ സംഭവത്തിൽ ഡോക്ടർമാരുടെയും ആശുപത്രി അധികൃതരുടെയും പേരിൽ കേസ് ചാർജ് ചെയ്യണമെന്നും ചികിത്സ സംബന്ധിച്ച മെഡിക്കൽ രേഖകൾ ലഭ്യമാക്കുന്ന തിന് നടപടി സ്വീകരിക്ക ണമെന്നും ആവശ്യപ്പെട്ട് സമർപ്പിച്ച പരാതി | 13948/ഡബ്ല്യ.സി. & പി.എച്ച്.ബി3/2016/നി.സെ. |
| 24 | ശ്രീമതി രാജി, ഉടുമ്പൻചോല, ഇടുക്കി | കോടതിവിധി പ്രകാരം അനുവദിച്ച തുകയും സ്വർ ണ്ണവും എതിർക ക്ഷിയിൽ നിന്നും ഈടാക്കുന്നതിന് നടപടി സ്വീകരിക്കണമെ ന്നാവശ്യപ്പെട്ട് സമർപ്പിച്ച പരാതി | 21712/ഡബ്ല്യ.സി. & പി.എച്ച്.ബി3/2016/നി.സെ. |

| | | | |
|---|---|---|---|
| 25 | ശ്രീമതി ബിന്ദു, എടത്വ, ആലപ്പുഴ | വഴിയോരതട്ടുകട സംരക്ഷിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് സമർപ്പിച്ച ഹർജി | 14563/ഡബ്ല്യു.സി. & പി.എച്ച്.ബി3/2017/നി.സെ. |
| 26 | ശ്രീമതി ശ്രീമതി, ചിറയിൻകീഴ്, തിരുവനന്തപുരം | എതിർകക്ഷിയുടെ പേരിൽ കേസ് രജിസ്റ്റർ ചെയ്ത് നടപടിയെടുക്കണമെന്നാവശ്യപ്പെട്ട് സമർപ്പിച്ച ഹർജി | 15026/ഡബ്ല്യു.സി. & പി.എച്ച്.ബി3/2017/നി.സെ. |
| 27 | ശ്രീമതി ബിന്ദു റ്റി., കൊട്ടാരക്കര, കൊല്ലം | ഭർത്താവിനെതിരെ കേസ് എടുക്കുന്നതിന് വീഴ്ച വരുത്തിയ പോലീസ് ഉദ്യോഗസ്ഥനെതിരെ നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് സമർപ്പിച്ച ഹർജി | 15756/ഡബ്ല്യു.സി. & പി.എച്ച്.ബി3/2017/നി.സെ. |
| 28 | ശ്രീമതി കുഞ്ഞുമോൾ, കൊട്ടാരക്കര, കൊല്ലം | അനധികൃത മതിൽ നിർമ്മാണം നിർത്തിവയ്ക്കുന്നതിനും വഴിസൗകര്യം നിലനിർത്തുന്നതിനും നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് സമർപ്പിച്ച ഹർജി | 22912/ഡബ്ല്യു.സി. & പി.എച്ച്.ബി3/2017/നി.സെ. |
| 29 | ശ്രീമതി അശ്വതി, ആലപ്പുഴ | നിരപരാധിയായ ഭർത്താവിനെ മർദ്ദിച്ച പോലീസുകാർക്കെതിരെ നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് സമർപ്പിച്ച ഹർജി | 15781/ഡബ്ല്യു.സി. & പി.എച്ച്.ബി3/2018/നി.സെ. |

| 1 | 2 | 3 | 4 |
|---|---|---|---|
| 30 | ശ്രീമതി രേഷ്മ, തൃശ്ശൂർ | ഭർത്താവിന്റെ നിയമ വിരുദ്ധമായ രണ്ടാം വിവാഹം തടയുവാൻ നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് സമർപ്പിച്ച ഹർജി | 20587/ഡബ്ല്യൂ.സി. & പി.എച്ച്.ബി3/2018/നി.സെ. |
| 31 | സമിതി സ്വമേധയാ സ്വീകരിച്ച പരാതി | യുവതി കഴുത്തിൽ മുറിവേറ്റ മരിച്ച സംഭവം-പത്രവാർത്തയുടെ അടിസ്ഥാനത്തിൽ സ്വീകരിച്ച പരാതി | 20244/ഡബ്ല്യൂ.സി. & പി.എച്ച്.സി.1/2016/നി.സെ. |
| 32 | ശ്രീ. ഷൈജു, തിരുവനന്തപുരം | കുട്ടിയെ വിട്ടുകിട്ടുന്നതിനു വേണ്ടി സമർപ്പിച്ച പരാതി | 21743/ഡബ്ല്യൂ.സി. & പി.എച്ച്.സി.1/2016/നി.സെ. |
| 33 | ശ്രീമതി ശാരി, കൊല്ലം | ഭർതൃപീഡനത്തിനെതിരെ നിയമ നടപടി ആവശ്യപ്പെട്ട് സമർപ്പിച്ച പരാതി | 15592/ഡബ്ല്യൂ.സി. & പി.എച്ച്.സി.1/2017/നി.സെ. |
| 34 | സമിതി സ്വമേധയാ സ്വീകരിച്ച പരാതി | സംസ്ഥാനത്ത് പ്രവർത്തിച്ച് വരുന്ന മതപഠന/ മതപരിവർത്തന/കൗൺസിലിംഗ് കേന്ദ്രങ്ങളിൽ സ്ത്രീകളും കുട്ടികളും നേരിടുന്ന പീഡനം സംബന്ധിച്ച പഠനം | 23509/ഡബ്ല്യൂ.സി. & പി.എച്ച്.സി.1/2017/നി.സെ. |
| 35 | ശ്രീമതി ബിന്ദു, തിരുവനന്തപുരം | സ്വൈരമായി ജീവിക്കാനുള്ള സാഹചര്യം സൃഷ്ടിക്കണ മെന്നാവശ്യപ്പെട്ട് സമർപ്പിച്ച പരാതി | 14143/ഡബ്ല്യൂ.സി. & പി.എച്ച്.സി.1/2018/നി.സെ. |
| 36 | ശ്രീമതി ലൈലാ ബീവി, പള്ളിക്കൽ | വിവാഹത്തിന് നൽകിയ സ്ത്രീധനം തിരികെ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് സമർപ്പിച്ച പരാതി | 16137/ഡബ്ല്യൂ.സി. & പി.എച്ച്.സി.3/2010/നി.സെ. |
| 37 | ശ്രീമതി രാധ, നെടുമങ്ങാട് | നീതി ലഭ്യമാക്കണമെ ന്നാവശ്യപ്പെട്ട് സമർപ്പിച്ച പരാതി | 21466/ഡബ്ല്യൂ.സി. & പി.എച്ച്.സി.3/2014/നി.സെ. |

| | | | |
|---|---|---|---|
| 38 | ശ്രീമതി സതീദേവി.കെ, കരമന, തിരുവനന്തപുരം | അനധികൃതമായി സ്ഥാപിച്ച കെട്ടിടം പൊളിച്ചുനീക്കണമെന്നാവശ്യപ്പെട്ട് സമർപ്പിച്ച പരാതി | 25333/ഡബ്ല്യു.സി. & പി.എച്ച്.സി.3/2015/നി.സെ. |
| 39 | ശ്രീമതി എലിസബത്ത്, കൊല്ലം | ജീവനും സ്വത്തിനും ഭീഷണിയുണ്ടെന്നും ആവശ്യമായ നടപടിയെടുക്കണമെന്നുമാവശ്യപ്പെട്ട് സമർപ്പിച്ച പരാതി | 16080/ഡബ്ല്യു.സി. & പി.എച്ച്.സി.3/2017/നി.സെ. |
| 40 | ശ്രീമതി ബിന്ദു.ആർ., തിരുവനന്തപുരം | മദ്യപിച്ചുവന്ന് സ്ത്രീധനം ആവശ്യപ്പെട്ട് ക്രൂരമായി മർദ്ദിക്കുന്നതിനെതിരെ മാതൃകാപരമായ ശിക്ഷ വാങ്ങി നൽകാൻ സഹായിക്കണമെന്നാവശ്യപ്പെട്ട് സമർപ്പിച്ച പരാതി | 17270/ഡബ്ല്യു.സി. & പി.എച്ച്.സി.3/2017/നി.സെ. |
| 41 | ശ്രീമതി അയിഷ യു. എസ്., തൊടുപുഴ | തൊടുപുഴ സി.ഐ. എം. ജി. ശ്രീമോന്റെ നേതൃത്വത്തിൽ വീട്ടിൽ അതിക്രമിച്ചു കയറുകയും വീട്ടിലെ വിലപ്പെട്ട സാധനങ്ങൾ എടുക്കുകയും പിതാവിനെ പിടിച്ചുകൊണ്ടു പോവുകയും ചെയ്തുവെന്ന് ആരോപിച്ച് ലഭ്യമാക്കിയ പരാതി | 23208/ഡബ്ല്യു.സി. & പി.എച്ച്.സി.3/2017/നി.സെ. |
| 42 | ശ്രീമതി രതി ദിവാകരൻ, എറണാകുളം | മകൻ വിഷ്ണുദത്തിന്റെ ദുരൂഹ മരണത്തിൽ പോലീസ് സ്റ്റേഷനിൽനിന്നും വിവരം നൽകുന്നില്ലെന്നും പുനരന്വേഷണം നടത്തണമെന്നുമാവശ്യപ്പെട്ട് സമർപ്പിച്ച പരാതി | 25220/ഡബ്ല്യു.സി. & പി.എച്ച്.സി.3/2017/നി.സെ. |

| 1 | 2 | 3 | 4 |
|---|---|---|---|
| 43 | ഡോ.ശീതൾ, കൊല്ലം | അദ്ധ്യാപകൻ ലൈംഗിക മായി പീഡിപ്പിച്ചു എന്ന് ആരോപിച്ച് സമർപ്പിച്ച പരാതി | 15593/ഡബ്ല്യു.സി. & പി.എച്ച്.സി.3/2018/നി.സെ. |
| 44 | ശ്രീമതി ശോഭന, ആലപ്പുഴ | കുട്ടിയുടെ സംരക്ഷണവും കുട്ടിയെ അമ്മയ്ക്ക് വിട്ടുകിട്ടുന്നതിന് നടപടിയും ആവശ്യപ്പെട്ട് സമർപ്പിച്ച പരാതി | 15386/ഡബ്ല്യു.സി. & പി.എച്ച്.സി.3/2017/നി.സെ. |
| 45 | ശ്രീമതി ത്രേസ്യാ സെബാസ്റ്റ്യൻ, വയനാട് | ജീവനും സ്വത്തിനും സംരക്ഷണം ആവശ്യപ്പെട്ട് സമർപ്പിച്ച പരാതി | 20964/ഡബ്ല്യു.സി. & പി.എച്ച്.സി.3/2013/നി.സെ. |

**തദ്ദേശസ്വയംഭരണ വകുപ്പ്**

| ക്രമ നമ്പർ | ഹർജിക്കാരൻ/ഹർജിക്കാരിയുടെ പേര് | ഹർജി വിഷയം | ഫയൽ നമ്പർ |
|---|---|---|---|
| 1 | 2 | 3 | 4 |
